ഫെബ്രുവരി 2017

ജീവനും വെളിച്ചവും

Price 25



ദൈവീക ഛായയിൽ സഹവസിക്കുന്ന
ഭാര്യയും ഭർത്താവും മക്കളും 'ഭവനത്തിൽ ഫലസമൃദ്ധമായ മുന്തിരിപോലെയും,
മേശക്ക് ചുറ്റും ഒരുക്കപ്പെട്ട ഒലിവ് തൈകൾ പോലെയും
(സങ്കീ. 128:3) ആയിരിക്കും

മെത്രാഭിഷേകത്തിന്റെ 27-ാം വാർഷികം ആഘോഷിക്കുന്ന
അഭിവന്ദ്യ ആർച്ച്ബിഷപ്പ് ഡോ.സൂസപാക്യം പിതാവിന്
അതിരൂപതാ മക്കളുടെ സ്നേഹം നിറഞ്ഞ പ്രാർത്ഥനാശംസകൾ...

ജീവനും വെളിച്ചവും

തിരുവനന്തപുരം
ലത്തീൻ അതിരൂപത
പ്രസിദ്ധീകരണം

2017 ഫെബ്രുവരി
പുസ്തകം - 41 ലക്കം - 2
വില 25 രൂപ (വാർഷിക വരിസംഖ്യ: 300 രൂപ)

ആർച്ച്ബിഷപ്സ് ഹൗസ്
വെള്ളയമ്പലം, തിരുവനന്തപുരം-695 003.
ഫോൺ: 2724001.
www.latinarchdiocesetrivandrum.org
jeevanumvelichavum@gmail.com

രക്ഷാധികാരി
മോസ്റ്റ് റവ. ഡോ. സൂസപാക്യം
സഹ രക്ഷാധികാരി
റൈറ്റ് റവ. ഡോ. ക്രിസ്തുദാസ്
മോൺ. യൂജിൻ എച്ച് പെരേര
ഉപദേശക സമിതി
മോൺ. വിൽഫ്രഡ് ഇ.
മോൺ. നിക്കോളാസ് റ്റി.
ഫാ. ഇഗ്നാസി രാജശേഖർ
ഫാ. ലോറൻസ് കുലാസ്
ഫാ. ശാന്തപ്പൻ എം.
ഫാ. ലെനിൻ രാജ്
ഫാ. മൈക്കിൾ തോമസ്
ഫാ. തീയോഡേഷ്യസ് ഡിക്രൂസ്
എം. ആർക്കാഞ്ചലോ
പി. ശശിധരൻ
എഡിറ്റർ ഇൻ-ചാർജ്
മോൺ. തോമസ് ജെ. നെറ്റോ
സഹ പത്രാധിപർ
ഫാ. വിക്ടർ എവരിസ്റ്റസ്
അഗസ്റ്റിൻ കണിപ്പിള്ളി
പത്രാധിപ സമിതി
ഡോ. ഐറിസ്
ലോറൻസ് ഫെർണാണ്ടസ്
സി. ലിസ്യൂ വർഗ്ഗീസ് എസ്.വി.സി.
അഡ്വ. എം.എ.ഫ്രാൻസിസ്
ബർണാഡ് മൊറായിസ് ജെ.
ലിസ്ബ യേശുദാസ്
ഓഫീസ് നിർവ്വഹണം
സി. ലീല മൂഴയിൽ ഡി.എസ്.പി
രൂപകല്പന
സുനിൽകുമാർ

മുഖവിചാരം

കുടുംബം: ദൈവസ്നേഹത്തിന്റെ ഇടം

ഒക്ടോബർ മാസം വല്ലാർപാടത്ത് കേരളത്തിലെ ലത്തീൻസഭ സംഘടിപ്പിക്കുന്ന 'മിഷൻ കോൺഗ്രസ് - ബിസിസി സംഗമത്തിന്റെ അടുത്ത ഒരുക്കമായി ഫെബ്രുവരി മാസം കുടുംബങ്ങൾക്കായി കരുതുകയാണ്. ആധുനിക കുടുംബങ്ങളുടെ സ്ഥിതി നെഞ്ചിലേറ്റിയ പരിശുദ്ധ ഫ്രാൻസിസ് പാപ്പ തന്റെ പരമാചാര്യ ശുശ്രൂഷയുടെ 2-ാം വർഷമായ 2014 ഒക്ടോബറിൽ 'സുവിശേഷവൽക്കരണത്തിന്റെ പശ്ചാത്തലത്തിൽ കുടുംബങ്ങൾ നേരിടുന്ന അജപാലന വെല്ലുവിളികൾ' എന്ന വിഷയത്തെ അധികരിച്ച് നടത്തിയ വിശേഷാൽ സിനഡും തുടർന്ന് 2015 ഒക്ടോബർ മാസം നടത്തിയ 'ആനുകാലിക ലോകത്തും, സഭയിലും കുടുംബത്തിന്റെ വിളിയും ദൗത്യവും' എന്ന വിഷയത്തെ അധികരിച്ച് നടത്തിയ സാധാരണ സിനഡും സഭാ ചരിത്രത്തിലെ തന്നെ അനിതരസാധാരണമായ സംഭവമാണ്. സിനഡാനന്തരം പാപ്പാ പുറപ്പെടുവിച്ച 'സ്നേഹത്തിന്റെ സന്തോഷം' എന്ന അപ്പസ്തോലിക ലേഖനം ആധുനിക കുടുംബങ്ങൾക്ക് സമ്മാനിക്കുന്ന സുവിശേഷമാണ്.

ദൈവസൃഷ്ടിയുടെ മകുടമാണ് മനുഷ്യൻ. മനുഷ്യൻ ഏകനായിരിക്കുന്നത് നന്നല്ല എന്ന് തിരിച്ചറിഞ്ഞ ദൈവം അവന് സഖിയെ നല്കി. മേലിൽ നിങ്ങൾ രണ്ടല്ല, ഒരു ശരീരമായി ത്രീത്വത്തിന്റെ മാതൃകയിൽ സഹവസിക്കണമെന്നും, സമഭാവനയിൽ കഴിയണമെന്നും ദൈവം നിശ്ചയിച്ചു. ദൈവീക ഛായയിൽ സഹവസിക്കുന്ന ഭാര്യയും ഭർത്താവും മക്കളും 'ഭവനത്തിൽ ഫലസമൃദ്ധമായ മുന്തിരിപോലെയും, മേശക്ക് ചുറ്റും ഒരുക്കപ്പെട്ട ഒലിവ് തൈകൾ പോലെയും (സങ്കീ. 128:3) ആയിരിക്കും എന്ന് സങ്കീർത്തകൻ ഉദ്ഘോഷിക്കുന്നു. ദൈവത്തിന്റെ ഛായയിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ട മനുഷ്യൻ വസിക്കുന്ന കുടുംബം ദേവാലയമായി മാറണം. കുടുംബങ്ങൾ ഗാർഹിക സഭയായും. ഒരു ഭവനത്തിൽ ക്രിസ്തു സാന്നിധ്യം നിറഞ്ഞുവസിക്കണം. വെളിപാട് പുസ്തകത്തിൽ പറയുന്നത്, 'ഇതാ ഞാൻ വാതിലിൽ മുട്ടുന്നു. ആരെങ്കിലും എന്റെ സ്വരം കേട്ട് വാതിൽ തുറന്നു തന്നാൽ ഞാൻ അവന്റെ അടുത്തേക്ക് വരും. ഞങ്ങൾ ഒരുമിച്ചു ഭക്ഷിക്കുകയും ചെയ്യും." (വെളി. 3:19-20) അങ്ങനെ കുടുംബങ്ങൾ യേശു വസിക്കുന്ന ഇടമായി മാറിയാൽ യേശുവിന്റെ സ്നേഹം ആ കുടുംബത്തിൽ നിറഞ്ഞുവസിക്കുകയും, കുടുംബാംഗങ്ങൾ സ്നേഹത്തിൽ ഒന്നാവുകയും, സ്നേഹത്തിന്റെ ആനന്ദം ദൃശ്യമാവുകയും ചെയ്യും.

- പത്രാധിപർ

പ്രതികരണങ്ങൾ

2017 തുടക്കം നന്നായി

വിഷയ വൈവിധ്യം കൊണ്ട് ശ്രദ്ധേയമാണ് ജീവനും വെളിച്ചവും 2017 ജനുവരിലക്കം. കവർ ചിത്രം പോലെ തന്നെ മികവാർന്നതായിരുന്നു ഉള്ളടക്കവും. ഒരു നല്ല നാളേക്കുവേണ്ടിയുള്ള മുന്നൊരുക്കം പോലെ തോന്നി ആശയാധിഷ്ഠിതമായ ഓരോ ലേഖനങ്ങളും. എങ്കിലും അജപാലനം എന്ത് എന്തിന് എങ്ങനെയെന്ന ഫാ. നിക്കോളാസ് താർസിയൂസിന്റെ ലേഖനം അവയിൽ മികച്ചതായിരുന്നുവെന്നകാര്യം പ്രത്യേകം പരാമർശിക്കട്ടെ. അജപാലനം എന്ന വാക്കിന്റെ ക്രിസ്തീയഭാഷ്യം അതിന്റെ തനതുശൈലിയിൽ പറഞ്ഞുവയ്ക്കാൻ ലേഖകന് കഴിഞ്ഞിട്ടുണ്ട്. പക്ഷേ, ഭാഷാ പ്രയോഗത്തിന്റെ കാർക്കശ്യം കാരണം വായനക്കാർക്ക് ലേഖനത്തിന്റെ ഉള്ളടക്കം എത്രമാത്രം ഉൾക്കൊള്ളാൻ കഴിഞ്ഞുവെന്നതിൽ സംശയമുണ്ട്. കുറച്ചുകൂടി ലളിതമായ ഭാഷാശൈലിയായിരുന്നു വേണ്ടിയിരുന്നത്. ഓരോ പ്രസിദ്ധീകരണവും അതിന്റെ വായനക്കാരന്റെ നിലവാരമനുസരിച്ചുള്ള ഭാഷ പ്രയോഗിക്കുന്നതല്ലെ നല്ലത്. എഡിറ്റോറിയൽ ബോർഡ് ഇക്കാര്യം ശ്രദ്ധിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

– ആന്റണി പാളയം

വൈദികർ അനുകരണീയ മാതൃകയാവണം

ജനുവരി ലക്കത്തിൽ 'അന്വേഷണ'ത്തിലെ ഫാ. ഡി. തോമസ് ഉൾപ്പെടെയുള്ളവരുടെ ലേഖനങ്ങൾ പുതുമയുള്ളതായിരുന്നു.

അജപാലന ശുശ്രൂഷയിലൂടെ സഭാ മക്കളുടെ സമഗ്രവളർച്ച രൂപതാ നേതൃത്വം സ്വപ്നം കാണുന്നുണ്ട്. പല കാരണങ്ങളാൽ സഭയിൽനിന്ന് വിട്ടുപോകുന്ന വിശ്വാസികളുടെ എണ്ണം വർധിക്കുന്നു. നമ്മുടെ വിശ്വാസികളുടെ ആത്മീയ നിലവാരവും അത്ര മെച്ചമല്ല. അഭിവന്ദ്യ പിതാക്കന്മാരും വൈദിക ശ്രേഷ്ഠരും സ്വപ്നം കാണുന്ന തരത്തിൽ അജപാലന ശുശ്രൂഷ സഭയിൽ വൻചലനം സൃഷ്ടിക്കുമെന്ന് തോന്നുന്നില്ല. അങ്ങനെയാണ് സമൂഹത്തിന്റെ പോക്ക്.

വൈദികരും സന്യാസിനികളും ആഡംബരം ഉപേക്ഷിച്ച് ലളിതജീവിതം നയിക്കുകയും പ്രസംഗിക്കുന്ന തിരുവചനാനുസൃതം ജീവിതം ക്രമീകരിച്ച് ഭക്തിയിൽ വിശ്വാസികൾക്ക് അനുകരണീയ മാതൃകയാവുകയും വേണം. നിസാര കാര്യങ്ങൾക്കുപോലും ഇടവകാംഗങ്ങളുടെ കൗദാശികാവശ്യങ്ങളെ അവഗണിക്കാതെ, നിയമക്കാർക്കശ്യത്തിൽ വലയ്ക്കാതെ കാരുണ്യത്തിന്റെ മുഖമായി സഭ മാറണം. അല്ലെങ്കിൽ ജനം മാറിപ്പോകും!

ശാലോം ജെറാൾഡ്.ബി

മാറ്റങ്ങൾ വേണം

'ജീവനും വെളിച്ചവും' കാലത്തിനനുസരിച്ചുള്ള മാറ്റങ്ങൾ ഉൾക്കൊള്ളുന്നുവെന്ന് മനസ്സിലാക്കുന്നു. ഓരോ ലക്കത്തിലെയും സൃഷ്ടികൾ അത്തരം സൂചനകളാണ് നൽകുന്നത്.

മാറ്റങ്ങൾ ലേഖനങ്ങളുടെ കാര്യത്തിൽ മാത്രം ഉണ്ടായാൽ പോരാ. വായനാസുഖം നൽകുന്നതും വിജ്ഞാനത്തിനും മാനസികോല്ലാസത്തിനും ഉപയുക്തമായ മറ്റുവിഭവങ്ങൾകൂടി ഓരോ ലക്കത്തിലും വേണം. മുൻകാലങ്ങളിൽ ഇത്തരത്തിലുള്ള ശ്രമങ്ങൾ ഉണ്ടായിരുന്നു. സ്ഥിരം പംക്തികളായി കഥയും അനുഭവങ്ങളും ജീവനും വെളിച്ചത്തിലൂടെ വെളിച്ചം കണ്ടിരുന്നു. ഇനിയും ഇത്തരത്തിൽ ആയിക്കൂടേ?

ശരൽ

പാഷാണം പോഷിണി !

നല്ലതു ദുഷിച്ചാൽ അതിന് ദുർഗന്ധമേറും എന്ന വർത്തമാനം നന്നായിരുന്നു. പറ്റിപ്പോയ കൈയബദ്ധത്തെ ഓർത്ത് മനോരമ ക്ഷമാപണം നടത്തിയ സാഹചര്യത്തിൽ അവർക്ക് മാപ്പു നൽകേണ്ടത് ക്രൈസ്തവ ധാർമ്മികതയല്ലേ? അന്ത്യത്താഴത്തെ അവഹേളിച്ചുകൊണ്ടുള്ള ചിത്രം വന്നെന്നുകരുതി ഭാഷാപോഷിണിയുടെ പ്രചാരം വർധിക്കുമെന്ന് തോന്നുന്നില്ല. നിലവാരത്തകർച്ചമൂലം പ്രചാരം കുറഞ്ഞ ഭാഷാപോഷിണിയെ 'നല്ലത്' എന്ന തരത്തിൽ ലേഖകൻ തലക്കെട്ടിൽ വാഴ്ത്തിയതിന്റെ പൊരുൾ മനസ്സിലാകുന്നില്ല. വർത്തമാനത്തിൽ ചർച്ച ചെയ്യാൻ തക്ക വാർത്താ പ്രാധാന്യം പ്രസ്തുത സംഭവത്തിനുണ്ടെന്നും തോന്നുന്നില്ല. വിശ്വാസികളിൽ നിന്നും എന്തെല്ലാം അവഹേളനം ക്രിസ്തുവിനുണ്ടാകുന്നു! സഭയുടെ ഉത്തരവാദപ്പെട്ട സ്ഥാനത്തിരിക്കുന്നവരിൽ നിന്നുപോലും വിശ്വാസത്തിന് ചേരാത്ത എന്തെല്ലാം ഉണ്ടാകുന്നു! അന്ത്യത്താഴത്തെ അവഹേളിച്ചതു വഴി ഭാഷാപോഷിണി 'പാഷാണം പോഷിണി'യായി എന്നതു വേറെ കാര്യം.

– വിയന്ന

താളുകളിൽ

ലേഖനം

6 കുടുംബം സഭാ പ്രബോധനങ്ങളിൽ
ഫാ. ജോസ് കോട്ടയിൽ

9 കുടുംബം കൂട്ടായ്മയുടെ ആലയം
ജോസഫ് വട്ടമല

16 കുടുംബ പ്രേഷിതത്വം: വിളിയും ഉത്തരവാദിത്വവും
ഫാ. എ.ആർ.ജോൺ

18 മതിലുകൾ പാലങ്ങൾക്ക് വഴിമാറട്ടെ
ടെറിൻ പള്ളിത്തുറ

20 കുടുംബം വിശുദ്ധിയുടെ വിളനിലം
രീഷ്മ

കവിത

11 ജൈത്രം
ജ്യോതിഷ.ജെ

12 ഡയറിക്കുറുപ്പുകൾ

സ്ഥിരം പംക്തികൾ

22 വർത്തമാനം
അഗസ്റ്റിൻ കണിപ്പിള്ളി

25 വാർത്തകൾ

32 നീർച്ചാലുകൾ

38 വചനജ്വാല

40 ഇളംതൂവൽ

ലേഖനം

ഫാ. ജോസ് കോട്ടയിൽ

കുടുംബം: സഭാ പ്രബോധനങ്ങളിൽ

വ്യക്തികളെന്ന നിലയിൽ നാം 'ദൈവച്ഛായ'കളാണെന്ന അവബോധത്തിലാണ് കുടുംബജീവിതത്തെക്കുറിച്ചുള്ള സഭയുടെ പ്രബോധനം അധിഷ്ഠിതമായിരിക്കുന്നത്. മനുഷ്യജീവിതത്തിൽ വൈയക്തിക സ്നേഹം പ്രധാനപ്പെട്ടതാണ്. സ്നേഹിക്കാനുള്ള വിളി നൈസർഗികവുമാണ്.

വിവാഹം ദൈവത്തിന്റെ ദാനമാണെന്നും അതു വലിയ നന്മയാണെന്നും ഉത്തരവാദിത്വത്തോടെ അതിനെ സമീപിക്കേണ്ടതാണെന്നും വചനം നമ്മെ പഠിപ്പിക്കുന്നു. വിവാഹം മരണം വരെയുള്ള ഒരു ബന്ധമാണ്. അത് അവിഭാജ്യവുമാണ്. വിവാഹത്തെക്കുറിച്ചുള്ള ഈശോയുടെ ഏറ്റവും പ്രധാനപ്പെട്ട കാഴ്ചപ്പാടിനെക്കുറിച്ച് പാപ്പ പറയുന്നു. വിവാഹം ഒരു നുകമല്ല, മറിച്ച് ഒരു വരദാനമാണ്. ദൈവം അങ്ങനെയാണ് വിവാഹത്തെ ഉദ്ദേശിച്ചിട്ടുള്ളത്. ഈശോമിശിഹാ വിവാഹത്തെ അതിന്റെ ആദിമമഹത്ത്വത്തിലേക്കും പരിശുദ്ധിയിലേക്കും ഉയർത്തി. ദമ്പതികളെ കൃപാവരങ്ങളാൽ പൂരിതമാക്കിക്കൊണ്ട് ഈശോ അവരെ അനുഗമിക്കുന്നു. വിവാഹം കൂദാശയായിരിക്കുന്നതിന്റെ അർത്ഥമിതാണ്. ഈശോയ്ക്ക് സഭയോടുള്ള സ്നേഹത്തിന്റെ അടയാളമായി വിവാഹം മാറുന്നു. പരമപരിശുദ്ധത്രിത്വത്തിന്റെ ആന്തരികജീവൻ തന്നെയായ സംസർഗത്തിന്റെ പ്രതിച്ഛായയുമാണ് വിവാഹം. ഈശോ തന്റെ പരസ്യജീവിതകാലത്ത് കുടുംബജീവിതത്തിന്റെ വിവിധ സാഹചര്യങ്ങളിൽ ഇടപെട്ട് അവരെ സഹായിക്കുന്നതിന്റെ ചിത്രം പാപ്പാ ഹ്രസ്വമായാണെങ്കിലും ഹൃദ്യതയോടെ വിവരിക്കുന്നുണ്ട്. പാപത്തിൽ ജീവിച്ചിരുന്നവരെ ഈശോ തന്റെ ഉദാരത നിറഞ്ഞ സ്നേഹത്തോടെയുള്ള കണ്ടുമുട്ടലിലൂടെ പാപബോധത്തിലേക്കും മാനസാന്തരത്തിലേക്കും നയിക്കുന്നതും നാം അവിടെ കാണുന്നു.

ഈശോയുടെ ജനനത്തെയും വളർച്ചയെയും കുറിച്ചുള്ള വിവരണത്തിൽ - അത് വിവിധങ്ങളായ പ്രത്യാശകളും ആശങ്കകളും കൊണ്ട് നിറഞ്ഞതാണ് - കുടുംബജീവിതത്തിന്റെ സൗന്ദര്യം പ്രകടമാകുന്നുണ്ടെന്ന് മാർപാപ്പാ നിരീക്ഷിക്കുന്നു. തിരുക്കുടുംബം പരിമിതികളിലൂടെയും പ്രതിബന്ധങ്ങളിലൂടെയും കടന്നുപോകുമ്പോഴും ലോകത്തിനു വെളിച്ചമായി വർത്തിക്കാനുള്ള കുടുംബത്തിന്റെ ആന്തരികശക്തി വെളിപ്പെടുത്തുന്നുണ്ട്. അങ്ങനെ തിരുക്കുടുംബം എല്ലാ കുടുംബങ്ങൾക്കും മാതൃകയായി വർത്തിക്കുന്നു. ഈശോയുടെ വ്യക്തിത്വത്തിന്റെയും പ്രബോധനത്തിന്റെയും വെളിച്ചത്തിൽ കുടുംബത്തെ നോക്കിക്കാണാൻ പാപ്പാ ഇവിടെ ശ്രദ്ധിച്ചു. തുടർന്ന് ഫ്രാൻസീസ് പാപ്പാ അടുത്ത കാലത്തെ സഭാപ്രബോധനങ്ങളിലൂടെയുള്ള ഒരു ഓട്ടപ്രദക്ഷിണമാണ് നട

ത്തുന്നത്. രണ്ടാം വത്തിക്കാൻ കൗൺസിൽ തൊട്ടുള്ള രേഖകൾ സൂചിപ്പിക്കുന്നു.

സഭ ആധുനികലോകത്തിൽ എന്ന കോൺസ്റ്റിറ്റ്യൂഷനിൽ വിവാഹം - കുടുംബം എന്നീ സ്ഥാപനങ്ങളുടെ മഹത്ത്വം ഉയർത്തിക്കാട്ടുന്ന കാര്യം മാർപാപ്പാ എടുത്തുപറഞ്ഞിരിക്കുന്നു. സ്നേഹത്തിന്റെയും ജീവന്റെയും ഗാഢസമൂഹമാണ് കുടുംബം എന്ന നിർവചനം ശ്രദ്ധേയമാണ്. ദമ്പതികളുടെ പൂർണമായ പരസ്പരസമർപ്പണം വഴിയേ അതു നടക്കുകയുള്ളൂവെന്ന് സഭ പഠിപ്പിക്കുന്നു. മനുഷ്യാവതാരം വഴി മാനുഷികസ്നേഹത്തെ ക്രിസ്തു വിശുദ്ധീകരിച്ചു. പരിശുദ്ധത്രിത്വത്തിന്റെ ആന്തരികതയിൽ നിലനില്ക്കുന്ന കൂട്ടായ്മയുടെ പ്രതിച്ഛായയാകാനുള്ള കഴിവ് വിവാഹത്തിനും കുടുംബത്തിനും നല്കുകയും ചെയ്തു. ക്രിസ്തു ദമ്പതികളോടൊപ്പം വസിക്കുന്നു. തന്റെ ശരീരമാകുന്ന തിരുസ്സഭയുടെ ഗാർഹികപതിപ്പായി കുടുംബത്തെ ഉയർത്തുകയും ചെയ്യുന്നു. വിവാഹം വിശുദ്ധിയിലേക്കുള്ള ഒരു വിളിയാണെന്നും ഉത്തരവാദിത്വത്തോടും ഔദാര്യത്തോടും കൂടെ കുഞ്ഞുങ്ങൾക്കു ജന്മം നല്കണമെന്നുമുള്ള രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ അന്നു പുതുമയായിരുന്ന പ്രബോധനം കൂടി ഇതിനോടു ചേർത്തു വായിക്കാവുന്നതാണ്. ക്രിസ്തുവിനെ പിൻതുടരുന്നതിനും വീഴ്ചകളിൽനിന്ന് എഴുന്നേല്ക്കുന്നതിനും പരസ്പരം ക്ഷമിക്കുന്നതിനും വേണ്ട വരങ്ങൾ ദമ്പതികൾക്കു കൂദാശ നല്കുന്നു. ക്രിസ്തു കൂദാശാപരമായി എപ്പോഴും ദമ്പതികളോടൊപ്പമുണ്ട്. അവരുടെ സ്നേഹത്തിലും ജീവിതത്തിലും കുഞ്ഞാടിന്റെ വിരുന്നിന്റെ മുന്നാസ്വാദനം അവർക്കു ലഭിക്കുന്നുണ്ട്. അവരുടെ ശാരീരികസമർപ്പണം ആത്മീയവളർച്ചയെ സഹായിക്കും. അവരുടെ ഈ സമർപ്പണത്തിൽ ഏകശരീരമാകാൻ വേണ്ട കൃപാവരം പരിശുദ്ധാത്മാവ് അവർക്കു നല്കുകയും ചെയ്യും.

വ്യക്തികളെന്ന നിലയിൽ നാം 'ദൈവച്ഛായ'കളാണെന്ന അവബോധത്തിലാണ് കുടുംബജീവിതത്തെക്കുറിച്ചുള്ള സഭയുടെ പ്രബോധനം അധിഷ്ഠിതമായിരിക്കുന്നത്. മനുഷ്യജീവിതത്തിൽ വൈയക്തികസ്നേഹം പ്രധാനപ്പെട്ടതാണ്. സ്നേഹിക്കാനുള്ള വിളി നൈസർഗികവുമാണ്.

കുടുംബാംഗങ്ങൾ മഹത്ത്വത്തിൽ തുല്യർ

സ്നേഹം തന്നെയായ ദൈവത്താൽ, സൃഷ്ടിക്കപ്പെട്ടവരാണ് മനുഷ്യരെല്ലാവരും. സ്നേഹിക്കുക എന്നതാണ് അവരുടെ വിളി. ദൈവത്തിന്റെ ഛായ വഹിക്കുന്നവരുമാണ് എല്ലാവരും. മനുഷ്യരെല്ലാവരുടെയും മഹത്ത്വത്തിന്റെ അടിസ്ഥാനകാരണമാണിത്. അത് സഭ പ്രഘോഷിക്കുന്നു. എല്ലാ വ്യക്തികളുടെയും പൂർണമഹത്ത്വം കുടുംബത്തിലാണ് ആദ്യം അംഗീകരിക്കപ്പെടേണ്ടത്. അവിടെ അതു ലഭിക്കുന്നില്ലെങ്കിൽ വ്യക്തിക്ക് ദൂരവ്യാപകങ്ങളായ ദോഷഫലങ്ങൾ ഉണ്ടാകും. വ്യക്തികൾ തമ്മിലുള്ള തുല്യതയുടെയും മഹത്ത്വത്തിന്റെയും അടിസ്ഥാനങ്ങളായ രണ്ടു നിർണായകബന്ധങ്ങളെ ക്രൈസ്തവകുടുംബം ഉറപ്പിക്കുന്നുണ്ട്.

1) ദമ്പതികൾ തമ്മിലുള്ള ബന്ധം: പൂർണമായ ആത്മദാനത്താൽ പ്രകാശിതമായ ബന്ധമാണിത്. ഇത് പൂർണമായ വൈയക്തിക ബന്ധമാണ്; പരസ്പര സ്നേഹമാണിത്. ഇത് മാനുഷികസ്നേഹമാണ്. വികാരങ്ങളും ചോദനകളും അനുസരിച്ച് മാത്രം എപ്പോഴും പ്രവർത്തിക്കുന്നതല്ലിത്. പരസ്പരം ആദരവും ശുശ്രൂഷയും ഇതിന്റെ ഭാഗമാണ്. പങ്കാളിയെ പാപത്തിന് പ്രേരിപ്പിക്കുന്നതുമല്ലിത്. അങ്ങനെയായാൽ വ്യക്തിയുടെ ആത്മനാശത്തിനതിടയാക്കുമല്ലോ. സമ്പൂർണമായ കൊടുക്കലും പരസ്പരമുള്ള വിശ്വസ്തതയും ദാമ്പത്യസ്നേഹത്തിന്റെ പ്രത്യേകതകളാണ്. ഗർഭനിരോധനം ഈ സമ്പൂർണ കൊടുക്കലിനു വിരുദ്ധമാണ്. ജീവന്റെയും സ്നേഹത്തിന്റെയും സമൂഹമായിരിക്കുന്നതിനത് തടസമാകും. ദാമ്പത്യസ്നേഹം പങ്കാളിയെ വസ്തുവായി കണ്ട് ഉപയോഗിക്കുന്നതുമല്ല.

2) മാതാപിതാക്കളും മക്കളും തമ്മിലുള്ള ബന്ധം: വ്യക്തികളുടെ പൂർണമഹത്ത്വവും പരസ്പര പൂരകത്വവും മാതാപിതാക്കളും മക്കളും തമ്മിലുള്ള ബന്ധത്തിലും പ്രകടമാണ്. മക്കൾക്ക് ആർദ്രമായ സ്നേഹം

പകർന്നുകൊടുക്കാൻ മാതാപിതാക്കൾ കടപ്പെട്ടിട്ടുണ്ട്. കുടുംബം വ്യക്തികളുടെ കൂട്ടായ്മയാണ്. അത് ഓരോ വ്യക്തിയുടെയും വ്യക്തിത്വത്തിന്റെ പൂർണമായ വികാസത്തിലേക്ക് ഉന്മുഖമായിരിക്കണം. സ്നേഹത്തിലൂടെ ഇത് സാധിക്കുന്നു.

കുടുംബം ഗാർഹികസഭ

കുടുംബത്തിനു നൽകുന്ന ഈ വിശേഷണം ആദിമ സഭയുടെ പശ്ചാത്തലത്തിൽ വളരെ പ്രധാനപ്പെട്ടതാണ്. ആദിമസഭ കുടുംബകേന്ദ്രീകൃതമായിരുന്നു. അവിടെയാണ് സഭ വളർന്നത്. എഫേസോസിൽ പ്രിഷില്ലാ-അക്വിലാ ദമ്പതികളുടെ വീട്ടിലും (റോമ. 16/5), കോറിന്തോസിൽ ഗായൂസിന്റെ വീട്ടിലും (റോമ. 16/5), കൊളോസോസിൽ ഫിലമോന്റെ വീട്ടിലും (ഫിലി. 9/22), റോമിൽ സുവിശേഷത്തിലേക്ക് മാനസാന്തരപ്പെട്ട പട്രീയഷ്യസിന്റെ ബസ്ലിക്കാകൾ എന്നറിയപ്പെടുന്ന വീടുകളിലുമാണ് സഭാസമൂഹങ്ങൾ രൂപം കൊണ്ട് വളർന്നത്. "നിങ്ങളുടെ വീടുകളെ സഭയാക്കുക" എന്ന ജോൺ ക്രിസോസ്റ്റം സഭാപിതാവിന്റെ വാക്കുകൾ കൈയടിയോടെയാണ് ക്രിസ്ത്യാനികൾ സ്വീകരിച്ചത്. രണ്ടാം വത്തിക്കാൻ കൗൺസിൽ ഈ ആശയം പുനരവതരിപ്പിച്ചു. ജോൺ പോൾ രണ്ടാമൻ മാർപാപ്പാ ഈ ആശയത്തെ കൂടുതൽ വ്യാപിപ്പിച്ചു. അദ്ദേഹം കൂടെക്കൂടെ ആവർത്തിച്ചിട്ടുള്ള കാര്യമാണ്, ക്രൈസ്തവ കുടുംബങ്ങൾ "ക്രിസ്തുവിന്റെ സഭയും", "സഭയുടെ ചെറുപതിപ്പും" ആണെന്നത്. കുടുംബജീവിതത്തെക്കുറിച്ച് വളരെ പുതിയ രീതിയിൽ ചിന്തിക്കാനും അനുഭവിക്കാനും അതിടയാക്കി. ക്രിസ്തുവിനെ കുടുംബത്തിന്റെ ശിരസും അംഗങ്ങളെ ശരീരവുമായി മനസിലാക്കാൻ അത് ഇടയാക്കുന്നു. കുടുംബത്തിൽ നാം ജീവിക്കുന്ന രീതിക്ക് അതൊരു പുതിയ ഭാവവും രൂപവും നൽകുന്നുണ്ട്. സഭയെന്തൊക്കെയാണോ, അത് കുടുംബം ജീവിക്കണം. സഭ വിശ്വാസികളുടെ സമൂഹമാണ്. ദൈവത്തെ പിതാവായും ക്രിസ്തുവിനെ വൈയക്തികരക്ഷകനായും നാം വിശ്വസിച്ച് ഏറ്റുപറയുന്നു. വിശ്വാസമില്ലാത്തിടത്ത് സഭയില്ല. അതുകൊണ്ട് അംഗങ്ങൾ പരസ്പര വിശ്വാസത്തോടെ ജീവിക്കുമ്പോഴേ കുടുംബം സഭയാകൂ.



ആധ്യാത്മികത ജീവിതത്തിൽ

ദാമ്പത്യ - കുടുംബ ജീവിതത്തിന്റെ ദൈനംദിന ഉത്തരവാദിത്വങ്ങൾ നന്നായി നിർവഹിക്കുന്നതിലാണ് കുടുംബത്തിന്റെ ആധ്യാത്മികത അടങ്ങിയിരിക്കുന്നത്. കുടുംബ ആധ്യാത്മികത ബന്ധങ്ങൾക്ക് ഊന്നൽ നൽകുന്നതാകണം. ദൈവസ്നേഹവും മനുഷ്യസ്നേഹവും കൈകോർത്തുപോകണം. പ്രാർഥനയെപ്പറ്റി പ്രസ്താവിക്കുന്നിടത്ത് ജോൺ പോൾ രണ്ടാമൻ മാർപാപ്പ ഊന്നിപ്പറയുന്ന ഒരു കാര്യം ഇവിടെ പ്രത്യേകം പ്രസക്തമാണ്. "സന്തോഷങ്ങൾ, സന്താപങ്ങൾ, പ്രതീക്ഷകൾ, മോഹഭംഗങ്ങൾ, ജനനങ്ങൾ, ജന്മദിനാഘോഷങ്ങൾ, മാതാപിതാക്കളുടെ വിവാഹവാർഷികങ്ങൾ, വേർപാടുകൾ, വിയോഗങ്ങൾ, വീട്ടിലേക്കുള്ള പ്രത്യാഗമനങ്ങൾ, സുപ്രധാനങ്ങളും ദൂരവ്യാപകങ്ങളുമായ തീരുമാനങ്ങൾ, പ്രിയപ്പെട്ടവരുടെ മരണം മുതലായവയെല്ലാം കുടുംബത്തിന്റെ ചരിത്രത്തിൽ ദൈവത്തിന്റെ സ്നേഹപൂർവകമായ ഇടപെടലിനെ കുറിക്കുന്നു. ഇവയെല്ലാം കൃതജ്ഞതാ പ്രകാശനത്തിനും യാചനയ്ക്കും കുടുംബത്തെ സ്വർഗീയപിതാവിന്റെ കരങ്ങളിൽ വിശ്വാസത്തോടെ ഭരമേൽപിച്ചുകൊടുക്കുന്നതിനുള്ള ഉചിത സന്ദർഭങ്ങളായിരിക്കണം. ദൈവേഷ്ടപ്രകാരം ഇക്കാര്യങ്ങളെ കുടുംബം സ്വീകരിക്കുമ്പോൾ ആധ്യാത്മികതയിൽ വളരുന്നുവെന്ന കാര്യം മറക്കരുത്.

കുടുംബമേ, നീ എന്താണോ അതാവുക!

ജോൺപോൾ രണ്ടാമൻ മാർപാപ്പായുടെ കുടുംബം സ്നേഹസമൂഹം എന്ന അപ്പസ്തോലിക ലേഖനത്തിലെ ഈ വലിയ ആഹ്വാനം (നമ്പർ, 17) നമ്മുടെ ചിന്തയ്ക്ക് പ്രത്യേകം വിഷയമാകണം. ഭൂമിയിൽ ദൈവരാജ്യം കൊണ്ടുവരുന്നതിന് കുടുംബത്തിനുള്ള പങ്ക് മർമപ്രധാനമാണ്. യാഥാർഥ്യവും ആദർശപരതയും കൂടിക്കലർന്നുള്ള ഒരു കുടുംബചിത്രമാണ് 'കുടുംബം സ്നേഹസമൂഹം' അവതരിപ്പിക്കുന്നത്. യാഥാർഥ്യവും ആദർശവും തമ്മിൽ ഒരു ടെൻഷൻ ആ രേഖയിൽ ആരംഭം മുതൽ അവസാനംവരെ നിലനിറുത്തുന്നുണ്ട്. ദൈവികപദ്ധതിയിൽ ജീവന്റെയും സ്നേഹത്തിന്റെയും ഉറ്റസമൂഹമാണ് കുടുംബം. പരസ്പരം സമർപ്പിതരായ രണ്ടു വ്യക്തികളുടെ സ്നേഹത്തിൽ പുതുജീവൻ ഉണ്ടാകണമെന്ന് ദൈവം ആഗ്രഹിക്കുന്നു. കുടുംബങ്ങൾ സ്നേഹം വികസിപ്പിക്കുന്നതിനനുസരിച്ച്, ത്രിത്വത്തെ പ്രതിഫലിപ്പിക്കും. സ്നേഹത്തിൽ ജീവനെ സൃഷ്ടിക്കുന്നതാണത്. പരസ്പര സ്നേഹവും ശ്രദ്ധയും ദൈനംദിനം പരിപോഷിപ്പിക്കുന്നിടത്ത് ക്രൈസ്തവകുടുംബം, അതിന്റെ ദൗത്യം നിർവഹിക്കും. അങ്ങനെയുള്ള നല്ലൊരു ക്രൈസ്തവകുടുംബം കെട്ടിപ്പടുക്കുക എന്നത് മാനുഷികമായി ഏറ്റവും ബുദ്ധിമുട്ടേറിയ കാര്യം തന്നെയാണ്. എങ്കിലും, ദൈവരാജ്യം സ്ഥാപിക്കാനുള്ള സഭയുടെ യത്നത്തിൽ ഏറ്റവും സജീവമായി പ്രവർത്തിക്കേണ്ട ഘടകം കുടുംബമാണ്. അക്കാര്യം സഭ കുടുംബങ്ങളോട് നിരന്തരമായി ഉദ്ഘോഷിച്ചുകൊണ്ടിരിക്കുന്നു. ■

ലേഖനം

ജോസഫ് വട്ടമല, പുനലൂർ

കുടുംബം
കൂട്ടായ്മയുടെ ആലയം

ആണായിട്ടൊരുത്തനെ ദൈവം സൃഷ്ടിച്ചപ്പോൾ - തന്റെ സ്വന്തം ഛായയിൽ - അത് ത്രിത്വത്തിന്റെ കൂട്ടായ്മയുടേയും സന്തോഷത്തിന്റെയും പങ്കുവയ്ക്കലായിരുന്നു. സൃഷ്ടിക്കപ്പെട്ടവൻ തനിയെ ഇരിക്കുന്നതു കണ്ടപ്പോൾ അസ്വസ്ഥനായ ദൈവം അവനിൽ നിന്നും വ്യത്യസ്തമായ ഭാവരൂപാദികളോടെ പെണ്ണൊരുത്തിയെ രൂപപ്പെടുത്തി അവനിണയായി നൽകി. അവർ പരസ്പരം അറിഞ്ഞ് അംഗീകരിച്ചപ്പോൾ ഇമ്പമുണ്ടായി. അതു ചരിത്രസംഭവമായി മാറി. തുടർന്നു ചരിത്രം സാക്ഷ്യപ്പെടുത്തിയ ജോസഫ് മറിയം ദമ്പതികളുടെ മാതൃകാപരമായ ജീവിതമാണ് കുടുംബജീവിതത്തിന്റെ ആധികാരികമായ അവതരണമായത്. ഇന്നു നാം കാണുകയും ആസ്വദിക്കുകയും ജീവിക്കുകയും ചെയ്യുന്ന കുടുംബപശ്ചാത്തലം ഇങ്ങനെ പിറവിയെടുത്തതാണ്. ദയവായി പാശ്ചാത്യസഹജീവന സംസ്കാരം ഇവിടെ ചിന്തിക്കാതിരിക്കുക.

ഒരു മനുഷ്യന്റെ ജീവിതചക്രം നാം വിശകലനം ചെയ്യുകയാണെങ്കിൽ അയാൾ ഒരു അമ്മയുടെ ഗർഭപാത്രത്തിൽ ഉരുവാക്കപ്പെടുന്നതു മുതൽ കല്ലറയിൽ അടക്കപ്പെടുന്നതുവരെയുള്ള കാലഘട്ടത്തിൽ ഒരു കുടും

ബസ്ഥനിൽ സംഭവിക്കുന്നവയെല്ലാം നമുക്ക് വ്യക്തമായി കാണുവാൻ സാധിച്ചു. ഒരുവൻ ജനിക്കുന്നതും ജീവിക്കുന്നതും കുടുംബത്തിലാണെങ്കിൽ അവന്റെ മരണത്തിലൂടെ മറ്റൊരു കുടുംബത്തിലേക്ക് - മൂലകുടുംബം തന്നെയാണവൻ പ്രവേശിക്കുന്നതും. അങ്ങനെ നോക്കുമ്പോൾ ഒരുവൻ നേടുന്നതിന്റെയെല്ലാം അടിസ്ഥാനം കുടുംബം തന്നെ. തന്റെ മാതാപിതാക്കളെയും സഹോദരരെയും അറിഞ്ഞും സ്നേഹിച്ചും സഹകരിച്ചും ജീവിക്കുന്നവൻ തന്റെ ജീവിതാന്ത്യത്തോളം വിജയവീഥിയിലൂടെ തന്നെ സഞ്ചരിയ്ക്കും.

ഉള്ളതുകൊണ്ടു സന്തോഷമായിക്കഴിയാനാണ് മാതാപിതാക്കൾ കുട്ടികളെ ശീലിപ്പിക്കേണ്ടത്. കൂടുതൽ നേടേണ്ടതില്ല എന്നതല്ല അതിന്റെയർത്ഥം. നേടുന്നവ തനിക്കെന്നപോലെ മറ്റുള്ളവർക്കും പ്രയോജനപ്രദമാകണം എന്ന ഉൾക്കാഴ്ച രൂപീകരിക്കപ്പെടണം. ഇന്നത്തെ കുടുംബങ്ങൾ ചടുലത കൊണ്ട് അപകടപ്പെടുകയാണ്. എല്ലാം വേണം ! വേഗത്തിൽ വേണം ! ധാരാളം വേണം ! അവനവനാവശ്യത്തിനുള്ളവ പോരേ? എന്ന് ചിന്തിക്കാൻ നാം പഠിപ്പിക്കുന്നില്ല. വിവാഹാന്തസ്സിൽ പ്രവേശിക്കുന്നവരോരുത്തരും തങ്ങളുടെ മാതാപിതാക്കൾക്കുണ്ടായിരുന്ന സ്ഥാവരജംഗമ വസ്തുക്കളേക്കാൾ കൂടുതൽ കരസ്ഥമാക്കണം എന്ന ലക്ഷ്യത്തോടെ പ്രവർത്തിക്കുന്നതു കാണുമ്പോൾ കൈമോശം വന്നുപോയ ജീവിതമൂല്യം ഓർമ്മയിൽ നമ്മെ വേട്ടയാടുന്നില്ലേ ? നസ്രത്തിലെ കുടുംബത്തിന്റെ മഹിമ നാം തിരിച്ചറിയുന്നതിവിടെയാണ്. പരസ്പരം സഹായിക്കുന്ന മാതാപിതാക്കൾ, തന്റെ കഴിവിനൊത്ത വിധം മാതാപിതാക്കളെ സഹായിച്ചിരുന്ന ഈശോ. ബൈബിൾ സാക്ഷ്യപ്പെടുത്തുന്നതുപോലെ ബാലനായ യേശു മാതാപിതാക്കളുടെയും മനുഷ്യരുടെയും മുൻപിൽ വിശുദ്ധിയിലും വിജ്ഞാനത്തിലും "കുടുംബത്തിൽ പിറന്നവനായി" വളർന്നു വന്നു.

വർത്തമാനകാലം വിഭ്രമിപ്പിക്കുന്നതാണ്. അതിനാൽത്തന്നെ നന്മതിന്മ തിരിച്ചറിയുവാനോ, പരസ്നേഹത്തിൽ ജീവിക്കുവാനോ മറ്റുള്ളവരെ മനസ്സിലാക്കുവാനോ മനുഷ്യർ അധികം മിനക്കെടുന്നില്ല. ആധുനിക സൗകര്യങ്ങളും ഉപകരണങ്ങളും മനുഷ്യന്റെ ലോകം ചെറുതാക്കി. സ്വയം വലുതായി എന്നഭിമാനിക്കുമ്പോഴും യഥാർത്ഥത്തിൽ അവൻ ചെറുതായി. ചുറ്റുമുള്ളവരെ കാണാതെ ഏകനായി തന്റെ മാത്രം ലോകത്തിലേക്കവൻ ചുരുങ്ങി. സ്വന്തം ബിംബത്തിനു ചുറ്റും വലംവയ്ക്കുന്ന നിസ്സഹായനായവൻ മാറി. സ്വാർത്ഥത അവനെ വരിഞ്ഞു മുറുക്കിയിരിക്കുന്നു. അവനതറിയുന്നില്ല. മൊബൈൽ ഫോണും ഇന്റർനെറ്റും അവനെ ഏകാന്ത ലോകത്തിന്റെ തടവറയിലാക്കി. ചുറ്റുപാടും ഒന്നു ശ്രദ്ധിക്കൂ ! നിറങ്ങളിലൂടെ പ്രകാശിക്കുന്ന ചെറിയ സ്ക്രീനുകളിലൂടെ ആളുകൾ സ്വയം നിശ്ശബ്ദരാക്കപ്പെടുകയാണ്.

വർത്തമാനകാലം വിഭ്രമിപ്പിക്കുന്നതാണ്. അതിനാൽത്തന്നെ നന്മതിന്മ തിരിച്ചറിയുവാനോ, പരസ്നേഹത്തിൽ ജീവിക്കുവാനോ മറ്റുള്ളവരെ മനസ്സിലാക്കുവാനോ മനുഷ്യർ അധികം മിനക്കെടുന്നില്ല. ആധുനിക സൗകര്യങ്ങളും ഉപകരണങ്ങളും മനുഷ്യന്റെ ലോകം ചെറുതാക്കി.

കുടുംബപശ്ചാത്തലം വീണ്ടും അർത്ഥവത്താക്കേണ്ടതിവിടെയാണ്. അപരനെയറിയണമെങ്കിൽ

അവനെ നോക്കണം, സംസാരിക്കണം, തർക്കിക്കണം, തിരുത്തണം,ചേർത്തുപിടിക്കണം. കുടുംബമാണിവയ്ക്കാധാരം. എല്ലാ നന്മകളും കുടുംബത്തിൽ നിന്നുള്ളതാണ്. പക്ഷെ ഇന്ന് കുറെയേറെ തിന്മകളും ഇവിടെ നിന്നു തുടങ്ങുന്നു. അധികസമ്പാദ്യവാഞ്ചന, വഴിവിട്ട ജീവിതം, മദ്യമയക്കുമരുന്നാസക്തി, തീവ്രവാദമറവിൽ സഹോദരവധം, പലവിധ പീഢനങ്ങൾ, ശിശുസംഹാരം പോലെ എന്തെന്തു ദുഷ്ടതകൾക്ക് ആധുനിക കുടുംബങ്ങൾ പശ്ചാത്തലമാകുന്നു. ഇവയെല്ലാം കണ്ടു വളരുന്ന പുതുതലമുറ ലോകത്തിന്റെ അനീതിയെക്കുറിച്ചാണ് പഠിക്കേണ്ടത്. പക്ഷെ ചെയ്യുന്നതെല്ലാം നീതിയെന്നാണവർ മനസ്സിലാക്കുന്നത്. കുടുംബജീവിതം എങ്ങനെയായിരിക്കരുത് എന്നാണ് ഇവ പഠിപ്പിക്കുന്ന പാഠം.

മാതാപിതാക്കളെയും വയോധികരെയും സ്നേഹിക്കുകയും, മരണം വരെ കാത്തു പരിപാലിക്കുകയും വേണമെന്നു മക്കൾക്കു തോന്നണമെങ്കിൽ അവരുടെ മുൻപിൽ മാതാപിതാക്കൾ ജീവിക്കുന്ന ഉദാഹരണങ്ങളാവണം. സ്വന്തം ജീവിതസുഖം തേടി പറന്നകലുന്ന പുതുതലമുറ തങ്ങൾക്കു ലഭിക്കാതെ പോയ സദ്ജീവപാഠത്തിന്റെ നഷ്ടഫലങ്ങൾ പ്രകടിപ്പിക്കുന്നവരാണ്.

അല്പം പോലും സഹിഷ്ണുത ഇല്ലാത്ത ഇന്നത്തെ കുട്ടികളെക്കാണുമ്പോൾ, പ്രത്യേകിച്ചും വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ - ഇവരഭ്യസിക്കുന്ന വിദ്യ എന്തു നന്മയാണിവരിൽ സന്നിവേശിപ്പിക്കുക എന്ന് സംശയിപ്പിക്കുന്നതാണ്. സകലത്തിന്റെയും ഉറവിടമായിരിക്കേണ്ട, ഈറ്റില്ലമായിരിക്കേണ്ട, ആധാരമായിരിക്കേണ്ട കുടുംബങ്ങളുടെ ഒരു മുന്നാസ്വാദനമായി ഇത്തരം സ്ഥാപനങ്ങളും മാറണം. നല്ല വൃക്ഷങ്ങളിൽ നിന്നും നല്ല ഫലങ്ങൾ ഉണ്ടാകുന്നതുപോലെ നല്ല കുടുംബങ്ങൾക്കു നന്മയുള്ള സന്താനങ്ങളെ സമൂഹത്തിന് നൽകുവാൻ സാധിക്കും. തിരുസഭാ സന്താനങ്ങൾ എന്ന നിലയിൽ സത്കുടുംബങ്ങളുടെ കൂട്ടായ്മ തന്നെ രൂപപ്പെടുത്താൻ നമുക്ക് കടമയുണ്ടെന്നും ഓർമ്മിക്കുക. ■

കവിത

ജ്യോതിഷ്.ജെ

ജൈത്രം

ചിത്തങ്ങൾ ചിന്തകളാക്കിടേണം
ചിത്രശകലങ്ങൾ ചാർത്തിടേണം
അന്തരംഗഗാധങ്ങളിലാവർത്തി
അണയാ സ്വപ്നങ്ങളായിക്കുറിച്ചിടേണം
അതിൽ സാഫല്യനിർവൃതി പൂകിടേണം.

തുടങ്ങണം ജൈത്രം
തുഴയണം ജവം
തളരാതെ തളിർക്കണം
തീയിൽ കുരുക്കണം

ഭൂതമല്ല വർത്തമാനം
ഭാസുര ഭാവിക്കുഭേതകം
ഭയമോ നിന്നിലെ ഭീരു
ഭീരുത്വം വെടിഞ്ഞേ തീരൂ

ചേലുള്ള ജീവിതം ചാലിച്ചെടുത്തിടാൻ
ചിരകാലം ചിന്താസരണിയിൽ
ചിന്നംവിളിച്ച സത്ചിന്തകളെ
ചിന്തുക ചിന്തിപ്പിക്കുക.

ഒഴികഴിവുകളൊഴിയാതെ വന്നാൽ
ഓടേണ്ട ഒരായിരമാവർത്തി
ഓതുക ഓങ്ങുക
ലാക്കുവച്ച ലക്ഷ്യമെന്ത്
ലേശമില്ല പിന്നിലെന്ന്.

ശിരസ്സുയർത്തുവാൻ നമിക്ക-
ശരിസ്സൊന്നറിവിനു മുന്നിൽ.
അറിയുക അറിവതിൽ
അലിയിക്ക വിവേകവും

ചിറകൊന്നതറ്റുവീണാലും
ചാരാതെ നിൽക്കുക
ചാരത്തുനിൽക്കുക
ചിറകടിച്ചുയരുക

യാദൃശ്ചികമല്ലൊരുയർച്ചയും
യത്നിക്കും തീവ്രാഗ്രഹത്തിൽ
നിതാന്തപരിശ്രമമാം വിശ്രമം
നിത്യം പാകുന്നു നിപുണത.

ഹൃദ്യ ഊഷ്മള വ്യക്തിത്വവും
ബുദ്ധിയുക്തി അനുഗ്രഹവും
ചുവടുവയ്പതു ചരിത്രമാക്കും
ചിതചിക്കിച്ചുകന്നുവാഴും

വളർന്നുപിറക്കുന്നു ധനികൻ
പിറന്നു വളരുന്നു ദരിദ്രൻ
വകതിരിവില്ലാത്തോൻ വിധിയെന്നോതുവോൻ
പാഠമുൾക്കൊണ്ട പരാചിതൻ വിജയൻ

നേരിന്റെ വഴിയേ നടക്കൂ
നെറിവിന്റെ വാഴ്വിതു വാഴൂ
നിന്നിലെ നിന്നെ തിരയൂ
നിസ്സംശയം സുനിശ്ചിതം ജൈത്രം

സന്തുഷ്ടമായ കുടും

കുടുംബം എന്ന വാക്കിന് നീതിയുക്തമായൊരു നിർവ്വചനം ഇനിയും സാധ്യമായിട്ടില്ലെന്നുവേണം പറയാൻ. കാരണം കുടുംബം എന്നത് നിർവ്വചനാതീതമായ ഒരു സമസ്യയാണ്. കൂട്ടിച്ചേർക്കുന്തോറും തിളക്കവും ദൃഢതയുമേറുന്ന ഒരു പളുങ്കുപാത്രത്തിന് സമാനം. സൂക്ഷിച്ചാൽ ഇത്രയും നിർമ്മലമായ മറ്റൊന്നില്ല. തകർക്കണമെന്നുറച്ചാൽ കനത്തൊരു പ്രഹരം മതി എല്ലാം പൊട്ടിച്ചിതറും.

കുടുംബം ഒരു മാനുഷിക കൂട്ടായ്മയായിട്ടാണ് വ്യാഖ്യാനിക്കപ്പെടുന്നത്. നിർമ്മലസ്നേഹവും പരസ്പരധാരണയും വിശ്വാസദാർഢ്യവും ക്ഷമയും അതിൽ അന്തർലീനമാണ്. ഇവയൊക്കെയാണ് ഒരു കുടുംബത്തിന്റെ അസ്ഥിവാരമെങ്കിൽ എന്തുകൊണ്ടാണ് ചില കുടുംബ ബന്ധങ്ങൾ തകരുന്നത്. മേൽപ്പറഞ്ഞ ചേരുവകളിൽ മായം ചേർന്നിട്ടുണ്ടോ? അതോ ചേർക്കുന്നുണ്ടോ? ഈ സംശയങ്ങൾ ഒന്നും അസ്ഥാനത്തല്ലെന്നാണ് അനുഭവസ്ഥർ പറഞ്ഞുവയ്ക്കുന്നത്. കാരണം ഒരു കുടുംബത്തിന്റെ സ്ഥായിയായ നിലനിൽപ്പിന് അനിവാര്യമായ ഘടകങ്ങൾ വിവിധ കാരണങ്ങളാൽ വിഘടിപ്പിക്കപ്പെടുന്നുവെന്നതാണ് തകർച്ചയ്ക്കുകാരണമായി അവർ ചൂണ്ടിക്കാട്ടുന്നത്. അപക്വതയും വിവേകമില്ലായ്മയും സ്വാർത്ഥതയും വിശ്വാസരാഹിത്യവും വിട്ടുവീഴ്ചയില്ലായ്മയും ദുസ്വാധീനവും ദൈവവിശ്വാസത്തിന്റെ അഭാവവും തുറവിയില്ലാത്ത മനസ്സും അച്ചടക്കരാഹിത്യവും ആഡംബരഭ്രമവും അജ്ഞതയും ഏതൊരു കുടുംബത്തിന്റെയും തകർച്ച അനിവാര്യമാക്കാൻ പോന്നതാണ്. അതേസമയം മേൽപ്പറഞ്ഞ കാരണങ്ങൾ കുടുംബജീവിതത്തെ സ്വാധീനിക്കാത്തിടത്തോളം കാലം ആ കുടുംബം പാറമേൽ പണിത ഭവനത്തിന് സമാനവുമാണ്. വിവേകവും പക്വതയുമാണ് ഏതൊരു കുടുംബത്തിന്റെയും മൂലക്കല്ല്. ജീവിത സാഹചര്യങ്ങളെയും പ്രശ്നങ്ങളെയും അനുയോജ്യമായ വിധത്തിൽ കൈകാര്യം ചെയ്യാനുള്ള കഴിവാണ് വിവേകവും പക്വതയും. കുടുംബജീവിതത്തെക്കുറിച്ചുള്ള അജ്ഞതയോ അല്ലെങ്കിൽ പരിമിതമായ അറിവോ സന്തുഷ്ട കുടുംബത്തെ സൃഷ്ടിക്കുന്നില്ല. ഓരോ വ്യക്തിയുടെയും കാഴ്ചപ്പാടുകളും ജീവിത സാഹചര്യങ്ങളും കുടുംബ ജീവിതത്തെ സ്വാധീനിക്കുന്നു. വ്യത്യസ്ത സാഹചര്യങ്ങളിലും ചുറ്റുപാടുകളിലും ജനിച്ചുവളർന്നവർ കുടുംബ ജീവിതങ്ങളിലേക്ക് പ്രവേ

> **വിവേകവും പക്വതയുമാണ് ഏതൊരു കുടുംബത്തിന്റെയും മൂലക്കല്ല്. ജീവിത സാഹചര്യങ്ങളെയും പ്രശ്നങ്ങളെയും അനുയോജ്യമായ വിധത്തിൽ കൈകാര്യം ചെയ്യാനുള്ള കഴിവാണ് വിവേകവും പക്വതയും.**

വ ജീവിതത്തിന്

ശിക്കുമ്പോൾ പരിമിതികളും അപരിചിതത്വവും ഉണ്ടാകാം. ഇതിന് പരിഹാരമാതൃകകളാകാൻ മാതാപിതാക്കൾക്കും സഭയ്ക്കും കഴിയണം. കുടുംബ ജീവിതത്തിലേക്ക് പ്രവേശിക്കുന്ന ദമ്പതികൾ ഒരേ മതവിശ്വാസികളായിരിക്കുന്നത് അഭികാമ്യമായിരിക്കുമെന്നതാണ് മറ്റൊരു വിലയിരുത്തൽ. മാതാപിതാക്കൾ സന്മാതൃകകൾ സൃഷ്ടിക്കുമ്പോൾ ദൈവവിശ്വാസത്തിലധിഷ്ഠിതമായ ഒരു കുടുംബത്തിന്റെ സൃഷ്ടിയെക്കുറിച്ച് അറിവുപകരാൻ സഭയ്ക്ക് കഴിയണം. സഭ നേതൃത്വം നൽകുന്ന വിവാഹ ഒരുക്ക സെമിനാർ ആയതിന് സഹായകമാകും വിധം അലകും പിടിയും മാറ്റി പരിഷ്കരിക്കണം. ശാസ്ത്രീയമായ പരിശീലനവും അറിവും പകരുന്നതാകണം ഈ സെമിനാറുകൾ. കുടുംബജീവിത വിജയത്തിന്റെ വഴികൾ തേടിയുള്ള യാത്രയിൽ തങ്ങളുടെ അനുഭവം പങ്കുവച്ചവർ ഒട്ടേറെയാണ്. അവരുടെ ഇണക്കത്തിന്റെയും പിണക്കത്തിന്റെയും പൊരുത്തപ്പെടലിന്റെയും പ്രാർത്ഥനയുടെയും വിജയത്തിന്റെയും അനുഭവങ്ങൾ ഏറെയാണ്. ഈ അനുഭവസാക്ഷ്യങ്ങളിൽ നിന്നും മറ്റുള്ളവർക്ക് പകർത്താൻ കഴിയുന്നതും പകർത്തണം എന്നാഗ്രഹിക്കുന്നതുമായ പോസിറ്റീവ് ചിന്തകളിൽ ചിലത് ഇങ്ങനെയാണ്.

ചെടി പറിച്ച് നടപ്പെടുമ്പോൾ

ഒരു ചെടി പറിച്ച് നടുമ്പോൾ പുതിയ സാഹചര്യവുമായി ഇണങ്ങുവാൻ കുറേ സമയമെടുക്കും. ആ ചെടി പുതിയ സാഹചര്യത്തോട് ഇണങ്ങിയാൽ മാത്രമേ അത് കരുത്താർജ്ജിച്ച് വളരുകയും ഫലം പുറപ്പെടുവിക്കുകയുമുള്ളൂ. എന്റെ ജീവിത പങ്കാളിയോടൊപ്പമുള്ള ജീവിതം എന്നെ കൂടുതൽ കരുത്തുറ്റതാക്കി. ഞങ്ങൾ പരസ്പരം ഞങ്ങളുടെ ബന്ധങ്ങളെ സ്നേഹിക്കുന്നു ബഹുമാനിക്കുന്നു. എന്റെ ഭർത്താവിന്റെ ജീവിത സാഹചര്യങ്ങളെ സ്നേഹിച്ചാൽ മാത്രമേ എന്റെ ഭർത്താവിന്റെ പൂർണമായ സ്നേഹവും കരുതലും അനുഭവിക്കാൻ സാധിക്കുകയുള്ളൂ എന്ന തിരിച്ചറിവ് എന്റെ വിവാഹജീവിതത്തിന്റെ ഒരു നേട്ടമാണ്.

കരുതലും സ്നേഹവും

വിവാഹം കഴിഞ്ഞെത്തിയ ആദ്യദിനങ്ങളിൽ തന്നെ ശാരീരികബന്ധത്തേക്കാൾ മാനസിക ബന്ധത്തിനാണ് ഞങ്ങൾ പ്രാധാന്യം നൽകിയത്. കാരണം, വിവാഹത്തിന് മുൻപ് ഞങ്ങൾക്ക് ഒത്തിരി സംസാരിക്കാനുള്ള സമയമില്ലായിരുന്നു. ഞങ്ങളുടെ ഏതാനും തീരുമാനങ്ങൾ ഇതൊക്കെയായിരുന്നു. ഒന്നാമതായി, രണ്ടു വ്യക്തികൾ എന്നതിനേക്കാളു

പരി രണ്ടു കുടുംബങ്ങൾ തമ്മിലുള്ള ഒത്തുചേരലായതുകൊണ്ട്, രണ്ട് കുടുംബങ്ങളേയും യാതൊരു പരിധികളുമില്ലാതെ അവരുടെ രീതികളിൽ തന്നെ നാം സ്നേഹിക്കണം. രണ്ടാമതായി ഞങ്ങൾ തമ്മിലുള്ള പ്രശ്നങ്ങളിൽ മൂന്നാമതൊരാൾ പാടില്ല. അത് നമ്മുടെ കിടപ്പുമുറിക്ക് പുറത്തേക്ക് വലിച്ചിഴയ്ക്കാനും പാടില്ല. അതിലും പ്രധാനം നമ്മുടെ പിണക്കം ഒരു രാത്രി കടന്നുപോകാനും പാടില്ല. മൂന്നാമതായി സമ്പത്തിന്റെ കാരണം ഇന്നലെവരെ 'എന്റെ'സമ്പത്ത്. ഇന്നുമുതൽ അത് 'നമ്മുടെ' എന്നായിരിക്കണം - ഉള്ളായ്മയിലും ഇല്ലായ്മയിലും. കാരണം ഭർത്താവ് കുവൈറ്റിലും ഞാൻ തിരുവനന്തപുരത്തെ നല്ല ഒരു നോൺ ബാങ്കിംഗ് സ്ഥാപനത്തിലും ജോലി ചെയ്യുകയായിരുന്നു. ഇനി ഞങ്ങളുടെ കഴിഞ്ഞുപോയ പത്തുവർഷത്തെ സന്തുഷ്ട ദാമ്പത്യജീവിതം എങ്ങനെയായിരുന്നുവെന്ന് പറയാം. ഭർത്താവിന് വർഷത്തിൽ 33 ദിവസത്തെ ലീവാണുണ്ടായിരുന്നത്. ആദ്യത്തെ അഞ്ചുവർഷം ഞങ്ങൾക്ക് കുഞ്ഞുങ്ങളുണ്ടായില്ല. എന്തെങ്കിലും കുഴപ്പങ്ങൾ ഉണ്ടോ എന്നറിയുന്നതിന് ഞങ്ങൾ രണ്ടുപേരും ടെസ്റ്റുകൾ നടത്തി. എന്നാൽ യാതൊരു കുഴപ്പവും ഇല്ലെന്നും കുറഞ്ഞത് ഒരുവർഷമെങ്കിലും ഒരുമിച്ചുജീവിച്ചാലേ കുഞ്ഞങ്ങളുണ്ടാകൂ എന്നും ഇല്ലെങ്കിൽ മാത്രം ടെസ്റ്റുകൾ നടത്തിയാൽ മതിയെന്നും ഡോക്ടർ പറഞ്ഞു. അതിനായി എന്നെ കുവൈറ്റിൽ കൊണ്ടുപോകുന്നതിന് ശ്രമമാരംഭിച്ചു. ഏകദേശം എല്ലാം ശരിയായി വന്നപ്പോൾ ഞാൻ ജോലി രാജിവച്ചു. പക്ഷേ, ഞങ്ങളുടെ പദ്ധതികൾക്ക് വിപരീതമായി അദ്ദേഹം ജോലി ചെയ്തിരുന്ന അമേരിക്കൻ ആർമി ക്യാമ്പ് മറ്റൊരു കമ്പനി ഏറ്റെടുത്തതിനാൽ കോൺട്രാക്ട് റദ്ദ് ചെയ്ത് അദ്ദേഹം നാട്ടിൽവന്നു. ഞങ്ങളുടെ രണ്ടുപേരുടെയും ജോലി നഷ്ടപ്പെട്ടതിന്റെ വിഷമം ഉണ്ടായിരുന്നെങ്കിലും ഒരുമിച്ചുജീവിക്കാനുള്ള സാഹചര്യം കർത്താവ് ഒരുക്കിത്തന്നതാണെന്ന് വിശ്വസിച്ച് ഞങ്ങൾ സന്തോഷിച്ചു. ഈ കാലയളവിൽ ഞങ്ങൾ ഒരു തീരുമാനം കൂടി എടുത്തു. ട്രീറ്റ്മെന്റിന് ഒന്നും പോകാതെ കർത്താവിനെ മാത്രം ആശ്രയിച്ചുമുന്നോട്ടുപോകാമെന്ന്. അതിനായി ഞങ്ങൾ ഒരുമിച്ചിരുന്ന് പ്രാർത്ഥിക്കുകയും ചെയ്തു. ഞങ്ങളുടെ പ്രാർത്ഥന തുടർന്നു. കൃത്യം 9 മാസം കഴിഞ്ഞപ്പോൾ ഞാൻ ഗർഭിണിയായി. എന്നാൽ സ്കാനിംഗിൽ വലത്തെ അണ്ഡാശയത്തിൽ ഒരു മുഴ ഉള്ളതായി കണ്ടെത്തി. പിന്നെയുള്ള പരിശോധനയിൽ കുട്ടിയും മുഴയും ഒരുപോലെ വളരുന്നതായി വ്യക്തമായി. അതുകൊണ്ട് കുഞ്ഞിനെ വച്ചുകൊണ്ടുതന്നെ താക്കോൽദ്വാര ശസ്ത്രക്രിയവഴി മുഴ എടുത്തുകളഞ്ഞു. അതുകഴിഞ്ഞ് കുഞ്ഞ് സുരക്ഷിതമാണെന്ന് ഉറപ്പിച്ച് ഡിസ്ചാർജ് ചെയ്തു. എന്നാൽ ഇതൊന്നുമായിരുന്നില്ല ഞങ്ങളുടെ കർത്താവിന്റെ പദ്ധതി. ബയോപ്സി റിപ്പോർട്ടിൽ എനിക്ക് കാൻസർ ആണെന്ന് തെളിഞ്ഞു. അതറിയിച്ചത് എന്റെ ഭർത്താവിനെയായിരുന്നു. അപ്പോൾ അദ്ദേഹം അനുഭവിച്ച വേദന ഇപ്പോഴും എനിക്ക് സങ്കല്പിക്കാൻ കഴിയില്ല. കാരണം അദ്ദേഹം ആദ്യമായാണ് ഇങ്ങനെ ഒറ്റയ്ക്ക് ഒരു കാര്യം തരണം ചെയ്യേണ്ടിവന്നത്. ഭർത്താവിനോട് എത്രയും വേഗം കുഞ്ഞിനെ അബോർട്ട് ചെയ്യാൻ എന്നെക്കൊണ്ട് സമ്മതിപ്പിക്കണമെന്നും ഉടനെ ട്രീറ്റ്മെന്റ് ആരംഭിച്ചില്ലെങ്കിൽ എന്റെ ജീവനുഭീഷണി ആണെന്നും ഡോക്ടർ പറഞ്ഞു. അടുത്ത ദിവസം രാവിലെ എന്നോട് അവതരിപ്പിച്ചു, "ഞാൻ നിന്നെ കണ്ടിട്ടുള്ളത് നമ്മുടെ ചോരയിൽ നിന്റെ വയറ്റിലുള്ള കുഞ്ഞിനെ കണ്ടിട്ടല്ല. ഇപ്പോൾ ഇത് നിന്റെ ആരോഗ്യത്തിന് നല്ലതല്ല. നമുക്ക് ഏതറ്റംവരെയും പോകാം. പക്ഷേ ഈ കുഞ്ഞ് നിന്റെ ജീവന് ഭീഷണിയാണെങ്കിൽ നമുക്ക് ഈ കുഞ്ഞിനെ വേണ്ടെന്നുവയ്ക്കേണ്ടിവരും അതിന് നീ സമ്മതിക്കണം." ഞങ്ങൾ രണ്ടുപേരും പൊട്ടിക്കരഞ്ഞു. അതുകഴിഞ്ഞ് അടുത്ത ദിവസം തന്നെ എന്റെ ശരീരത്തിൽ ന്യൂക്ലിയർ മെഡിസിൻ കടത്തിവിടുന്നതിന് മുൻപായി എന്റെ കുഞ്ഞിനെ അബോർട്ട് ചെയ്തു. അതിന്റെ തൊട്ടടുത്ത ദിവസം തന്നെ കീമോതെറാപ്പി ആരംഭിച്ചു.

പ്രാർത്ഥനയാണ് കുടുംബ കൂട്ടായ്മയുടെ ശക്തി. ഒരുമിച്ചു പ്രാർത്ഥിക്കുമ്പോൾ, ദൈവസാന്നിധ്യം അനുഭവിക്കുമ്പോൾ പരസ്പരം ക്ഷമിക്കാനും സ്നേഹിക്കാനും പങ്കുവയ്ക്കാനും സാധിക്കുന്നു. ദൈവിക പദ്ധതിയോട് ചേർന്നു നിൽക്കാൻ സാധിക്കുന്നു.

ഈ സാഹചര്യങ്ങളിലെല്ലാം ഞങ്ങൾക്ക് തുണയായി നിന്നത് ഞങ്ങളെ ഒത്തിരി സ്നേഹിക്കുന്ന ഞങ്ങളുടെ കർത്താവും, ഞങ്ങൾക്ക് പൊസിറ്റീവ് എനർജി പകർന്നുതരാനായി കർത്താവ് നിയോഗിച്ച എന്റെ ചേച്ചിയും ചേട്ടനുമായിരുന്നു. ഇവർ ഒഴികെ വേറെ ആരും തന്നെ എന്റെ ചികിത്സയ്ക്കിടയിൽ ആർസിസി കണ്ടിട്ടില്ല. എന്റെ വീട്ടിൽ ഞങ്ങൾ നാലു മക്കളാണ്.

ഞങ്ങളുടെ മാതാപിതാക്കൾ പകർന്നുതന്നെ ചിട്ടയായ ജീവിതശൈലിയും, വിശ്വാസജീവിതവും പ്രാർത്ഥനകളും കൊണ്ടാണ് ഞങ്ങളുടെ ജീവിതത്തിലെ ഈ കൊച്ചുകൊച്ചുസഹനങ്ങളെ ഞങ്ങൾക്ക് അതിജീവിക്കാനായത്. ഓരോ സഹനങ്ങൾ ഉണ്ടാകുമ്പോഴും അതോടൊപ്പം തന്നെ അതിനെ - അതായത് സാമ്പത്തികമായും, മാനസികമായും ശാരീരികമായും അതിജീവിക്കാനുള്ള കരുത്തും ഞങ്ങളെ ഒത്തിരി അധികം സ്നേഹിക്കുന്ന ഞങ്ങളുടെ കർത്താവ് നൽകുന്നു.

സന്തോഷവും സംതൃപ്തിയും

ആദ്യരാത്രിയിൽ കിടപ്പുമുറിയിലേക്ക് ഞാൻ കയറിയത് ഭയന്നുവിറച്ച മനസ്സും തണുത്തുമരവിച്ച ശരീരവുമായിട്ടാണ്. കാരണം ആദ്യ രാത്രിയെക്കുറിച്ചുള്ള എന്റെ അറിവുകൾ അത്രയേറെ ഭീതിജനകമായിരുന്നു. സിംഹത്തിന്റെ മുന്നിൽപ്പെട്ട പേടമാനെപ്പോലെ ഞാനദ്ദേഹത്തിന്റെ മുന്നിൽ നിന്നുവിറച്ചു. അദ്ദേഹത്തിന്റെ സമീപനമെന്തായിരിക്കും. വായിച്ചറിഞ്ഞതും കൂട്ടുകാരികൾ പറഞ്ഞതും സിനിമാസീരിയലുകളിൽ കണ്ടതുമായ ആദ്യരാത്രികൾ എന്റെ മനസ്സിലൂടെ ഒരു നിമിഷംകൊണ്ട് കടന്നുപോയി. യഥാർത്ഥത്തിൽ ലൈഗികത എന്താണെന്ന് വ്യക്തമായി പറയാൻ അന്നെനിക്കാകുമായിരുന്നില്ല. എന്റെ പരിഭവവും പരുങ്ങലും കണ്ടിട്ടാവാം അദ്ദേഹം ചോദിച്ചു. കുട്ടിയെന്തിനാ ഇങ്ങനെ ഭയക്കുന്നത്. ഞാൻ കുട്ടിയെ ഉപദ്രവിക്കുകയൊന്നുമില്ല. ഇന്നുമുതൽ നാം ഒന്നാണ്. ഇവിടെ ഭയത്തിന് സ്ഥാനമില്ല. കുട്ടിയെപ്പോലെ തന്നെ ഇതെന്റെ ആദ്യരാത്രിയാണ്. എന്തുപറയണമെന്നോ എങ്ങനെ പെരുമാറണമെന്നോ എനിക്കും അറിയില്ല. എന്തായാലും നാം വിവാഹിതരാണെന്നും ഇനി ഒരുമിച്ചു ജീവിക്കേണ്ടവരാണെന്നും നമുക്കറിയാം. ഇത്രയുമായപ്പോഴേക്കും എനിക്ക് തെല്ലൊരാശ്വാസമായി. കുട്ടിയുടെ സമ്മതമില്ലാതെ ആ ശരീരത്ത് ഞാൻ സ്പർശിക്കുക പോലുമില്ലെന്ന് അദ്ദേഹം പറഞ്ഞപ്പോൾ എന്റെ ഭയം ഇല്ലാതായി. പിന്നീട് വിവാഹ തലേന്നത്തെ വിശേഷങ്ങൾ പറഞ്ഞ് തുടങ്ങിയ ഞങ്ങൾ അവസാനം അടുത്ത കൂട്ടുകാരെപ്പോലെയായി. അദ്ദേഹമാണ് അത് പറഞ്ഞുതുടങ്ങിയത്. നമ്മുടെ ജീവിതത്തിൽ സ്വാർത്ഥത എന്നൊന്ന് ഉണ്ടാകരുത്. അത് ഏതുകാര്യത്തിലായാലും. നിന്റെ സംതൃപ്തിയും സന്തോഷവുമായിരിക്കണം എന്റെ ലക്ഷ്യം. അതുപോലെ എന്റെ സന്തോഷമായിരിക്കണം നിന്റെയും ലക്ഷ്യം. അത് നമ്മുടെ സ്വകാര്യനിമിഷത്തിലും. ശാരീരികബന്ധത്തിലും ഉണ്ടാകണം. ദിവസങ്ങൾ ഓരോന്നായി പിന്നിട്ടപ്പോൾ അദ്ദേഹത്തിന്റെ ലൈംഗിക താല്പര്യങ്ങൾ അദ്ദേഹം എനിക്ക് പറഞ്ഞുതന്നു. ഒപ്പം ഞാനും. ഇന്ന് ഞങ്ങൾ സംതൃപ്തരാണ്. ലൈംഗികത വെറും ശാരീരികസുഖത്തിനായി മാത്രം അനുഷ്ഠിക്കേണ്ട ഒന്നല്ലെന്നും അത് ഒരു സൃഷ്ടികർമ്മം കൂടിയാണെന്നും ഇണയുടെ സംതൃപ്തിയും സന്തോഷവുമാണ് ആ സൃഷ്ടികർമ്മത്തെ മഹത്വവൽക്കരിക്കുന്നതെന്നുമുള്ള ഒരു തിരിച്ചറിവ് ഞങ്ങളുടെ കുടുംബജീവിതത്തെ ഭദ്രതയുള്ളതാക്കി. ചില കുടുംബപ്രശ്നങ്ങളുടെ പേരിൽ, മക്കളെച്ചൊല്ലി ഞങ്ങൾ കലഹിക്കാറുണ്ട്. പക്ഷേ, ഒരു രാത്രിയിൽ കൂടുതൽ ആ പിണക്കം നീണ്ടുപോയിട്ടില്ല. നിസ്വാർത്ഥമായ ഭാര്യാ-ഭർതൃബന്ധത്തിന്റെ അലംഘനിയതയാണ് ഞങ്ങളുടെ കുടുംബഭദ്രതയുടെ കാരണം.

പ്രാർത്ഥന

പ്രാർത്ഥനയാണ് കുടുംബകൂട്ടായ്മയുടെ ശക്തി. ഒരുമിച്ചുപ്രാർത്ഥിക്കുമ്പോൾ, ദൈവസാന്നിധ്യം അനുഭവിക്കുമ്പോൾ പരസ്പരം ക്ഷമിക്കാനും സ്നേഹിക്കാനും പങ്കുവയ്ക്കാനും സാധിക്കുന്നു. ദൈവിക പദ്ധതിയോട് ചേർന്നുനിൽക്കാൻ സാധിക്കുന്നു. പൂർണമായും ദൈവത്തിൽ ആശ്രയിച്ച് ദൈവികമൂല്യങ്ങൾ മക്കൾക്ക് പകർന്നുകൊടുക്കുമ്പോൾ അവരും ദൈവവിശ്വാസത്തിലും, ദൈവഭയത്തിലും വളരുന്നു. അങ്ങനെ അവരുടെ ജീവിതത്തെ ചിട്ടപ്പെടുത്തുന്നതിനും, ദൈവാശ്രയബോധത്തിൽ

വളർന്നുവരാനും സാധിക്കും. അങ്ങനെ ദൈവിക പദ്ധതി അനുസരിച്ച് ജീവിക്കുമ്പോഴാണ് അവിടുത്തെ പരിപാലനം അനുഭവിക്കുക. ദൈവപരിപാലനം തിരിച്ചറിഞ്ഞ് ദൈവത്തെ സ്നേഹിക്കണം. ആ സ്നേഹവും, സന്തോഷവും മറ്റുള്ളവരുമായി പങ്കുവയ്ക്കുവാനും സാധിക്കണം.

ദൈവപരിപാലനം അടുത്തറിഞ്ഞ നിമിഷങ്ങൾ. എന്റെ സഹോദരനും കുടുംബവും കുടിയേറ്റ കർഷകരാണ്. സാമാന്യം ഭേദപ്പെട്ട ഓടുമേഞ്ഞ വീട് വർഷങ്ങളുടെ പഴക്കം കൊണ്ട് മോശമായിട്ടുണ്ട്. ജൂൺ മാസത്തിലെ കാറ്റുംമഴയും. മരങ്ങൾ എല്ലാം കാറ്റത്ത് ആടിയുലയുന്നു. വീടിന് ചുറ്റും 50 വർഷത്തോളം പഴക്കമുള്ള തെങ്ങുകൾ. ഞങ്ങൾ കുടുംബ പ്രാർത്ഥനയ്ക്കായി കൂടിയപ്പോഴും കാറ്റും മഴയും ശമിച്ചിട്ടില്ല. മരങ്ങൾ വീഴുന്ന ശബ്ദവും കാറ്റിന്റെ ഭീകരതയും പേടിപ്പെടുത്തുന്നു. എല്ലാം നാഥനിൽ സമർപ്പിച്ച് എല്ലാവരും കൂടി പ്രാർത്ഥിച്ചു. ഒരുമണിക്കൂർ നീണ്ട പ്രാർത്ഥന കഴിഞ്ഞപ്പോഴേക്കും കാറ്റുംമഴയും ശമിച്ചിരുന്നു. പ്രാർത്ഥന കഴിഞ്ഞ് ശബ്ദം കേട്ട ഭാഗത്തുനോക്കിയപ്പോൾ കൂട്ടത്തിൽ വലിയ തെങ്ങ് അടുക്കള ഭിത്തിയോട് ചേർന്ന് നിലംപൊത്തിയിരുന്നു. ഒരു ഓടുപോലും പൊട്ടിക്കാതെ. ഒരു നിമിഷത്തേക്ക് ഒന്നു ശബ്ദിക്കാതെ നിന്ന സഹോദരൻ ദൈവത്തിന് നന്ദി പറയാനും ആ പരിപാവനതയെ ഓർത്ത് സ്തുതിക്കാനും തുടങ്ങി. പ്രാർത്ഥനയുടെ മഹത്വവും ദൈവത്തിന്റെ കരുതലും അടുത്തറിഞ്ഞ നിമിഷങ്ങളായിരുന്നു അത്. ■

ലേഖനം
ഫാ. എ.ആർ.ജോൺ

കോൺവെന്റിലും ആശ്രമത്തിലുമിരുന്ന് ജപമാല ചൊല്ലുന്നവരാണ് സന്യസ്തർ. എന്നാൽ ഈ ജപമാല ഓരോ ദിനവും ഓരോ കുടുംബങ്ങളിൽ പോയി അവരോടൊത്ത് കുടുംബ പ്രാർത്ഥന നടത്തിയാൽ സന്യസ്ഥരുടെ പ്രാർത്ഥന അർത്ഥപൂർണമാവും. അതോടൊപ്പം ആ കുടുംബം വചനാധിഷ്ഠിത ജീവിതത്തിന് പ്രേരിതമാവുകയും ചെയ്യും.

കുടുംബ പ്രേഷിതത്വം

തകരുന്ന കുടുംബങ്ങൾ സഭയുടെ ഒരു നൊമ്പരമാണ്. കുടുംബം തകർന്നാൽ അത് സമ്പൂർണ തകർച്ചയായിരിക്കും. ഈ തകർച്ചയുടെ അടിസ്ഥാന കാരണം ദൈവത്തെ മറന്നുള്ള ജീവിതമാണ്. ഇത്തരുണത്തിൽ കുടുംബശുശ്രൂഷയെക്കുറിച്ച് സഭ കാലാകാലങ്ങളിൽ, പ്രത്യേകിച്ച് കഴിഞ്ഞ അൻപത് കൊല്ലമായി വളരെ വ്യക്തതയോടും കൃത്യതയോടും നമ്മെ പഠിപ്പിക്കുന്നുണ്ട്. എന്നാൽ സഭാമക്കൾ സഭാപഠനങ്ങളുടെ നേരെ മുഖം തിരിക്കുകയും അവഗണന വച്ചുപുലർത്തുകയും അറിവില്ലായ്മയുടെ മറവിൽ കുടുംബജീവിതം തുടർന്നുകൊണ്ടുപോവുകയും ചെയ്യുന്നു.

ഈ അവസരത്തിലാണ് ഫ്രാൻസിസ് പാപ്പ 2014 ലും 2015 ലുമായി അസാധാരണവും സാധാരണവുമായ രണ്ട് സിനഡുകൾ വിളിച്ചുകൂട്ടി ലോകത്തെ മുഴുവൻ കുടുംബത്തെക്കുറിച്ച് ചിന്തിക്കാനും ചർച്ചചെയ്യുവാനും പ്രശ്നപരിഹാരം കണ്ടെത്തുവാനുമായി ക്ഷണിച്ചത്. അതിന്റെ ഫലമായി കുടുംബങ്ങളുടെ അജപാലനത്തെക്കുറിച്ചുള്ള 'അമോരിസ് ലെത്തിസിയ' (സ്നേഹത്തിന്റെ സന്തോഷം) എന്ന അപ്പോസ്തോലിക പ്രബോധനം നൽകിയത്. അതിൽ സന്തോഷത്തിന്റെയും പ്രത്യാശയുടെയും കിരണങ്ങൾ പാപ്പ കുടുംബങ്ങൾക്ക് നൽകുന്നു, പാപ്പ പറഞ്ഞു. 'കുടുംബം ഒരു പ്രശ്നമല്ല. പ്രഥമവും പ്രധാനവുമായി അതൊരു അനുകൂല അവസരമാണ്.' (എ എൽ 7) അതിനെ കരുണയോടും ജാഗ്രതയോടും

വിളിയും ഉത്തരവാദിത്വവും

കൂടെ കാക്കണം എന്നും അഹ്വാനം ചെയ്യുന്നു.

ചുരുങ്ങിയ സമയംകൊണ്ടുതന്നെ 'സ്നേഹത്തിന്റെ സന്തോഷം' ലോക മാസികലം പഠനവിധേയമായിക്കഴിഞ്ഞു. കുടുംബജീവിതത്തെ ദൈവശാസ്ത്രത്തിന്റെ കാഴ്ചപ്പാടുകളിൽ നോക്കിക്കാണാതെ തികച്ചും ജീവിതബന്ധിയായ യാഥാർത്ഥ്യങ്ങളിലൂടെ നോക്കി കാണുകയും ലളിതസുന്ദരമായ ഭാഷയിൽ അവതരിപ്പിക്കുകയും ചെയ്യുന്ന പാപ്പ കരുണയോട് ചേർന്ന ആഹ്വാനം നൽകുന്നു. ഫ്രാൻസിസ് പാപ്പയുടെ ഈ പ്രബോധനം ഗൗരവത്തോടെ പഠിക്കുകയും തിരുവനന്തപുരം രൂപതയുടെ അജപാലനമേഖലകളിൽ നാം പുലർത്തേണ്ട സമീപന രീതികളും പ്രവർത്തനശൈലികളും ആവിഷ്കരിക്കുകയും അതിരൂപതയുടെ പശ്ചാത്തലത്തിൽ കുടുംബപ്രേക്ഷിതത്വം യൂണിറ്റ്, ഇടവക, ഫെറോന, അതിരൂപത തലങ്ങളിൽ ചെയ്യാവുന്ന പ്രവർത്തന പദ്ധതികളും പരിപാടികളും നിർദ്ദേശിക്കുകയും ചെയ്യുന്നു. വരുന്ന പ്ലാനും ബജറ്റും തയ്യാറാക്കുമ്പോൾ ഇവിടെ നിർദ്ദേശിക്കുന്ന കാര്യങ്ങൾ സഹായകമാകുമെന്ന് പ്രതീക്ഷിക്കുന്നു.

അജപാലകരുടെ വീണ്ടെടുപ്പ്

കുടുംബങ്ങളെ വീണ്ടെടുക്കാൻ ഞാനുൾപ്പെടുന്ന അജപാലകരെ വീണ്ടെടുക്കേണ്ടതുണ്ട്. കരുണയുടെ ഇടയന്മാരെയാണ് ഇന്നാവശ്യം. കുടുംബ ശുശ്രൂഷ നിർവഹിക്കുമ്പോൾ സഭ യുദ്ധക്കളത്തിലെ ഒരു ആതുരാലയം പോലെ പ്രവർത്തിക്കണമെന്നാണ് പറയുന്നത് (എ.എൽ 26) എല്ലാവരെയും നല്ലവരെയും മോശക്കാരെയും കൈപിടിച്ചു ഉയർത്തുന്ന കാരുണ്യമാണിത്. വ്യവസ്ഥകളധികമില്ലാതെ കാരുണ്യം കാണിക്കണം ഇടയപാലകർ. കുടുംബങ്ങളുടെ ജീവിതസാഹചര്യങ്ങൾ കണക്കിലെടുത്ത് മാത്രമേ വിധി പ്രസതാവിക്കാവൂ, കുടുംബങ്ങൾ നേരിടുന്ന വെല്ലുവിളികൾ വ്യത്യസ്തമായിരിക്കുന്നതുകൊണ്ട് സഭയുടെ അജപാലന സമീപനവും വ്യത്യസ്തമാകണം. ക്രമരഹിതമായ കുടുംബ ജീവിതം നയിക്കുന്നവരെ യൂണിറ്റുതലത്തിൽ കണ്ടെത്തി അവരെ കൗദാശിക ജീവിതത്തിലേക്ക് ഒരുക്കണം. സഭാനടപടികൾ ലഘൂകരിച്ച് സഭാകൂട്ടായ്മയിലേക്ക് കൊണ്ടുവരണം. അങ്ങനെ അനുധാവനം (കൂടെ നടക്കുക), സൂക്ഷ്മത (വിവേചിച്ചറിയുക), ഏകോപനം (സമന്വയിപ്പിക്കുക) എന്നീ മൂന്നു ക്രിയാപദങ്ങളിലൂടെ കുടുംബ അജപാലന ശുശ്രൂഷ നിർവഹിക്കണമെന്ന് പാപ്പ ആവശ്യപ്പെടുന്നു. ഭവനസന്ദർശനം, കുടുംബത്തിലെ പ്രധാന സമയങ്ങളിൽ (ജനനം, ആദ്യകുർബാന, രോഗം, അപകടം, നഷ്ടം, മരണം) അജപാലകർ കൂടെ ആയിരിക്കേണ്ടതുണ്ട്. ഒരമ്മ പറഞ്ഞതോർക്കുന്നു, അച്ചാ, അച്ചനെന്റെ പ്രശ്നം തീർക്കണ്ട, കൂടെയുണ്ടായാൽ മതി, പ്രാർത്ഥിച്ചാൽ മതി.

സന്യസ്തരുടെ വീണ്ടെടുപ്പ്

കുടുംബങ്ങളെ വീണ്ടെടുക്കാൻ സന്യാസീ-സന്യസിനിമാർക്കുള്ള കൃപ പൂർണമായി പ്രയോജനപ്പെടുത്തേണ്ടതായുണ്ട്. പ്രധാനമായും വ്യക്തികളെ അറിയുക അവരോട് നിരന്തരം സംവദിക്കാൻ സമയം കണ്ടെത്തുകയും ചെയ്യുക വഴി കുടുംബങ്ങളെ വീണ്ടെടുക്കാനാവും. മനഃശാസ്ത്രപരമായി കേൾക്കാനാരുമില്ലാത്തതാണ് കുടുംബങ്ങളെ തകർച്ചയിലേക്ക് നയിക്കുന്ന ഒരു പ്രധാനകാര്യം. കോൺവെന്റിലും ആശ്രമത്തിലുമിരുന്ന് ജപമാല ചൊല്ലുന്നവരാണ് സന്യസ്തർ. എന്നാൽ ഈ ജപമാല ഓരോ ദിനവും ഓരോ കുടുംബങ്ങളിൽ പോയി അവരോടൊത്ത് കുടുംബപ്രാർത്ഥന നടത്തിയാൽ സന്യസ്ഥരുടെ പ്രാർത്ഥന അർത്ഥപൂർണമാവും. മറുവശത്ത് ആ കുടുംബത്തെ നാം വീണ്ടെടുക്കും തീർച്ച. ഈ ഒരു കൊച്ചു കാര്യംകൊണ്ട് എന്തുമാത്രം കുടുംബങ്ങളെ ഓരോ ദിവസവും വീണ്ടെടുക്കാൻ കഴിയും! ഹോം മിഷൻ പ്രവർത്തനങ്ങളുടെ സജീവപങ്കാളിത്തവും ബിസിസി പ്രാർത്ഥനായോഗങ്ങളെ ജീവനേതൃത്വം നൽകാനും സന്യസ്തർക്ക് കഴിയും.

അൽമായരുടെ വീണ്ടെടുപ്പ്

ഫ്രാൻസിസ് പാപ്പ കുടുംബങ്ങളെ വീണ്ടെടുക്കാൻ അല്മായ അജപാലകരെ ക്ഷണിക്കുന്നു. നമ്മുടെ അതിരൂപതയുടെ പശ്ചാത്തലത്തിൽ നല്ല അല്മായർക്ക് കുടുംബങ്ങളെ വീണ്ടെടുക്കുന്ന പ്രക്രിയയിൽ വലിയ സംഭാവനകൾ ചെയ്യാൻ കഴിയും. വൈദീകർക്കും സന്യസ്ഥർക്കും കടന്നുചെല്ലാൻ കഴിയാത്ത പല കുടുംബമേഖലകളിലും അവർക്ക് അജപാലകരാകാൻ കഴിയും. ബി.സി.സി. സാമൂഹ്യഭക്തസംഘടന, മതബോധനാധ്യാപകർ, അനുരഞ്ജന സമിതി എന്നിവ ചില ഉദാഹരണങ്ങളാണ്. പക്വതയും ജീവിതാനുഭവങ്ങളുള്ള അല്മായർക്ക് അവരുടെ തിരുകുടുംബജീവിതം വഴിയും പ്രശ്നങ്ങളുള്ള കുടുംബങ്ങളെ സന്ദർശിച്ച് കൗദാശിക ജീവിതത്തിലേക്ക് ഒരുക്കിയും കുടുംബപ്രേഷിതത്വത്തിലെ വിവിധ ഫോറങ്ങൾക്ക് അച്ചനോട് ചേർന്നുനിന്നുകൊണ്ട് നേതൃത്വം നൽകുകയും ചെയ്യാം.

കുടുംബ പ്രേഷിതത്വം ഒരുവിളിയും ഒരു ഉത്തരവാദിത്വവുമാണ്. പ്രശ്നങ്ങളെ പഠിക്കുകയല്ല വേണ്ടത് മറിച്ച് അവരുടെ കൂടെ നടക്കാനുള്ള അജപാലനരീതിയാണ് രൂപപ്പെടേണ്ടത്. ഈ ശുശ്രൂഷയിലൂടെ ആരും ആരോടും ഔദാര്യം കാണിക്കുന്നില്ല, മറിച്ച് ദൈവവും കാലവും നമ്മോടാവശ്യപ്പെടുന്ന വിളിക്ക് വിശ്വസ്തത പാലിക്കുന്നു എന്നുമാത്രം. ഇന്ന് സഭ വളരേണ്ടതും വിശുദ്ധീകരിക്കപ്പെടേണ്ടതും കുടുംബങ്ങളുടെ വിശുദ്ധീകരണം വഴിയാണ്. കുടുംബജീവിതം നയിക്കുന്നവർക്ക് അവരുടെ വീണ്ടെടുപ്പിന് കുടുംബത്തിന്റെ വീണ്ടെടുപ്പില്ലാതെ മറ്റൊരു മാർഗ്ഗവുമില്ല. അതെ 'കുടുംബത്തിന്റെ പാതയാണ്, സഭയുടെ പാത' (ജോൺപോൾ 2-ാമൻ മാർപാപ്പ). ■

ലേഖനം

ടെറിൻ പള്ളിത്തുറ

മതിലുകൾ പാലങ്ങൾക്ക് വഴിമാറട്ടെ

ചോരക്കുഞ്ഞുമുതൽ പടുവൃദ്ധർവരെ ഒരു കൂരയ്ക്കുകീഴിൽ. എല്ലാപേരിലും എല്ലാപേർക്കുമൊരു കണ്ണ്. സ്വയംപര്യാപ്തതയുടെ, ഗ്രാമസ്വരാജിന്റെ ഏറ്റവും ചെറിയ യൂണിറ്റ്. ഉമ്മറക്കോലായിലെ കഴുക്കോലിനിടയിൽ ഒരു ചൂരൽവടി, കാരണവരുടെ തറപ്പിച്ചൊരു നോട്ടം. ക്രമസമാധാനം പരിപൂർണമായി. സ്വകാര്യസ്വത്തില്ല. തികഞ്ഞ സോഷ്യലിസം. റിസർവ് ബാങ്കിന്റെ ദൗത്യം കാരണവരുടെ നാവിൻതുമ്പിൽ. സമൃദ്ധമായ അടുക്കള. കുശുമ്പും കുന്നായ്മയുമൊക്കെയുണ്ടെങ്കിലും ഏവരും സന്തുഷ്ടർ. ഇതൊരു ഉട്ടോപ്യൻ കാഴ്ചപ്പാടല്ല. ഒരു കാലത്ത് കേരളത്തിൽ നിലനിന്നിരുന്ന കൂട്ടുകുടുംബവ്യവസ്ഥയുടെ നേർസാക്ഷ്യം.

കാരണവർ ചൂണ്ടിക്കാട്ടുന്നവനുമുന്നിൽ കഴുത്തുകുനിക്കുന്ന പെൺകുട്ടികൾ. പത്തുപെറ്റാലും കെട്ടിയോന്റെ മുഖമൊന്നുനേരെചൊവ്വേ കണ്ടിട്ടില്ലാത്തവർ. പൂമുഖത്തേക്കുള്ള വാതിൽപ്പാളിക്കുപിന്നിൽ നിന്ന് എത്തിനോക്കാൻ വിധിക്കപ്പെട്ടവർ. പെൺശബ്ദം ചുവരുകൾക്കുള്ളിൽ നേർത്ത മർമ്മരങ്ങളായൊടുങ്ങി. അനുസരണ അടിമത്തത്തിന് വഴിമാറിയോ? പുരുഷനെ സന്തോഷിപ്പിക്കാനും അവന്റെ പൈതങ്ങളെ പെറ്റുകൂട്ടാനും മാത്രമുള്ള യന്ത്രമായി കരുതപ്പെട്ടിരുന്ന സ്ത്രീ അടുക്കളയിൽ നിന്ന് അരങ്ങത്തെത്തിയതാണ് കുടുംബത്തകർച്ചയ്ക്ക് കാരണമായതെന്ന് വാദിക്കുന്ന പാരമ്പര്യവാദികൾ ആധുനിക സമൂഹത്തിലും കുറവല്ല.

കുടുംബബന്ധങ്ങളുടെ ദൃഢതയ്ക്ക് പേരുകേട്ട നാട്. ഇന്ന് വിവാഹത്തീയതിക്കൊപ്പം വിവാഹമോചനത്തീയതിയും പ്രഖ്യാപിക്കുന്ന നിലയിലേക്ക് 'വളർന്നുകഴിഞ്ഞു.' ഉടുപ്പുമാറുന്ന ലാഘവത്തോടെ പങ്കാളിയെ മാറുന്നതിൽ നാം അഭിമാനിക്കുന്നവരായോ?

ഇത് 'ഡിസ്പോസിബിളിന്റെ' കാലം. 'യൂസ് ആന്റ് ത്രോ'. നിത്യജീവിതത്തിൽ മാത്രമല്ല, കുടുംബബന്ധങ്ങളിലും അനർത്ഥമായിക്കൊണ്ടിരിക്കുന്നു. ഇതിനിടയിൽപ്പെട്ട് ശിക്ഷിക്കപ്പെടുന്ന നിരപരാധികളുണ്ട് - കുഞ്ഞുങ്ങൾ. ഭാര്യാഭർത്താക്കന്മാർക്ക് അന്യോന്യം വിഴുപ്പലക്കാനുള്ള അലക്കുകല്ലുകളാണിവർ. നിത്യം കരഞ്ഞുറങ്ങാൻ വിധിക്കപ്പെട്ടവർ!

എവിടെയാണ് നമുക്ക് പിഴച്ചത്? ബിരുദാനന്തരബിരുദങ്ങളുടെ എണ്ണം കൂടി. അറിവുകൂടി തിരിച്ചറിവ് കുറഞ്ഞു. ദമ്പതികളെ ഭരിക്കുന്ന പ്രധാനഘടകം ഈഗോയായി മാറി. എന്നാണ് ഈ വാക്കിലെ 'ഇ'യെ ഒഴിവാക്കാൻ കഴിയുക? എങ്കിലല്ലേ 'ഗോ' സുഗമമാകൂ!

ഇന്നത്തെ സ്ഥിതിയിൽ സ്ത്രീയും പുരുഷനും ഒരുപോലെ അദ്ധ്വാനിച്ചെങ്കിലേ ഒരു സാധാരണ കുടുംബത്തിന് സാമ്പത്തിക ഭദ്രത കൈവരിക്കാനാവൂ. വീട്ടമ്മയായി ഒതുങ്ങിക്കൂടിയിരുന്ന പഴയ തലമുറയിൽ നിന്ന് ഉദ്യോഗസ്ഥയിലേക്കുള്ള മാറ്റം കാലത്തിന്റെ അനിവാര്യതയായിരുന്നു. അപ്പോഴും പാരമ്പര്യത്തിന്റെ ചട്ട

ക്കൂട് മാറിയില്ല. ഫലമോ കുടുംബിനിയായും ഉദ്യോഗസ്ഥയായും 'ഡബിൾ റോളിൽ' തിളങ്ങേണ്ട ഉത്തരവാദിത്തത്തിലേക്ക് സ്ത്രീക്ക് മാറേണ്ടിവന്നു. പാചകവും തുണിയലക്കലും പാത്രം കഴുകലും മുറ്റമടിക്കലും ചെടിക്ക് വെള്ളമൊഴിക്കലുമെല്ലാം ഇന്ന് ഭാര്യയ്ക്ക് 'സ്വന്തം'. പൊതുരംഗത്തേക്ക് സ്ത്രീകൾ കടന്നുവരാൻ മടിക്കുന്നതിന്റെ കാരണവും മറ്റൊന്നല്ല. വീടുപണിയും ഓഫീസ് ജോലിയും കഴിഞ്ഞ് എപ്പോഴാണാവോ ഒന്നു നടു നിവർത്തുക.

കുടുംബത്തിൽ കുട്ടികളുടെ എണ്ണം കുറഞ്ഞതും പ്രശ്നമായി. 'ഒന്നും ഒരുമുറിയുമായി' കുട്ടികളുടെ എണ്ണം കുറഞ്ഞത് സ്വാർത്ഥത വളരാൻ കാരണമായി. ഞങ്ങളുടെ അമ്മ, ഞങ്ങളുടെ അച്ഛൻ, ഞങ്ങളുടെ വീട്.... എന്റെ അമ്മ, എന്റെ അച്ഛൻ, എന്റെ വീട് എന്നിവയ്ക്ക് വഴി മാറി. ഞാൻ, ഞാൻ എന്ന അഹന്തയും കൂടി. കാരണവരുടെ സ്ഥാനം കുട്ടി കൈയടക്കി. കുട്ടിയാണ് കുടുംബത്തിലെ രാജാവ്! ഒന്നിനോടും സമരസപ്പെടാൻ അവർക്കാകുന്നില്ല. സഹവർത്തിത്വം എന്ന വാക്കുപോലും അവർക്ക് അന്യമായി.

ഉമ്മറത്തെ ചാരുകസേരയിലിരുന്ന മുത്തച്ഛൻ വീടിനുള്ളിലെ ഇരുണ്ട മുറിയിലേക്ക് മാറ്റപ്പെട്ടപ്പോൾ കുടുംബത്തിന്റെ പ്രകാശവും കെട്ടു. വാവിട്ട വാക്കുപോലെയാണിന്ന് കുടുംബം. പഴയത് ശ്രേഷ്ഠമായിരുന്നെന്ന തിരിച്ചറിവുണ്ടാകുമ്പോഴേക്കും ഒരിക്കലും തിരിച്ചുപിടിക്കാനാവാത്തവിധം ആ നന്മ നഷ്ടപ്പെട്ടുവെന്ന് നാം അറിയുന്നു. അതൊരിക്കലും തിരിച്ചുവരില്ല.

ഉള്ളതിനെ മെച്ചപ്പെടുത്തുന്നതെങ്ങനെയെന്ന് ചിന്തിക്കുന്നതല്ലേ കരണീയം?

എന്നെപ്പോലെ വികാരവിചാരങ്ങളുള്ളയാളാണ് എന്റെ പങ്കാളിയെന്ന തിരിച്ചറിവാണ് കുടുംബബന്ധങ്ങളുടെ കാതൽ. എനിക്ക് പ്രിയപ്പെട്ടതൊന്നും നഷ്ടപ്പെടുത്താൻ എനിക്കാവില്ല. എന്നാൽ എന്റെ ഇച്ഛയ്ക്കൊത്ത് എന്റെ പങ്കാളി മാറണമെന്ന് ശഠിക്കുന്നത് നന്നല്ല. എന്റെ മാതാപിതാക്കൾ, സഹോദരങ്ങൾ, ബന്ധുജനങ്ങൾ..... എല്ലാമെല്ലാം എനിക്ക് ഒരിക്കലും നഷ്ടമാകരുത്. എന്നാൽ പങ്കാളിക്ക് അതൊന്നും പാടില്ല. പാടുള്ളതെന്തെന്ന് ഞാൻ തീരുമാനിക്കും. ഇത്തരം ചിന്തകൾ വെറുപ്പും വിദ്വേഷവും വളർത്താനേ ഉപകരിക്കൂ.

സാമ്പത്തികാസമത്വം മറ്റൊരു വലിയ പ്രശ്നമാണ്. ഉടമയും അടിമയുമായി ജീവിക്കേണ്ടിവരുന്ന അവസ്ഥ എത്രയോ അപഹാസ്യം!

മത്സരങ്ങളുടെ ലോകം സൃഷ്ടിക്കുന്ന മാനസികപ്രശ്നങ്ങളും അനവധി. മദ്യപാനം, ലഹരിവസ്തുക്കളുടെ ഉപഭോഗം എന്നിവ കാലക്രമേണ സംശയരോഗങ്ങൾ, മറ്റ് ശാരീരികാസ്വാസ്ഥ്യങ്ങൾ എന്നിവയ്ക്ക് വഴിമാറുന്നു. കുടുംബം നരകമായി മാറുന്നു.

ദൈവത്തെ നഷ്ടപ്പെടുത്തിയതാണ് ആദവും ഹവ്വയും ഉൾപ്പെട്ട ആദ്യകുടുംബത്തിന്റെ തകർച്ചയ്ക്ക് കാരണം. ദൈവത്തെപ്പോലെയാക്കാമെന്ന മോഹനവാഗ്ദാനത്തിന് മുന്നിൽ ആദ്യം ഹവ്വ വീണു. പിറകേ ആദവും. അതുതന്നെ വ്യത്യസ്ത രൂപത്തിലും ഭാവത്തിലും കുടുംബത്തിൽ സംഭവിച്ചുകൊണ്ടിരിക്കുന്നു.

സ്നേഹമുണ്ടാകണമെങ്കിൽ കനത്ത ബാങ്ക് ബാലൻസിന്റെയോ മനംമയക്കുന്ന സൗന്ദര്യത്തിന്റെയോ വിലപിടിപ്പുള്ള വസ്തുക്കളുടെയോ ആവശ്യമില്ല. അതിനുവേണ്ടത് മനസ്സാണ്. മനസ്സുകൾക്കിടയിൽ ജയിലിനേക്കാൾ ഉയരത്തിൽ മതിലുപണിത് അതിന്മേൽ ഈഗോ എന്ന ആണിയും കുപ്പിച്ചില്ലുമുറപ്പിച്ച് ഒരു കൂരയ്ക്കുകീഴിൽ അപരിചിതരായി ജീവിച്ച് നാട്ടുകാരുടെ മുന്നിൽ സ്നേഹത്തിന്റെ 'ഷോ' കാണിക്കുന്ന കപടമുഖം വലിച്ചെറിയാം.

'വരിക സഖീ, യരികത്തുചേർന്നു
നിൽക്കൂ
പഴയൊരുമന്ത്രം സ്മരിക്കനാ-
മന്യോന്യ, മൂന്നുവടികളായ്
നില്ക്കാം
ഹാ! സഫലമീയാത്രയെന്ന് കവി
ക്കൊപ്പം നമുക്കും പാടാം.

അതേ, മനസ്സുകൾക്കിടയിലെ മതിലുകൾ ഇടിച്ചുനിരത്താം. പാലങ്ങൾ പണിയുന്നവരാകട്ടേ ദമ്പതികൾ. കുഞ്ഞുങ്ങൾ അതിലൂടെ അച്ഛനമ്മമാരുടെ മനസ്സിലേക്ക് അങ്ങോട്ടുമിങ്ങോട്ടും ഒടിക്കളിക്കട്ടെ. ■

ലേഖനം

രീഷ്മ
സന്യാസാർത്ഥിനി, ബക്കിത്ത ഭവൻ, വെട്ടുതുറ

വളർന്നുവന്ന ജീവിത പരിസരങ്ങൾ നൽകിയ കുടുംബ അറിവുകളുടെ വെളിച്ചത്തിൽ വിശുദ്ധരുടെ ജീവിതാനുഭവപാഠങ്ങൾ യുവസന്യാസാർത്ഥിനി നമ്മോട് പങ്കുവയ്ക്കുന്നു

കുടുംബം വിശുദ്ധിയുടെ വിളനിലം

സ്നേഹബന്ധങ്ങളുടെ വറ്റാത്ത നീരുറവയായ കുടുംബം ദൈവം മനുഷ്യനോട് കാണിച്ച സ്നേഹത്തിന്റെ മൂർത്തീഭാവമാണ്. ദൈവത്തിന്റെ രക്ഷാകരപദ്ധതിയുടെ വിളിയും ദൗത്യവും കുടുംബമെന്ന സംജ്ഞയിൽ അടങ്ങിയിരിക്കുന്നു. രണ്ടുവ്യക്തിത്വങ്ങൾ ഒരേ കാഴ്ചപ്പാടോടുകൂടി സഹവസിക്കുന്ന ദൈവികതയുടെ രഹസ്യമാണ് കുടുംബം. ഫ്രാൻസിസ് മാർപാപ്പ പറയുന്നതുപോലെ 'ദൈവം സൃഷ്ടിച്ചതിൽ ഏറ്റവും മനോഹരമായ ഒന്നാണ് കുടുംബം.' സ്ത്രീയെയും പുരുഷനെയും സൃഷ്ടിച്ചദൈവം, തന്റെ സ്നേഹം മുഴുവൻ അവർക്ക് നൽകി. ദൈവികമായ ഈ സ്നേഹരഹസ്യമാണ് കുടുംബത്തിന്റെ പവിത്രതയെ മഹനീയമാക്കുന്നത്. ദമ്പതികൾ തമ്മിൽ തുറന്നുസംസാരിക്കാനുള്ള സ്വാതന്ത്രവും തീരുമാനങ്ങൾ രൂപീകരിക്കുന്നതിനുള്ള കൂട്ടുത്തരവാദിത്വവും പരസ്പര വിശ്വാസവും തുറവിയും വിട്ടുവീഴ്ചയുള്ള മനോഭാവവും ആത്മാർത്ഥമായ സ്നേഹവുമാണ് ദാമ്പത്യത്തിന്റെ ആദാരശില.

ഓരോ വ്യക്തിത്വത്തെയും ധാർമികതയിലും സന്മാർഗികതയിലും വളർത്താനും നിലനിർത്താനും കുടുംബത്തിന് സാധിക്കണം. മാതാപിതാക്കൾ മക്കൾക്ക് റോൾ മോഡൽ ആകണം. ദൈവം കുടുംബത്തിന് രൂപം നൽകിയത് ഒരു പ്രത്യേക നിയോഗത്തോടുകൂടിയാണ്. ഈ തിരിച്ചറിവ് കുടുംബത്തിന്റെ സൗന്ദര്യം വർധിപ്പിക്കുന്നു. സ്ത്രീ അമ്മയാകുമ്പോൾ ശാരീരികമായും മാനസികമായും അവൾ തന്റെ മക്കളുടെ ജനനത്തിനായി സ്വയം രൂപപ്പെടുത്തുന്നതുപോലെ പുരുഷനും പിതാവാകാൻ മാനസികമായി തയ്യാറാകണം. അങ്ങനെ മാതാപിതാക്കൾ തങ്ങളുടെ മക്കളുടെ ഉന്നമനത്തിനുവേണ്ടി സ്വയം ശൂന്യവൽക്കരിക്കേണ്ടിയിരിക്കുന്നു. ലോകമല്ല മക്കളെ സൃഷ്ടിക്കേണ്ടത്. അത് മാതാപിതാക്കൾ തന്നെയാണ്.

മക്കളെ വിശുദ്ധിയിൽ വളർത്തുക മതാപിതാക്കളുടെ കടമയാണ്. വളരെ ചെറുപ്പത്തിൽ തന്നെ പ്രാർത്ഥനയുടെ അരൂപിയിൽ അവർക്ക് ദൈവാഭിമുഖ്യം നൽകാൻ കഴിയണം. ഫ്രാൻസിലെ പാരാലിമോണിയയിലെ വിശുദ്ധയായ മാർഗരറ്റ് മേരി അലലോക് രാജകീയ ഉദ്യോഗസ്ഥന്റെ

അഞ്ചാമത്തെ മകളായിരുന്നു. അവളുടെ കുസൃതികളിൽ നിന്ന് അവളെ പിന്തിരിപ്പിക്കാൻ അമ്മ ഇങ്ങനെ പറയുമായിരുന്നു: "നീ ചെയ്യുന്ന ഈ പ്രവർത്തി ദൈവത്തിന് ഇഷ്ടമില്ലാത്തതാണ്." ഈ താക്കീത് തിന്മകളെ ചെറുത്തുനിൽക്കാൻ അവളെ ശീലിപ്പിച്ചു. തന്റെ തെറ്റുകൾക്ക് പ്രായശ്ചിത്തമായി ക്രൂശിതരൂപത്തിന് മുന്നിൽ മുട്ടികുത്തി അവൾ പ്രാർത്ഥിച്ചിരുന്നു. വിശുദ്ധിയുടെ പടവുകൾ കയറാൻ അവളെ സഹായിച്ചത് ഈ പ്രവൃത്തികളാണ്.

വിയറ്റ്നാം തടവറയിൽ 13 വർഷം നരകിച്ച കർദ്ദിനാൾ വാൻത്വാൻ തന്റെ അമ്മയെ ഓർക്കുന്നത് ഇപ്രകാരമാണ്: ഗർഭാശയത്തിൽ ഞാൻ ഉരുവിട്ടകാലം മുതൽ അമ്മ എന്നെ ദൈവവിശ്വാസം എന്തെന്ന് പഠിപ്പിച്ചു. പിച്ചവച്ചനാൾമുതൽ രാത്രിയിലും ബൈബിളിൽ നിന്നുള്ള കഥകൾ അമ്മ എനിക്ക് പറഞ്ഞുതന്നിരുന്നു. രാജ്യസ്നേഹം അവർ എന്നെ പഠിപ്പിച്ചു. വിശ്വാസവഞ്ചകരാൽ കൊല്ലപ്പെട്ട എന്റെ സഹോദരങ്ങളെ സംസ്കരിച്ച ധീരവനിതയാണ് എന്റെ അമ്മ." സ്നേഹത്തിൽ ഉടലെടുക്കുന്നതാണ് ശിക്ഷണം. ശിക്ഷണം നൽകുമ്പോൾ നിങ്ങളെ അവർ തിരസ്കരിച്ചേക്കാം. എന്നാൽ നിങ്ങളെ അവർ സ്നേഹിക്കുന്നില്ലെന്നല്ല അതിനർത്ഥം. ഒരുപക്ഷേ, തന്റെ വളർച്ചയ്ക്കുവേണ്ടിയാണ് തന്നെ ശിക്ഷിക്കുന്നതെന്ന് അവർക്ക് അറിയാത്തതുകൊണ്ടായിരിക്കാം. മാതാപിതാക്കളുടെ സ്നേഹത്തിന് മക്കൾ ഒരു വിലയും കല്പിക്കുന്നില്ലെന്ന് തോന്നിയേക്കാം. അപ്പോഴും മക്കൾക്കുവേണ്ടി പ്രവർത്തിക്കാനും പ്രാർത്ഥിക്കാനും കഴിയുന്നതാണ് മതാപിതാക്കളുടെ കടമ.

ആതുര ശുശ്രൂഷയുടെ മഹനീയ മാതൃകയായി മാറിയ വിശുദ്ധ മദർ തെരേസ തന്റെ അമ്മയെ ഓർക്കുന്നത് ഇപ്രകാരമാണ്: "തന്റെ മക്കൾക്കുള്ള ഭക്ഷണത്തിൽ നിന്ന് നല്ലൊരുഭാഗം ദരിദ്രർക്ക് കൊടുത്തിരുന്ന അമ്മ ആരും അറിയാതെ ഒരു വൃദ്ധസ്ത്രീയെ ജോലികളിൽ സഹായിച്ചുമിരുന്നു. ആ അമ്മയുടെ മടിത്തട്ടായിരുന്നു എന്റെ പ്രാഥമിക വിദ്യാലയം. അവിടെ നിന്നാണ് ദൈവസ്നേഹത്തിന്റെയും പരസ്നേഹത്തിന്റെയും അവിസ്മരണീയമായ പാഠം ഞാൻ പഠിച്ചത്."

ഇതാ മറ്റൊരു അമ്മയുടെ സാക്ഷ്യം: തന്റെ മകനായ വി.ഡോൺ ബോസ്കോ വൈദീകനാകുന്നതിന് മുമ്പ്, അമ്മ അവനോട് പറഞ്ഞു : "എല്ലാറ്റിലും ഉപരിയായി നീ ദൈവത്തെ അറിയണം. ഞാൻ നിന്നോട് ഒന്നും ചോദിക്കുന്നില്ല, ഒന്നും പ്രതീക്ഷിക്കുന്നില്ല. ഞാൻ ദരിദ്രയായി ജീവിച്ച് ദരിദ്രയായി മരിക്കാൻ ആഗ്രഹിക്കുന്നു. നീ ഒരു ധനികനായ വൈദികനായി തീർന്നാൽ ഞാൻ ഒരിക്കലും നിന്റെ അടുക്കൽ വരുകയില്ല." അമ്മ കൊടുത്തത് ദൈവസ്നേഹത്തിന്റെ പാഠമാണ്. ഇന്ന് പലമാതാപിതാക്കളും സമയം ചെലവഴിക്കുന്നത് സീരിയലുകൾക്ക് മുന്നിലും മദ്യ

(ശേഷം 24-ാം പേജിൽ)

നമ്മുടെ കുടുംബങ്ങൾ അഭിമുഖീകരിക്കുന്ന വെല്ലുവിളികൾ

- ★ സജീവമായ ദൈവവിശ്വാസത്തിന്റെ അഭാവം.
- ★ പരസ്പര വിശ്വാസക്കുറവും സംശയരോഗവും വൈകാരിക പക്വതക്കുറവും
- ★ കുടുംബ ജീവിതം - മിഥ്യാധാരണകൾ
- ★ കുടുംബജീവിതത്തിലെ മേൽക്കോയ്മകൾ
- ★ കുറവുകളെ അംഗീകരിക്കാനും സഹകരിക്കാനുമുള്ള (adjust) കഴിവില്ലായ്മ.
- ★ സ്ത്രീധന പ്രശ്നം, മദ്യപാനം, ലഹരിമരുന്നുകളുടെ ഉപയോഗവും, ഗാർഹിക പീഢനവും
- ★ ലൈംഗീകത അവഗണനയും തെറ്റായ ധാരണകളും
- ★ ഇടുങ്ങിയ മനോഭാവം
- ★ ജനങ്ങൾ തിങ്ങിപ്പാർക്കുന്നതു മൂലമുണ്ടാകുന്ന പ്രശ്നങ്ങളും വിവാഹേതര ബന്ധങ്ങളും
- ★ ദാരിദ്ര്യം, ഭവനരാഹിത്യം, തൊഴിലില്ലായ്മ
- ★ സഭാപഠനങ്ങളോടുള്ള അറിവില്ലായ്മയും അവഗണനയും
- ★ ധൂർത്തും ആഢംബര ഭ്രമവും
- ★ അണുകുടുംബത്തിലെ വൃദ്ധമാതാപിതാക്കൾ
- ★ Sexual deviation
- ★ ജീവനെതിരെ ചെയ്യുന്ന തെറ്റുകൾ (ഗർഭച്ഛിദ്രം)

പരിഹാരമാർഗ്ഗങ്ങൾ

- ★ കുടുംബവും, കൗദാശിക ജീവിതവും
- ★ സ്വയം അറിയുക, പോരായ്മകളുടെ, പാകപ്പിഴകളും തിരുത്തുക
- ★ ജീവിത സാഹചര്യങ്ങളെ തിരിച്ചറിയുക, അംഗീകരിക്കുക, പങ്കുവയ്ക്കുക
- ★ നിസ്വാർത്ഥത, സമത്വഭാവം, വൈകാരിക പക്വത
- ★ പരസ്പരം മനസ്സിലാക്കി, അംഗീകരിക്കാനും, സഹായിക്കാനും സഹകരിക്കാനും
- ★ തുല്യാവകാശം, ചികിത്സ, കുടുംബത്തിന്റെയും സമൂഹത്തിന്റെയും പിന്തുണ, മനക്കരുത്ത്, ദുശ്ശീലങ്ങൾ വേണ്ടായെന്ന് വയ്ക്കൽ
- ★ നിസ്വാർത്ഥത, പരസ്പരസമർപ്പണം, അംഗീകാരം
- ★ തുറവിയുള്ള മനസ്സും, വിവേചിച്ച് ഉപയോഗിക്കേണ്ടതിന്റെ ആവശ്യകത
- ★ വൈകാരിക പക്വതയും, നന്മതിന്മകളുടെ തിരിച്ചറിവ്
- ★ കരുണയും ആർദ്രതയും കരുതലും അവസരങ്ങളും
- ★ സഭാപഠനങ്ങളോടുള്ള തുറവിയും സഹകരണവും
- ★ ലാളിത്യവും എളിമയും
- ★ കടമയും കർത്തവ്യവും
- ★ സമത്വം
- ★ ജീവനെ മാനിക്കുക.

അഗസ്റ്റിൻ കണിപ്പിള്ളി

രാഷ്ട്രീയ നേതൃത്വങ്ങൾ രക്തദാഹികളായി മാറുന്നത് എന്തുകൊണ്ട്?

ശത്രുവിനെ അവന്റെ താവളത്തിൽ തന്നെ നേരിടണം എന്ന തന്ത്രമാണ് ബിജെപി ഇവിടെ പരീക്ഷിക്കുന്നത്. പാർട്ടി ഗ്രാമങ്ങളും സംവിധാനങ്ങളും കൊണ്ട് സിപിഎമ്മിന് മേൽക്കോയ്മയുള്ള കണ്ണൂർ മേഖലയിൽ രാഷ്ട്രീയമായി കടന്നുകയറാനുള്ള ബിജെപി തന്ത്രവും അതിനെ നേരിടാനുള്ള സിപിഎം ശ്രമവുമാണ് കണ്ണൂരിനെ രാഷ്ട്രീയ കൊലക്കളങ്ങളാക്കുന്നത്.

കണ്ണൂരിന് രക്തനിറമാണ്. ബീഭത്സമാണ് ഭാവം. കാളിമ ചൂഴ്ന്നു നിൽക്കുന്ന ഭീതിദായക അന്തരീക്ഷം. ഓർമ്മയിൽ പോലും ഭയം നിറയ്ക്കുന്ന അനുഭവങ്ങൾ. കണ്ണൂരിനോട് വിടപറയുമ്പോൾ ഒന്നു തിരിഞ്ഞുനോക്കാൻ പോലും മനസ്സുവന്നില്ല. മനസ്സ് അത്രയേറെ ഭയന്നിരുന്നു. കണ്ണൂരിൽ നടന്ന സ്കൂൾ കലോത്സവത്തിൽ പങ്കെടുത്തുമടങ്ങിയ ഒരു കുട്ടി കണ്ണൂരിനെ ഓർത്തെടുക്കാൻ ശ്രമിച്ചതിങ്ങനെയാണ്.

കൗമാരകേരളം കണ്ണൂരിലേക്ക് ഒഴുകിയെത്തിയ ആദ്യനാളുകളിൽ തന്നെയാണല്ലോ കണ്ണൂർ രാഷ്ട്രീയത്തിന്റെ രൗദ്രഭാവം ധർമ്മടം അങ്ങലൂർ ചോമന്റവിട സന്തോഷ്കുമാറിന്റെ കൊലപാതകത്തിലൂടെ ചുമന്ന് തുടുത്തത്. മരിച്ചത് ബിജെപിക്കാരനെങ്കിൽ കൊന്നത് സിപിഎം കാരനെന്ന പതിവ് രീതിക്ക് ഇത്തവണയും മാറ്റമുണ്ടായില്ല. രാഷ്ട്രീയ കൊലപാതകമല്ലെന്ന് സിപിഎം സംസ്ഥാന സെക്രട്ടറി പറയുമ്പോഴും കൊലപാതകത്തിന്റെ പേരിൽ പോലീസ് അറസ്റ്റു ചെയ്തത് ആറ് സിപിഎമ്മുകാരെയാണ്. കൊലപാതകം രാഷ്ട്രീയത്തിന്റെ പേരിലാണെങ്കിൽ അത് അനുവദനീയമാണെന്ന ധ്വനിയാണ് സിപിഎം നേതാവിന്റെ വർത്തമാനത്തിലുള്ളത്. അതുപോലെ തന്നെയാണ് ബിജെപി സംസ്ഥാന പ്രസിഡന്റും പറയുന്നത്. ഇത് രാഷ്ട്രീയ കൊലപാതകമാണോ എന്നറിയാൻ കോടതി നിരീക്ഷണ

ത്തിൽ സിബിഐ അന്വേഷണം തന്നെ വേണം എന്ന് കുമ്മനംരാജശേഖരനും പറയുന്നു. നിഷ്ഠൂരമായ കൊലപാതകങ്ങളെ ഇത്ര ലാഘവബുദ്ധിയോടെ കാണാൻ രാഷ്ട്രീയ നേതൃത്വങ്ങൾക്ക് എങ്ങനെ കഴിയുന്നു എന്നതാണ് ചിന്തിക്കേണ്ടത്.

സ്കൂൾ കലോത്സവ നാളിൽ നടന്ന ഈ കൊലപാതകം കേരളത്തിന്റെ ഇളം മനസ്സിൽ ഉണ്ടാക്കിയ അസ്വസ്ഥതയും ആശങ്കയും ആരും കാണാതെ പോകരുത്. കലോത്സവ വേദിയിൽ നിന്ന് 19 കിലോമീറ്റർ മാത്രം അകലെ ധർമ്മടത്ത് അർധരാത്രി വീടിന്റെ വാതിൽ തകർത്ത് അകത്തുകയറി കൊലപാതകം നടത്തുക. ഈ വാർത്തകേട്ട് കൗമാരകേരളം തരിച്ചുനിൽക്കുമ്പോഴാണ് കൊലയിൽ പ്രതിഷേധിച്ച് ഹർത്താൽ നടത്തിയവരുടെ അതിക്രമങ്ങൾ കൂടി ഈ കുരുന്നുകൾ സഹിക്കേണ്ടിവന്നത്. കണ്ണൂർ ജില്ലയിൽ നടന്ന ഹർത്താലിൽ നിന്ന് കലോത്സവവേദിയെ ഒഴിവാക്കിയിരുന്നെങ്കിലും ഭക്ഷണവും വെള്ളവും കിട്ടാതെ കുട്ടികളും മാതാപിതാക്കളും കഷ്ടപ്പെട്ടു. അതിലേറെ ക്രൂരമായിരുന്നു കലോത്സവവേദിക്ക് മുന്നിലൂടെ മൃതദേഹവുമായി നടത്തിയ വിലാപയാത്രയും അതിന് മുന്നോടിയായി നടന്ന സംഘർഷങ്ങളും. ഇക്കാര്യത്തിൽ ക്രമസമാധാനം ഉറപ്പുവരുത്തേണ്ട പോലീസ് സ്വീകരിച്ച നടപടി വിമർശന വിധേയമാണ്. പക്ഷപാതപരമായ സമീപനം എന്തിനായിരുന്നു ഇതൊക്കെ ഭീകരവും ഭീതിദായകവുമായ സംഭവങ്ങൾ ഇളംമനസ്സിൽ ഏൽപ്പിക്കുന്ന ആഘാതങ്ങൾ ചെറുതൊന്നുമല്ലെന്ന് അറിയാം എന്നതുകൊണ്ടായിരുന്നോ ഈ പ്രഹസനങ്ങൾ അത്രയും നടത്തിയത്. അതോ കണ്ണൂരിന്റെ വർത്തമാനകാല രാഷ്ട്രീയം വിദ്യാർത്ഥിലോകം കൂടി കണ്ടു വളരട്ടേയെന്ന ധാർഷ്ട്യമായിരുന്നോ? എന്തായാലും അതുവേണ്ടിയിരുന്നില്ലാ. കണ്ണൂരിന്റെ സമീപകാല രാഷ്ട്രീയം അത്ര നല്ലതായിരുന്നില്ലെന്ന് ഓർത്തെടുക്കാൻ അധികനേരം വേണ്ട. അഞ്ചുമാസത്തിനിടെ ആറുപേരുടെ ജീവൻ അപഹരിച്ച രാഷ്ട്രീയ തിമിരത്തിന് അറുതി വരുത്താനെന്നോണം കഴിഞ്ഞ നവംബർ 21 ന് മുഖ്യമന്ത്രി പിണറായി വിജയന്റെ അധ്യക്ഷതയിൽ തിരുവനന്തപുരത്ത് സർവകക്ഷിയോഗം കൂടിയത് കേരളം മറന്നിട്ടില്ല. അക്രമത്തിനെതിരെ മുഖം നോക്കാതെ നടപടിയെടുക്കുമെന്നും സമാധാന ധാരണകൾ ലംഘിക്കുന്നവരെ അതാത് പാർട്ടികളിൽ നിന്ന് പുറത്താക്കും എന്നൊക്കെയായിരുന്നു അന്ന് എടുത്ത തീരുമാനങ്ങൾ. സർവകക്ഷിയോഗത്തിൽ പങ്കെടുക്കുമ്പോഴും രാഷ്ട്രീയ നേതൃത്വത്തിന്റെ പ്രതികാര കണ്ണുകൾ അടുത്ത ഇരയെ തേടുകയായിരുന്നുവെന്ന് ധർമ്മടം സന്തോഷിന്റെ കൊലപാതകം വിളിച്ചുപറയുന്നു. ഇനി മറു പ്രതികാരത്തിന്റെ അടുത്ത ഇര ആരെന്നറിയാനുള്ള ക്ഷമ നശിച്ച കാത്തിരിപ്പാണ് കണ്ണൂരിന്റെ രാഷ്ട്രീയം.

ശത്രുവിനെ അവന്റെ താവളത്തിൽ തന്നെ നേരിടണം എന്ന തന്ത്രമാണ് ബിജെപി ഇവിടെ പരീക്ഷിക്കുന്നത്. പാർട്ടി ഗ്രാമങ്ങളും സംവിധാനങ്ങളും കൊണ്ട് സിപിഎമ്മിന് മേൽക്കോയ്മയുള്ള കണ്ണൂർ മേഖലയിൽ രാഷ്ട്രീയമായി കടന്നുകയറാനുള്ള ബിജെപി തന്ത്രവും അതിനെ നേരിടാനുള്ള സിപിഎം ശ്രമവുമാണ് കണ്ണൂരിനെ രാഷ്ട്രീയ കൊലപാതകങ്ങളിലേക്ക് നയിക്കുന്നത്. ഓരോ കൊലപാതകങ്ങളേയും ന്യായീകരിക്കുന്ന വാദപ്രതിവാദങ്ങൾ ഇരുപാർട്ടികളും നടത്തുന്നു. സന്തോഷിന്റെ കൊലപാതകം മുൻനിർത്തി ബിജെപി അഖിലേന്ത്യാ നേതാവ് വെങ്കയ്യനായിഡുവും കേരളമുഖ്യമന്ത്രി പിണറായി വിജയനും നടത്തിക്കൊണ്ടിരിക്കുന്ന പോർവിളികൾ മാത്രം മതി കണ്ണൂരിന്റെ രാഷ്ട്രീയ ഭാവി അറിയാൻ. കൊന്നും കൊല്ലിച്ചും തങ്ങളുടെ രാഷ്ട്രീയ അജണ്ട നടപ്പാക്കാൻ ഇരുപാർട്ടികളും മത്സരിക്കുമ്പോൾ സാംസ്കാരിക കേരളത്തിന് വേദനിക്കുന്നുണ്ടെന്നകാര്യം വിസ്മരിക്കരുത്. ഈ അതിക്രമങ്ങളെ അമർച്ചചെയ്യാൻ മുഖ്യമന്ത്രിക്ക് കഴിയില്ലെന്നും ക്രമസമാധാനപാലനത്തിൽ സംസ്ഥാന സർക്കാർ പരാജയമാണെന്നും വരുത്തി തീർക്കാനുള്ള ഒരു ശ്രമത്തെയും അതിനുപിന്നിൽ സംശയിക്കാം.

രാഷ്ട്രീയത്തെ ആശയപരമായ സംവാദങ്ങളിലൂടെയും മുന്നേറ്റങ്ങളിലൂടെയുമാണ് വളർത്തേണ്ടത്. കൊലപാതകം ജനാധിപത്യരാഷ്ട്രീയത്തിന് ഭൂഷണമല്ല. അഹിംസയാണ് ഇന്ത്യൻ രാഷ്ട്രീയത്തിന്റെ മൂലഭാവം. ഇനിയെങ്കിലും രാഷ്ട്രീയ ബലിദാനങ്ങൾ അവസാനിപ്പിക്കണം. ഒപ്പം അക്രമങ്ങൾ വ്യാപിക്കാതിരിക്കാനുള്ള അതീവ ജാഗ്രതയും നടപടിയും ഉണ്ടാകണം. അത് ഭരിക്കുന്നവരുടെയും ഭരിപ്പിക്കുന്നവരുടേയും കടമയും കർത്തവ്യവുമാണ്. ■

ഇന്ത്യയ്ക്ക് പുതിയ വത്തിക്കാൻ അംബാസിഡർ

മുംബൈ: ഇന്ത്യയ്ക്കും നേപ്പാളിനുമായി പുതിയ വത്തിക്കാൻ അംബാസിഡറെ ഫ്രാൻസിസ് മാർപാപ്പ പ്രഖ്യാപിച്ചു. ആർച്ച്ബിഷപ് ഗിയാംബാറ്റിസ്റ്റ ദികവ്റ്റാറോയാണ് ഇന്ത്യയുടെ പുതിയ വത്തിക്കാൻ അംബാസിഡർ. ബൊളിവിയായിലെ ന്യൂൺഷ്യോയായി സേവനം ചെയ്യുകയായിരുന്നു അറുപത്തിരണ്ടുകാരനായ ഈ ഇറ്റലിക്കാരൻ.. ഫെബ്രുവരി പാതിയോടെ അദ്ദേഹം സ്ഥാനമേറ്റെടുക്കുമെന്ന് കരുതുന്നു. മുപ്പത്തിയഞ്ച് വർഷം മുമ്പാണ് അദ്ദേഹം വൈദികനായത്. പതിനൊന്ന് വർഷമായി മെത്രാനായിട്ട്.

ഡിസംബർ ലക്കത്തിൽ നല്കിയ ക്വിസ് മത്സരത്തിലെ ചോദ്യങ്ങളുടെ ഉത്തരം

1. യാമ്നിയ സമ്മേളനം (ആമുഖം)
2. എന്നെ കാണുന്ന സജീവ ദൈവത്തിന്റെ കിണർ (ഉൽപ 16:14)
3. ജോബ് (പേജ്-521)
4. 33
5. സങ്കീ-117
6. ദാനിയേൽ 7:10
7. ഷീനാർ (966) (സഖറിയ 4:11)
8. ലൂക്ക 1:39-45, 2 യോഹ:10, 11, 13 വാക്യങ്ങൾ
9. പൗലോസ് (അപ്പ 26:1)
10. റോമ 10:6
11. 1 കൊറി 14:39
12. 'നിയമം' (റോമ 13:8)
13. റോമ 16:21, 16:7, 16:11 അന്ത്രാണിക്കോസ്, യൂണിയാസ്, ഹെറോദിയോൻ, ലൂസിയൂസ്, യാസോൻ, സൊസിപാത്തർ
14. ഹെബ്രായർക്കുള്ള ലേഖനം 11:23
15. 2461

കുടുംബം വിശുദ്ധിയുടെ വിളനിലം

(21-ാം പേജിന്റെ തുടർച്ച)

ഷാപ്പുകളിലുമാണ്. അങ്ങനെയുള്ളവർ എന്ത് മാതൃകയാണ് മക്കൾക്ക് നൽകുക.

മദ്യത്തിൽകുളിച്ചുവരുന്ന പിതാവ് മക്കൾക്ക് എന്ത് ക്രിസ്തുവനുഭവമാണ് നൽകുക. അവർ നിങ്ങളുടെ പ്രവർത്തികളിൽ നിങ്ങളെ വെറുക്കും. മക്കളെ രൂപപ്പെടുത്തുന്നതിൽ പിതാവിന്റെ പങ്കും എത്രയോ ഉത്കൃഷ്ടമാണ്. ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പയുടെ ചെറുപ്പത്തിൽ അദ്ദേഹത്തിന് തന്റെ അമ്മ എമിലിയെ നഷ്ടപ്പെട്ടു. ബാലനായ അദ്ദേഹത്തിന് പിന്നെ അമ്മയും അധ്യാപകനും സുഹൃത്തുമൊക്കെയായി മാറിയത് പിതാവ് തന്നെയായിരുന്നു. രാവിലെ എഴുന്നേറ്റ് പ്രാർത്ഥിക്കുന്ന പിതാവ് തന്നോടൊപ്പം ബൈബിൾ വായിക്കും പ്രാർത്ഥിക്കുവാനും കൊച്ചുജോൺ പോളിനെ ഒപ്പം കൂട്ടിയിരുന്നു. മാതൃവാത്സല്യത്തിന്റെ കുറവ് നികത്താൻ പരിശുദ്ധ കന്യമറിയത്തിന്റെ തിരുസ്വരൂപത്തിനുമുന്നിൽ നിന്ന് പ്രാർത്ഥിക്കാൻ പിതാവ് അവനെ പഠിപ്പിച്ചിരുന്നു. മകനേ, ഇതാണ് നിന്റെ സ്വർഗീയ അമ്മ. ആവശ്യമുള്ളതെല്ലാം അമ്മയെ അറിയിക്കുക. മാർപാപ്പ ആയതിന് ശേഷം അദ്ദേഹം പറയുമായിരുന്നു, 'പിതാവിന്റെ ജീവിതമാതൃകയാണ് എന്റെ യഥാർത്ഥ സെമിനാരി പരിശീലനമാണെന്ന്. പിതൃത്വം സാർത്ഥകമാകുന്നത് മക്കൾ ശിക്ഷണത്തിലും അനുസരണത്തിലും വളരുമ്പോഴാണ്.

വർത്തമാനകാലഘട്ടത്തിൽ ഏറ്റവും ശ്രദ്ധേയമായ വ്യക്തിത്വമാണ് നിക്കിന്റേത്. ഇരുകൈകളും കാലുകളും നഷ്ടപ്പെട്ട് ഏകാന്തതയിൽ കഴിഞ്ഞ അവന്റെ മാതാപിതാക്കൾ അവനെ ധൈര്യപ്പെടുത്തി. ദൈവം തന്നെ എന്തിന് ഇങ്ങനെസൃഷ്ടിച്ചുവെന്ന ചോദ്യത്തിന്, അവന്റെ അമ്മ അവനെ ശക്തിപ്പെടുത്തിയത് ഇപ്രകാരമായിരുന്നു: ദൈവം നിനക്കായി ഒരു പദ്ധതി ഒരുക്കിയിട്ടുണ്ട്, സമയത്തിന്റെ തികവിൽ നിനക്ക് അത് ബോധ്യമാകും. നീ പരിശ്രമിക്കുക. ദൈവം ബാക്കി നോക്കിക്കൊള്ളും." ഈ വാക്കുകൾ നിക്കിന്റെ ജീവിതത്തിൽ നിന്ന് നിരാശ നീക്കി പ്രത്യാശയുടെ പൊൻകിരണങ്ങൾ നിറയ്ക്കാൻ ഇടയാക്കി. പിന്നെ ലോകമെമ്പാടും പ്രസിദ്ധിയാർജ്ജിച്ച അസാധാരണ വ്യക്തിത്വമായി നിക്ക് വിളങ്ങി.

മക്കളെ നന്മയിലും വിശുദ്ധിയിലും വളർത്തുന്നതിലുപരി പരസ്യമോഡലുകളായി വളർത്തുന്നതിലാണ് മാതാപിതാക്കൾക്ക് ഇന്ന് താൽപര്യം. മക്കളെ ശിക്ഷണത്തിലും സ്നേഹത്തിലും വളർത്തി അവർക്ക് ദൈവിക അംശം പകർന്നുകൊടുക്കുകവഴി മതാപിതാക്കൾ തങ്ങളുടെ ജീവിതം അവർക്ക് ഒരുപാഠപുസ്തകമായി മാറ്റണം. മക്കളുടെ വിശുദ്ധീകരണത്തിനായി പ്രാർത്ഥിച്ച വിശുദ്ധ മോനിക്കയെ പോലെയുള്ള അമ്മമാരാണ് ഇന്ന് ആവശ്യം. തിന്മയിലേക്ക് മക്കളെ വിട്ടുകൊടുക്കുന്നതിനേക്കാൾ അവരെ ജീവൻ ഹോമിക്കാൻ പ്രാർത്ഥിച്ച വിശുദ്ധ റീത്ത അമ്മമാർക്ക് ഒരു മാതൃകയായി തീരണം. ■

അതിരൂപതാ പാസ്ട്രൽ കൗൺസിൽ യോഗം ആർച്ച്ബിഷപ്പ് ഡോ. സൂസപാക്യം ഉദ്ഘാടനം ചെയ്തുപ്രസംഗിക്കുന്നു

അതിരൂപതാ പാസ്ട്രൽ കൗൺസിൽ ഉദ്ഘാടനം ചെയ്തു

തിരുവനന്തപുരം: പ്രാദേശിക സഭയുടെ ഭാവി ശോഭനമാക്കാൻ അർപ്പണ മനോഭാവത്തോടും ത്യാഗ ബുദ്ധിയോടും കൂടി പ്രവർത്തിക്കണമെന്ന് അതിരൂപത അധ്യക്ഷൻ ആർച്ച് ബിഷപ്പ് ഡോ. സൂസപാക്യം പറഞ്ഞു. കാലത്തിന്റെ ചുവരെഴുത്തുകൾ ശരിയായ രീതിയിൽ വായിച്ചറിയുന്നതിന് വീഴ്ചയുണ്ടെങ്കിൽ ആത്മപരിശോധനയിലൂടെ അത് കണ്ടെത്തി തിരുത്താനും കഴിയണമെന്നും അദ്ദേഹം പറഞ്ഞു. തിരുവനന്തപുരം ലത്തീൻ അതിരൂപതയുടെ 2017-18 വർഷത്തേക്കുള്ള അതിരൂപതാ പാസ്റ്ററൽ കൗൺസിലിന്റെ ഉദ്ഘാടനം നിർവ്വഹിച്ച് പ്രസംഗിക്കുകയായിരുന്നു മെത്രാപ്പൊലീത്ത. പരിശോധിക്കപ്പെടാത്ത ജീവിതം ജീവിതയോഗ്യമല്ലെന്ന് സഭയിൽ വിതയ്ക്കപ്പെടുന്ന വചനവിത്തുകൾ മുളച്ച് യഥാർത്ഥ ഫലം പുറപ്പെടുവിക്കുന്നുണ്ടോയെന്ന് പരിശോധിക്കാനുള്ള കടമയും കർത്തവ്യവും ഓരോ പാസ്ട്രൽ കൗൺസിൽ അംഗത്തിനും ഉണ്ടെന്നും ആർച്ച്ബിഷപ്പ് പറഞ്ഞു. ബിഷപ്പ് ഡോ. ക്രിസ്തുദാസ്, വികാരി ജനറൽ മോൺ യൂജിൻ എച്ച്.പെരേര, മോൺ. തോമസ് നെറ്റോ, മോൺ. ജെയിംസ് കുലാസ്, ഫാ.എ.ആർ. ജോൺ തുടങ്ങിയവർ പ്രസംഗിച്ചു. പാസ്ട്രൽ കൗൺസിൽ സെക്രട്ടറിയായി ഡോ. എം.എ.ജോർജ്ജിനെ ആർച്ച്ബിഷപ്പ് നോമിനേറ്റ് ചെയ്തു.

അതിരൂപതാ വെബ്സൈറ്റ് പ്രകാശനം ചെയ്തു

തിരുവനന്തപുരം: തിരുവനന്തപുരം ലത്തീൻ അതിരൂപതയുടെ പരിഷ്കരിച്ച വെബ്സൈറ്റിന്റെ പ്രകാശനം ആർച്ച്ബിഷപ്പ് ഡോ. സൂസപാക്യം നിർവ്വഹിച്ചു. അതിരൂപതാ പാസ്ട്രൽ കൗൺസിൽ യോഗത്തിൽവച്ച് നടന്ന പ്രകാശന ചടങ്ങിൽ മിഡീയാ അസി. എക്സിക്യൂട്ടീവ് ഡയറക്ടർ ഫാ. ദീപക് ആന്റോ വെബ്സൈറ്റ് സദസിന് പരിചയപ്പെടുത്തി. വെബ്സൈറ്റ് രൂപകല്പനയ്ക്ക് സഹായിച്ച ഷിമ്മി, രാജേഷ് എന്നിവരെ ആർച്ച്ബിഷപ്പ് ഉപഹാരം നൽകി അനുമോദിച്ചു.

ചടങ്ങിൽ ബിഷപ്പ് ഡോ. ക്രിസ്തുദാസ്, വികാരി ജനറൽ മോൺ. യൂജിൻ എച്ച്.പേരേര, മോൺ. തോമസ് നെറ്റോ, മോൺ. ജെയിംസ് കുലാസ് തുടങ്ങിയവർ സന്നിഹിതരായിരുന്നു.

അതിരൂപതയുടെ പരിഷ്കരിച്ച വെബ്സൈറ്റിന്റെ പ്രകാശനം ആർച്ച്ബിഷപ്പ് ഡോ. സൂസപാക്യം നിർവഹിക്കുന്നു. ഫാ. ദീപക് ആന്റോ സമീപം

വാർത്തകൾ

ലഹരിവിരുദ്ധ – സ്ത്രീസുരക്ഷ സെമിനാർ

സ്ത്രീശാക്തീകരണ പ്രവർത്തനങ്ങളുടെ ഭാഗമായി പുതിയതുറ ഇടവകയിൽ സാമൂഹ്യശുശ്രൂഷയുടെ ആഭിമുഖ്യത്തിൽ 'ലഹരി വിരുദ്ധവും സ്ത്രീ സുരക്ഷയും' എന്ന വിഷയത്തിൽ ഉരിയരിക്കുന്ന്, ചെങ്കിട്ട വിളാകം വാർഡുകളിൽ ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിച്ചു. പുതിയതുറ ബീച്ചിൽ സംഘടിപ്പിച്ച സമാപന സമ്മേളനത്തിൽ പഞ്ചായത്ത് പ്രസിഡന്റ് ഹെസ്റ്റിൻ അദ്ധ്യക്ഷത വഹിച്ചു. പൂവ്വാർ സർക്കിൾ ഇൻസ്പെക്ടർ റിയാസ് ഉത്ഘാടനം ചെയ്തു. സിസ്റ്റർ ദീപ ജോർജ്ജ് വിഷയാവതരണം നടത്തി. പഞ്ചായത്ത് വൈസ് പ്രസിഡന്റ് ക്രിസ്തുദാസി, ആനിമേറ്റർ രാജമണി എന്നിവർ ആശംസകൾ നേർന്നു.

സാമൂഹ്യശുശ്രൂഷ ഗവേണിംഗ് ബോഡി

സാമൂഹ്യശുശ്രൂഷയുടെ രൂപതതല ജനറൽ ബോഡി യോഗം വെള്ളയമ്പലം റ്റി. എസ്. എസ്. എസ് കോൺഫറൻസ് ഹാളിൽ ചേർന്നു. ആർച്ച്ബിഷപ്പ് ട്രസ്റ്റിയും, വികാരി ജനറൽ മോൺ. യൂജിൻ എച്ച്. പെരേര പ്രസിഡന്റും, സാമൂഹ്യശുശ്രൂഷ ഡയറക്ടർ റവ. ഫാ. ലെനിൻ രാജ് സെക്രട്ടറി & ട്രഷററും ആയുള്ള ഗവേണിംഗ്ബോഡിയിലേക്ക് ജോയിന്റ് സെക്രട്ടറിയായി അഡ്വ. ഹെർത്താ ഡി പെരേര, ഫെറോന പ്രതിനിധികളായി റെബേക്ക (അഞ്ചുതെങ്ങ്, രാജു തോമസ് (പുതുക്കുറിച്ചി) മഞ്ചു (വലിയതുറ), ശ്യാംദേവ് (കോവളം) മാത്യൂസ് (പുല്ലുവിള), മേരി മിരാൻഡ (തൂത്തൂർ) ശ്യാംകുഞ്ഞ് (പാളയം) ഉണ്ണിമേരി (പേട്ട), സിസ്റ്റർ സലോമി ബർക്കുമാൻസ് എന്നിവരേയും തെരെഞ്ഞെടുത്തു.

തിരുവനന്തപുരം ലത്തീൻ അതിരൂപതയുടെ കീഴിൽ പ്രവർത്തിക്കുന്ന മരിയൻ ആർക്കിടെക്ചറൽ കോളേജിന്റെ ഉദ്ഘാടനം ആർച്ച്ബിഷപ്പ് ഡോ. സൂസപാക്യം നിർവഹിക്കുന്നു. ബിഷപ്പ് ഡോ.ക്രിസ്തുദാസ്, കോളേജ് മാനേജർ മോൺ. ജോർജ്ജ് പോൾ തുടങ്ങിയവർ സമീപം.

സമർത്ഥരായ വിദ്യാർത്ഥികളുടെ പഠനം മുടങ്ങാനിടയാകരുത് : ആർച്ച്ബിഷപ്പ്

തിരുവനന്തപുരം: സാമ്പത്തിക ബുദ്ധിമുട്ട് മൂലം ഏതൊരു വിദ്യാർത്ഥിക്കും പ്രത്യേകിച്ച് ദളിത് വിദ്യാർത്ഥികൾക്ക് പഠനം മുടങ്ങുന്ന അവസ്ഥ ഉണ്ടാകരുതെന്നും, അത്തരം സാഹചര്യം ഒഴിവാക്കാനുള്ള ശ്രമമാണ് തിരുവനന്തപുരം ലത്തീൻ അതിരൂപത നടത്തുന്നതെന്നും അതിരൂപതാദ്ധ്യക്ഷൻ ആർച്ച് ബിഷപ്പ് ഡോ. സൂസപാക്യം പറഞ്ഞു. പഠിക്കാൻ സമർത്ഥരും എന്നാൽ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവരുമായ വിദ്യാർത്ഥികൾക്ക് മെച്ചപ്പെട്ട വിദ്യാഭ്യാസം നൽകുന്ന പദ്ധതി അതിരൂപതയിൽ നടന്നുവരുന്ന സാഹചര്യത്തിൽ ദളിത് കത്തോലിക്കാ വിദ്യാർത്ഥികൾക്ക് പഠനകാര്യത്തിൽ ആശങ്ക വേണ്ടെന്നും, അവർക്ക് വിദ്യാഭ്യാസം നൽകാൻ അതിരൂപത സന്നദ്ധമാണെന്നും മെത്രാപ്പൊലീത്ത പറഞ്ഞു. ദളിത് കത്തോലിക്കാ മഹാജനസഭ തിരുവനന്തപുരം അതിരൂപത സമിതി സംഘടിപ്പിച്ച ക്രിസ്തുമസ് പുതുവത്സര കുടുംബസംഗമം ഉദ്ഘാടനം ചെയ്ത് പ്രസംഗിക്കുകയായിരുന്നു ആർച്ച് ബിഷപ്പ്. സമർത്ഥരായ ദളിത് കത്തോലിക്കാ വിദ്യാർത്ഥികളെ ഏറ്റെടുത്തു പഠിപ്പിക്കാൻ അതിരൂപത സന്നദ്ധമാണെന്നും അദ്ദേഹം പറഞ്ഞു. ഡി.സി.എം.എസ്. അതിരൂപതാ പ്രസിഡന്റ് ജോർജ് പള്ളിത്തറയുടെ അദ്ധ്യക്ഷതയിൽ നടന്ന സമ്മേളനത്തിൽ ഡി.സി.എം.എസ്. സംസ്ഥാന ഡയറക്ടർ ഫാ. ഷാജ്കുമാർ, അതിരൂപതാ അല്മായ ശുശ്രൂഷാ ഡയറക്ടർ എം.ആർക്കാഞ്ചലോ, ഡി.സി.എം.എസ്. സംസ്ഥാന പ്രസിഡന്റ് അംബി കുളത്തൂർ, സെക്രട്ടറി ജോണി പരുമല, വൈ. ഫ്രാൻസിസ്, എം. കമലാസനൻ, ജെസി പുഷ്പഗിരി എന്നിവർ പ്രസംഗിച്ചു.

ഡി.സി.എം.എസ്. തിരുവനന്തപുരം ലത്തീൻ അതിരൂപത സമിതിയുടെ ആഭിമുഖ്യത്തിൽ നടന്ന ക്രിസ്തുമസ് പുതുവത്സര കുടുംബ സംഗമം ആർച്ച്ബിഷപ്പ് ഡോ. സൂസപാക്യം ഉദ്ഘാടനം ചെയ്തു പ്രസംഗിക്കുന്നു. ജോർജ് പള്ളിത്തറ, എം.ആർക്കാഞ്ചലോ, അംബി കുളത്തൂർ എന്നിവരെയും കാണാം.

സർക്കാർ തസ്തികകളിൽനിന്ന് പിന്നാക്ക വിഭാഗങ്ങൾ ഒഴിവാക്കപ്പെടുന്നു

കൊച്ചി: സംസ്ഥാന സർക്കാരിന്റെ ഉദ്യോഗസ്ഥ സ്ഥാനങ്ങളിൽ ലത്തീൻ കത്തോലിക്കർ ഉൾപ്പെടെയുള്ള പിന്നോക്ക വിഭാഗങ്ങൾക്ക് സംവരണം ചെയ്തിട്ടുള്ള പ്രാതിനിധ്യം ഇപ്പോഴും ലഭിക്കുന്നില്ലെന്ന് 29-ാമത് കെആർഎൽസിസി ജനറൽ അസംബ്ലി രാഷ്ട്രീയ പ്രമേയത്തിൽ ആരോപിച്ചു. ഉന്നത ഉദ്യോഗസ്ഥ തസ്തികകളിൽ പിന്നോക്ക ജനതയുടെ പ്രാതിനിധ്യം നീതിപൂർവകമല്ല. നരേന്ദ്രൻ കമ്മിഷൻ ശുപാർ ചെയ്ത സ്പെഷ്യൽ റിക്രൂട്ട്മെന്റ് മാത്രമാണിതിന് പരിഹാരമെന്നും പ്രമേയം നിർദ്ദേശിച്ചു.

പിഎസ്സി നിയമനങ്ങളിൽ 11 വർഷത്തെ കണക്കുകൾ പരിശോധിച്ചപ്പോഴാണ് ജസ്റ്റിസ് നരേന്ദ്രൻ കമ്മിഷൻ 18,525 തസ്തികകളുടെ സംവരണം നഷ്ടം കണ്ടെത്തിയത്. രണ്ടായിരത്തിൽ ജസ്റ്റിസ് നരേന്ദ്രൻ കമ്മിഷൻ റിപ്പോർട്ട് പുറത്തുവന്നതിനുശേഷമുള്ള സംവരണ നഷ്ടത്തെക്കുറിച്ച് സർക്കാർ അടിയന്തിരമായി അന്വേഷണം നടത്തണം. സംവരണ നഷ്ടത്തെ കുറിച്ച് കണ്ടെത്താൻ ഒരു കമ്മിഷനെ നിയമിക്കണം. 2000 ആഗസ്റ്റ് ഒന്നുമുതലുള്ള 16 വർഷത്തെ പിഎസ്സി നിയമനങ്ങളാണ് കമ്മിഷന്റെ അന്വേഷണ പരിധിയിൽ വരേണ്ടതെന്നും കെആർഎൽസിസി ഉന്നയിച്ചു.

കേരളത്തിൽ സർക്കാർ ജീവനക്കാരിൽ പിന്നോക്ക സമുദായ അംഗങ്ങളുടെ പ്രാതിനിധ്യം 45 ശതമാനം മാത്രമാണ്. പിഎസ്സി നിയമനങ്ങളിൽ നിലവിലുള്ള 20 പോയിന്റ് റൊട്ടേഷൻ സമ്പ്രദായമാണ് ഇതിന് കാരണം. റിപ്പോർട്ട് ചെയ്യപ്പെടുന്ന മുഴുവൻ ഒഴിവുകളും ഒറ്റ യൂണിറ്റായി കണക്കാക്കി 50 ശതമാനം സംവരണവും 50 ശതമാനം മെറിറ്റുമായി നിജപ്പെടുത്തേണ്ടതാണ്.

ദളിത് ക്രൈസ്തവർക്ക് നീതി ലഭ്യമാക്കുന്നതിനുള്ള ശ്രമങ്ങൾ സംസ്ഥാന സർക്കാർ സജീവമായി തുടരണം. ഈ വിഷയത്തിൽ നിയമസഭ പ്രമേയം പാസാക്കി ദളിത് ക്രൈസ്തവരുടെ പട്ടികജാതി പദവി തിരിച്ചുനൽകുന്നതിന് കേന്ദ്രത്തോട് ആവശ്യപ്പെടണം. പരിവർത്തിത ക്രൈസ്തവ വികസന കോർപ്പറേഷന്റെ പ്രവർത്തനങ്ങൾക്ക് കൂടുതൽ തുക അനുവദിക്കണം.

ഉയർന്ന മൂല്യമുള്ള കറൻസികൾ അസാധുവാക്കിയ കേന്ദ്രസർക്കാരിന്റെ നടപടികൾ ഗുരുതരമായ ആഘാതങ്ങളാണ് സാമ്പത്തികഘടനയിലേൽപ്പിച്ചിട്ടുള്ളത്. അദ്ധ്വാനശക്തിയുടെ മഹാഭൂരിപക്ഷം വരുന്ന, മത്സ്യത്തൊഴിലാളികളും നിർമാണത്തൊഴിലാളികളും തോട്ടംതൊഴിലാളികളും ചെറുകിട കർഷകരും ഉൾപ്പെടെയുള്ള അസംഘടിതതൊഴിലാളികളുടെ ജീവിതത്തെ ഈ നടപടി കൂടുതൽ ദുഃസഹമാക്കിയിരിക്കുന്നു. ഈ ദുരിതാവസ്ഥയ്ക്ക് പരിഹാരം കാണാൻ യോജിച്ച ശ്രമങ്ങൾ ഉണ്ടാകണം.

അനുചിതവും യുക്തിസഹമല്ലാത്തതുമായ എല്ലാ നിയന്ത്രണങ്ങളും ദേശീയ സർക്കാരും റിസർവ് ബാങ്കും പിൻവലിക്കണം. കറൻസി രഹിത സമ്പദ്വ്യവസ്ഥ നിർബന്ധപൂർവ്വം അടിച്ചേൽപ്പിക്കാനാവില്ല. സ്വാഭാവികമായും അതുരൂപപ്പെടുന്നതിനുള്ള പശ്ചാത്തല സൗകര്യങ്ങൾ ഒരുക്കപ്പെടേണ്ടതുണ്ട്. പ്രമേയം പറയുന്നു.

കേരള റീജ്യൻ ലാറ്റിൻ കാത്തലിക് കൗൺസിലിന്റെ 29 മത് ജനറൽ അസംബ്ലി ഇടക്കൊച്ചി ആൽഫ പാസ്റ്ററൽ സെന്ററിൽ നടന്നു.

കേരളത്തിലെ ഇരുപതുലക്ഷത്തിലേറെ വരുന്ന ലത്തീൻ കത്തോലിക്ക സമുദായത്തിന്റെ പരമോന്നത നയരൂപീകരണ സമിതിയാണ് കെആർഎൽസിസി. കുടുംബങ്ങളുടെ വീണ്ടെടുപ്പ് എന്നതായിരുന്നു ഇത്തവണ ദ്വിദിന ജനറൽ അസംബ്ലിയുടെ മുഖ്യചർച്ചാ വിഷയം. കേരളത്തിലെ 12 ലത്തീൻ രൂപതകളിലെയും അഭിവന്ദ്യ പിതാക്കന്മാരും വൈദിക, സന്യസ്ത, അല്മായ പ്രതിനിധികളും പങ്കെടുത്ത ദ്വിദിന ജനറൽ അസംബ്ലി. വരാപ്പുഴ ആർച്ച്ബിഷപ്പ് ഡോ. ജോസഫ് കളത്തിപ്പറമ്പിൽ ഉദ്ഘാടനം ചെയ്തു. കെആർഎൽസിസി പ്രസിഡന്റ് ആർച്ച്ബിഷപ്പ് ഡോ. എം.സൂസപാക്യം അധ്യക്ഷനായിരുന്നു.

പൗരോഹിത്യ രജതജൂബിലി ആഘോഷിച്ചു

നന്ദൻകോട്: ഫാ. ജെറോം നെറ്റോയുടെ പൗരോഹിത്യ രജത ജൂബിലി നന്ദൻകോട് തിരുഹൃദയ ഇടവകയിൽ ആഘോഷിച്ചു. തിരുവനന്തപുരം അതിരൂപത സഹായമെത്രാൻ ഡോ. ക്രിസ്തുദാസിന്റെ മുഖ്യകാർമികത്വത്തിൽ ഡിസംബർ 31 ന് നടന്ന പാതിരാ കുർബാനയോടുകൂടിയാണ് ആഘോഷചടങ്ങുകൾ നടന്നത്. ഇടവക വികാരി ഫാ. ഡൈസൺ, സഹവികാരി കൂടിയായ ഫാ. ജെറോം നെറ്റോ ഫാ. ക്ലീറ്റസ് വിൻസന്റ് സഹകാർമികരായിരുന്നു. ദിവ്യബലിക്കുശേഷം ഫാ. ജെറോം നെറ്റോ, അന്നേദിവസം നാമഹേതുക തിരുനാൾ ആഘോഷിക്കുന്ന സിസ്റ്റർ മാർഗരറ്റ് എന്നിവർ സഹായ മെത്രാനോടൊപ്പം ചേർന്ന് കേക്കുമുറിച്ച് ആഘോഷത്തിന് തുടക്കം കുറിച്ചു.

പൗരോഹിത്യ രജതജൂബിലി ആഘോഷത്തോടനുബന്ധിച്ച് ബിഷപ്പ് ഡോ. ക്രിസ്തുദാസിനൊപ്പം ഫാ. ജെറോം നെറ്റോ ദിവ്യബലി അർപ്പിക്കുന്നു

വാർത്തകൾ

ആർച്ച്ബിഷപ്പ് ഡോ. സൂസപാക്യം പ്രസിഡന്റ്

കേരള റീജ്യൻ ലാറ്റിൻ കാത്തലിക് കൗൺസിലിന്റെ (കെആർഎൽസിസി) പ്രസിഡന്റായി ആർച്ച് ബിഷപ് ഡോ. എം.സൂസപാക്യത്തെയും സെക്രട്ടറി ജനറലായി ബിഷപ് ഡോ. വർഗീസ് ചക്കാലക്കലിനെയും വീണ്ടും തെരഞ്ഞെടുത്തു. ബിഷപ് ഡോ. ജോസഫ് കരിയിലാണ് വൈസ് പ്രസിഡന്റ്. 2017 ജനുവരി 13 ന് വരാപ്പുഴ ആർച്ച് ബിഷപ്സ് ഹൗസിൽ ചേർന്ന കെആർഎൽസിബിസി യോഗത്തിലാണ് തീരുമാനം.

ഹെൽത്ത് കമ്മിഷൻ ചെയർമാനായി ബിഷപ് ഡോ. അലക്സ് വടക്കുംതലയെയും മീഡിയ കമ്മിഷന്റെയും ലത്തീൻ കത്തോലിക്ക ഔദ്യോഗിക പ്രസിദ്ധീകരണമായ ജീവനാദത്തിന്റെ ചെയർമാനും രക്ഷാധികാരിയുമായും ആർച്ച് ബിഷപ്പ് ഡോ. ജോസഫ് കളത്തിപറമ്പിലിനെയും തിരഞ്ഞെടുത്തു.

രഹിനയ്ക്ക് ഒന്നാം റാങ്ക്

കേരള യൂണിവേഴ്സിറ്റിയിൽ നിന്ന് എംഎസ്ഡബ്ല്യൂവിന് ഒന്നാം റാങ്ക് നേടിയ രഹിന.എം. കരുംകുളം ഇടവകാംഗങ്ങളും മത്സ്യത്തൊഴിലാളികളുമായ രാജുവിന്റെയും മെറ്റിൽ മേരിയുടെയും മകളായ രഹിന ഇടവകയിലെ മതബോധനാധ്യാപികകൂടിയാണ്.

തോപ്പ് ഇടവകയിൽ നടന്ന ബൈബിൾ എക്സിബിഷൻ വികാരി ജനറൽ മോൺ. യൂജിൻ എച്ച്.പെരേര ഉദ്ഘാടനം ചെയ്യുന്നു. ഇടവക വികാരി ഫാ. സൈറസ് കളത്തിൽ, സഹ വികാരി ഫാ. ദീപക് ആന്റോ, ഫാ.ജേക്കബ് സ്റ്റെല്ലസ് തുടങ്ങിയവർ സമീപം

തോപ്പ് ബൈബിൾ എക്സിബിഷൻ

തോപ്പ്: ദൈവ വചനാധിഷ്ഠിത ജീവിതത്തിന് ബൈബിൾ പ്രദർശനങ്ങൾ പ്രേരകമാകാറുണ്ടെന്നും ബൈബിൾ പ്രദർശനം സഭയെ അടുത്തറിയാൻ സഹായിക്കുമെന്നും തിരുവനന്തപുരം അതിരൂപത വികാരി ജനറൽ മോൺ. യൂജിൻ എച്ച് പേരേര പറഞ്ഞു. തോപ്പ് ഇടവകയിൽ നടന്ന ബൈബിൾ എക്സിബിഷൻ ഉദ്ഘാടനം ചെയ്തു പ്രസംഗിക്കുകയായിരുന്നു അദ്ദേഹം. ഇടവക വികാരി ഫാ. സൈറസ് കളത്തിൽ അധ്യക്ഷനായിരുന്നു. ചടങ്ങിൽ വച്ച് ഫാ. സൈറസ് കളത്തിൽ, ഷാജി ജോർജ് എന്നിവർ ചേർന്നു തയ്യാറാക്കിയ ലോഗോസ് ക്വിസ് പഠനസഹായി മോൺ. യൂജിൻ എച്ച് പെരേര പ്രകാശനം ചെയ്തു.

വലിയതുറ സെന്റ് ആന്റണീസ് പബ്ലിക് സ്കൂളിന്റെ 27-ാമത് വാർഷികാഘോഷം തിരുവനന്തപുരം അതിരൂപത സഹായമെത്രാൻ റൈറ്റ് റവ. ഡോ. ക്രിസ്തുദാസ്.ആർ ഉദ്ഘാടനം ചെയ്തുപ്രസംഗിക്കുന്നു.

ചെറുവയ്ക്കൽ വേളാങ്കണ്ണിമാതാ ഇടവകാംഗങ്ങൾ ക്രിസ്മസിനോടനുബന്ധിച്ച് കുമാരപുരം ഗിൽഡ് & സർവീസ് ഓർഫനേജ് സന്ദർശിച്ചപ്പോൾ.

സാധുജനസഹായവുമായി സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി

തിരുവനന്തപുരം: സെന്റ് വിൻസന്റ് ഡി.പോൾ സൊസൈറ്റി തിരുവനന്തപുരം സെൻട്രൽ കൗൺസിലിന്റെ കീഴിൽ പ്രവർത്തിക്കുന്ന വിവിധ കോൺഫ്രൻസുകളുടെ ആഭിമുഖ്യത്തിൽ വിപുലമായ ക്രിസ്മസ് - പുതുവത്സരാഘോഷങ്ങൾ സംഘടിപ്പിച്ച് ഭവനനിർമ്മാണ സഹായം, ജയിൽ, അനാഥശാല സന്ദർശനം ഭക്ഷണ കിറ്റുകളുടെ വിതരണം എന്നിവ നടത്തി.

സൊസൈറ്റി ഓഫ് സെന്റ് വിൻസന്റ് ഡി പോൾ തിരുവനന്തപുരം സെൻട്രൽ കൗൺസിൽ പൊഴിയൂർ സെന്റ് മാത്യു ഇടവകയിലെ മൂന്ന് കോൺഫറൻസുകൾ സംഘടിപ്പിച്ചു. 67 നിർധന കുടുംബങ്ങൾക്ക് നൽകിയ ഭക്ഷണകിറ്റുകളുടെ വിതരണം ഇടവക വികാരി ഫാ. ഷാജു വില്യവും, പാളയം മെട്രോ പൊളിറ്റൻ ഇടവകയിലെ സെന്റ് ജോസഫ് കോൺഫറൻസ് വിവിധ പ്രദേശങ്ങളിൽ നിന്നും തെരഞ്ഞെടുത്ത 80 കുടുംബങ്ങൾക്ക് നൽകിയ ഭക്ഷണ കിറ്റുകളുടെ വിതരണം സെൻട്രൽ കൗൺസിൽ സ്പിരിചൽ അഡ്വൈസർ ഫാ. ജോർജ് ഗോമസ്, തൈക്കാട് അസംപ്ഷൻ കോൺഫറൻസ് 40 പേർക്ക് നൽകിയ വസ്ത്രവും സാമ്പത്തിക സഹായവും ഭക്ഷണ കിറ്റുകളുടെയും വിതരണം ഇടവക വികാരി ഫാ. ശാന്തപ്പനും കഴക്കൂട്ടം ഫാത്തിമ മാതാ കോൺഫറൻസ് 40 കുടുംബങ്ങൾക്ക് നൽകിയ ഭക്ഷണ സാധനങ്ങളും ക്യാൻസർ രോഗികൾക്കുള്ള ധനസഹായ വിതരണവും

പരുത്തിക്കുഴി ഇടവക വികാരി റവ. ഫാ. ബീഡ് മനോജ്, ക്രിസ്തുമസ് സമ്മാനം കൈമാറുന്നു. ബ്രദർ ആർ.സഖറിയാസ്, ബ്ര. തോമസ് ലോപ്പസ്, ബ്ര. തങ്കസ്വാമി തുടങ്ങിയവർ സമീപം.

അക്രൈസ്തവ കുടുംബത്തിന് ഭവന നിർമ്മാണത്തിനുള്ള ധനസഹായവും വികാരി ഫാ. ഡി.തോമസ് നിർവഹിച്ചു. പുതിയതുറ സെന്റ് നിക്കോളസ് കോൺഫറൻസ് പരുത്തിക്കുഴി വലിയതുറ സെന്റ് ആന്റണി കോൺഫറൻസുകൾ നിർധനരായ കുടുംബങ്ങൾക്ക് ഭക്ഷണ കിറ്റുകൾ വിതരണം നടത്തി. കോൺഫറൻസ് പ്രസിഡന്റ് സാംസൺ നേതൃത്വം നൽകി. സെന്റ് സെബാസ്റ്റ്യൻ വെട്ടുതുറ കോൺഫറൻസ് 101 പേർക്ക് ഭക്ഷണകിറ്റുകൾ വിതരണം നടത്തി. ഏരിയ കൗൺസിൽ പ്രസിഡന്റ് സി.ഐലിൻ വിക്ടർ നേതൃത്വം കൊടുത്തു. നന്ദൻകോട് സേക്രട്ട് ഹാർട്ട് കോൺഫറൻസ് തിരുവനന്തപുരം പൂജപ്പുര സെൻട്രൽ ജയിൽ, അട്ടക്കുളങ്ങര വനിത ജയിൽ സന്ദർശിച്ച് ക്രിസ്മസ് കേക്ക്, ഭക്ഷണം, വസ്ത്രം എന്നിവ വിതരണം ചെയ്തു. അഞ്ചുതെങ്ങ് ഏരിയ കൗൺസിൽ അഞ്ചുതെങ്ങ്, പൂന്തുറ എന്നീ ഇടവകയിലെ കോൺഫറൻസുകൾ ഭക്ഷണകിറ്റുകൾ വിതരണം നടത്തി.

തിരുവനന്തപുരം അതിരൂപതയിൽപ്പെട്ട വിവിധ ഭക്തസംഘടനകൾ ആഴാകുളം അന്തേവാസി ഭവനം സന്ദർശിച്ച് ഭക്ഷണം, കേക്ക്, മധുര പലഹാരങ്ങൾ തുടങ്ങിയവ വിതരണം ചെയ്യുകയും കലാവിരുന്ന് സംഘടിപ്പിക്കുകയും ചെയ്തു. സെൻട്രൽ കൗൺസിൽ പ്രസിഡന്റ് ആർ.സഖറിയാസ് നന്ദി പറഞ്ഞു.

മുഖ്യമന്ത്രിയുടെ ഔദ്യോഗിക വസതിയായ ക്ലിഫ് ഹൗസിലെത്തി നന്ദൻകോട് തിരുഹൃദയ ഇടവക ജനങ്ങൾ മുഖ്യമന്ത്രിക്കും, കുടുംബത്തിനും ക്രിസ്മസ് ആശംസകൾ നേർന്ന് കരോൾ ഗാനാലാപനവും മധുരം പങ്കുവയ്ക്കൽ എന്നിവയും നടത്തി. ഇടവക വികാരി ഫാ. ഡൈസൺ, ഫാ. ജറോം നെറ്റോ, സിസ്റ്റർ മാർഗരേറ്റ്, സിസ്റ്റർ സുസി എന്നിവർ നേതൃത്വം നൽകി.

സന്തോഷ് ട്രോഫി പിടിക്കാൻ

മിഥുൻ വെൽവെറ്റ്

ഷിനു സെൽവൻ

ജിജോ

മെൽവിൻ

സന്തോഷ് ട്രോഫി ഫുട്ബോൾ മത്സരത്തിൽ നാലു ടീമുകൾക്കു വേണ്ടി ജേഴ്സി അണിയുന്നവരിൽ പൊഴിയൂർ പ്രദേശത്തെ എട്ട് ഫുട്ബോൾ താരങ്ങളും ഉൾപ്പെടുന്നു. ഒട്ടേറ ദേശീയ മത്സരങ്ങളിൽ നേർക്കുനേർ ഏറ്റുമുട്ടിയിട്ടുള്ളവരാണിവർ. പെനാൽറ്റി കിക്കിലൂടെ വിജയം നേടിയ മത്സരങ്ങളിൽ ഗോളിയും കളിക്കാരനും ഒരേ നാട്ടുകാരായിട്ടും കളിക്കളത്തിൽ ഇവർ തികച്ചും തങ്ങളുടെ ടീമിനുവേണ്ടി മത്സരിക്കുന്ന താരങ്ങൾ മാത്രം. ദേശീയ താരങ്ങളായ ഒന്നര ഡസണോളം പേർ താമസിക്കുന്ന ഇന്ത്യയിലെ ഏക ഗ്രാമവും ഒരുപക്ഷേ പൊഴിയൂരായിരിക്കും. സന്തോഷ് ട്രോഫിക്കുവേണ്ടി മാറ്റുരയ്ക്കുന്ന ടീമുകളിൽപ്പെട്ട കേരള ടീമിലെ സിസൻ സെൽവൻ, മെൽബിൻ ലിജോ, ഹിമാചൽ പ്രദേശിന്റെ മിഥുൻ വെൽവെറ്റ്, തമിഴ്നാടിന്റെ ഷിനു സെൽവൻ, കർണാടകത്തിന്റെ സുബാഷ്, സെൻട്രൽ റെയിൽവേ ടീമിലെ രാജേഷ് സർവീസസിലെ ബ്രിട്ടോ എന്നിവരെല്ലാം പൊഴിയൂർ പരുത്തിയൂർ, കൊല്ലംകോട് സ്വദേശികളാണ്. കഴിഞ്ഞ 10 വർഷത്തോളമായി പൊഴിയൂർ സ്വദേശികൾ മത്സരിക്കാത്ത സന്തോഷ് ട്രോഫി മത്സര

ദൈവഹിതത്തോട് ഇതാ ഞാൻ എന്ന് പറയുന്നതാണ് ക്രൈസ്തവജീവിതം: പാപ്പ

വത്തിക്കാൻ: ദൈവഹിതത്തോട് ഇതാ ഞാൻ എന്ന് മറുപടി പറയുന്നതാണ് യഥാർത്ഥ ക്രൈസ്തവ ജീവിതം എന്ന് ഫ്രാൻസിസ് മാർപാപ്പ. സാന്താ മാർത്തയിൽ അർപ്പിച്ച ദിവ്യബലി മധ്യേ വചനസന്ദേശം നല്കുകയായിരുന്നു അദ്ദേഹം. ജോബിന്റെ പുസ്തകത്തെ ആസ്പദമാക്കിയായിരുന്നു പാപ്പ വചനസന്ദേശം നല്കിയത്.

ദൈവത്തിന്റെ ക്ഷമ അപാരമാണ് എന്ന് ജോബിന്റെ പുസ്തകം നമുക്ക് മനസ്സിലാക്കിത്തരുന്നു. ദൈവത്തിന്റെ വഴികൾ മനസ്സിലാക്കാത്ത ജോബിന് ദൈവം തന്റെ വഴികൾ വിശദീകരിച്ചു കൊടുക്കുന്നുണ്ട്. ദൈവഹിതത്തിന് എങ്ങനെ മറുപടി പറയുന്നവരാണ് നാം എന്ന് ആത്മശോധന നടത്താനായി പാപ്പ ആദത്തെയും യോനായെയും ഉദാഹരിച്ചു.

ദൈവം വിളിച്ചപ്പോൾ മറുപടി പറയാതെ ഒളിച്ച ആദത്തെപോലെയാണോ അതോ യോനായെപോലെ ഒളിച്ചോടുകയാണോ ഇനി അതുമല്ലെങ്കിൽ ദൈവഹിതം നടപ്പിലാക്കുന്നു എന്ന് നിയമജ്ഞരെപോലെ കാപട്യം കാണിക്കുകയാണോ നാം ചെയ്യുന്നത്? മുറിവേറ്റ് കിടക്കുന്നവനെ കണ്ടിട്ടും കാണാത്ത മട്ടിൽ പോയ ലേവായനെയും പുരോഹിതനെയും പോലെയാണോ നാം? പാപ്പ ചോദിച്ചു.

ഇതാ ഞാൻ എന്ന് ദൈവഹിതത്തോട് മറുപടി പറയാൻ നമുക്ക് സാധിക്കണം. അങ്ങനെ ഉത്തരം കണ്ടെത്താൻ പരിശുദ്ധാത്മാവ് കൃപ നമുക്ക് നല്കട്ടെ. പാപ്പ ആശംസിച്ചു.

ഴിയൂരിന്റെ എട്ടു കരുത്തന്മാർ

സിസൻ സെൻവൻ

രാജേഷ്

ബ്രിട്ടോ

സുഭാഷ്

ങ്ങൾ ഉണ്ടായിട്ടില്ലെന്നതാണ് യാഥാർത്ഥ്യം ഫുട്ബോൾ ജീവസ്പന്ദനമായി കാണുന്ന പൊഴിയൂർ പ്രദേശത്തെ ഉദയാ സ്പോർട്സ് ക്ലബ്, കൊല്ലംകോട് എസ്എം ആർട്സ് ക്ലബ് എന്നിവയിലെ അംഗങ്ങളാണ് ഇവരെല്ലാം. കഴിഞ്ഞ 5 വർഷമായി എട്ടുപേരും വിവിധ ടീമുകളെ പ്രതിനിധീകരിച്ച് സന്തോഷ്ട്രോഫിയിൽ കളിക്കുന്നുണ്ട്. തമിഴ്നാടിന്റെ ആക്ടിംഗ് കോച്ചായ ക്ലെയോഫസ് അലക്സും പൊഴിയൂരിന്റെ സ്വന്തമാണ്. പ്രദേശവാസികളായെ ഒട്ടേറെ പേരെ ദേശീയ ടീമുകളിൽ എത്തിച്ചതിന് പിന്നിൽ ക്ലെയോഫസ് അലക്സിന്റെ നിരന്തര പരിശീലനമുണ്ട്. കഴിഞ്ഞ അഞ്ചുവർഷം തമിഴ്നാടിനെ പ്രതിനിധീകരിച്ച ഫ്രെഡിയും പൊഴിയൂരിന്റെ സന്താനമാണ്. കേരളത്തിന്റെ സിസൺ സെൽവനും തമിഴ്നാടിന് വേണ്ടി കളിക്കുന്ന ഷിനു സെൽവനും സഹോദരങ്ങളാണ്.

മത്സരത്തിൽ കേരളത്തിന്റെ എതിർചേരിയിലാണ് തമിഴ്നാട്. സന്തോഷ് ട്രോഫി മത്സരങ്ങൾ ആരംഭിച്ചതോടെ ഫുഡ്ബോളിനെ നെഞ്ചിലേറ്റുന്ന പൊഴിയൂർ പ്രദേശമാകെ കളിയുടെ ലഹരിയിലാണ്.

ഗർഭച്ഛിദ്രത്തിനെതിരെ ഡൊണാൾഡ് ട്രംപ്

വാഷിംങ്ടൺ: അമേരിക്കൻ പ്രസിഡന്റായി ചുമതലയേറ്റ ഡൊണാൾഡ് ട്രംപ് അധികാരത്തിലെത്തിയ ആദ്യദിനങ്ങളിൽ തന്നെ അദ്ദേഹം ജീവന് കാവലാളാകുമെന്ന് വ്യക്തമാക്കിക്കൊണ്ട് ഗർഭച്ഛിദ്രം നടത്തുന്ന സർക്കാരിതര സ്ഥാപനങ്ങൾക്ക് വിദേശ ധനസഹായം ലഭിക്കുന്നതിന് വിലക്കേർപ്പെടുത്തി. ഗർഭച്ഛിദ്രത്തെയോ ഭ്രൂണഹത്യയെയോ പ്രോത്സാഹിപ്പിക്കുന്ന സംഘടനകൾക്ക് വിദേശ ധനസഹായം ലഭിക്കുന്നത് വിലക്കണമെന്നാണ് ട്രംപ് സ്റ്റേറ്റ് ഡിപ്പാർട്ട്മെന്റുകൾക്ക് നിർദ്ദേശം നല്കിയിരിക്കുന്നത്.

1984 ൽ റൊണാൾഡ് റീഗൻ അധികാരത്തിലെത്തിയപ്പോഴാണ് ഗർഭച്ഛിദ്രം നടത്തുന്നവർക്കുള്ള ആനുകൂല്യം പ്രഖ്യാപിച്ചത്. തുടർന്ന് അധികാരത്തിലെത്തിയ ക്ലിന്റൺ അതൊഴിവാക്കിയിരുന്നു.

സത്യപ്രതിജ്ഞ ചെയ്ത ശേഷമുള്ള ആദ്യദിനം ട്രംപ് ദേവാലയത്തിലാണ് ചെലവഴിച്ചത്. വാഷിംങ്ടൺലെ നാഷനൽ കത്തീഡ്രൽ ദേവാലയത്തിലാണ് ട്രംപും കുടുംബവും പ്രാർത്ഥനയ്ക്കായി സമയം നീക്കിവച്ചത്.

അമേരിക്കൻ പ്രസിഡന്റ് പ്രോ ലൈഫ് പ്രസിഡന്റാണ് എന്ന കാര്യം ഇതിലൂടെ വ്യക്തമായിരിക്കുകയാണ് എന്ന് വൈറ്റ് ഹൗസ് പ്രസ് സെക്രട്ടറി സീൻ സ്പൈസർ മാധ്യമപ്രവർത്തകരോട് പറഞ്ഞു. അദ്ദേഹം എല്ലാ അമേരിക്കക്കാർക്കും വേണ്ടിയാണ് നിലകൊള്ളുന്നത്. അതിൽ ജനിക്കാത്ത കുട്ടികളും ഉൾപ്പെടും. അദ്ദേഹം വ്യക്തമാക്കി.

ആണ്ടുവട്ടം അഞ്ചാം ഞായർ (ഫെബ്രുവരി 5)

നീർച്ചാലുകൾ

റവ. ഡോ. ഡൈസൻ.വൈ

ഭൂമിയുടെ ഉപ്പും ലോകത്തിന്റെ പ്രകാശവും

ഏശ. 58:7-10 | 1 കൊറി. 2:1-5 | മത്താ 5:13-16

സ്വർഗ്ഗീയ രഹസ്യങ്ങളും ദൈവിക പദ്ധതികളും ഗ്രഹിക്കാൻ അപ്രാപ്യമായ മനുഷ്യബുദ്ധിക്ക് എളുപ്പം ഗ്രഹിക്കാനുതകുന്നവിധം യേശുനാഥൻ ഉപമകളിലൂടെയും പ്രതീകങ്ങളിലൂടെയും തന്റെ പ്രബോധനങ്ങൾ അനുയായികൾക്ക് പകർന്നുനൽകി. അത്തരത്തിൽ രണ്ടു പ്രതീകങ്ങളാണ് ഉപ്പും പ്രകാശവും. ഭൂമിയുടെ ഉപ്പും ലോകത്തിന്റെ പ്രകാശവുമാകാൻ യേശുനാഥൻ ശിഷ്യന്മാരോട് ആവശ്യപ്പെടുന്നു.

യഹൂദർ തുടങ്ങി വളരെയധികം ജനങ്ങൾ പുരാതനകാലം മുതൽ ഉപ്പിന് വലിയ വിലകല്പിച്ചിരിക്കുന്നു. ഗ്രീസിലെ സ്പാർട്ടാ എന്നദേശത്ത് പടയാളികൾക്ക് ശമ്പളമായി നൽകിയിരുന്നത് ഉപ്പാണ്. റോമാക്കാർ ഉപ്പിനെ സൂര്യന് തുല്യം വിലകല്പിച്ചിരുന്നു. 'ഉപ്പുമുതൽ കർപ്പൂരം' വരെ എന്ന് നമുക്ക് സുപരിചിതമായ ചൊല്ലിൽ ഉപ്പിന്റെ അനിവാര്യതയാണ് സൂചിപ്പിക്കുന്നത്. അർപ്പിക്കുന്ന ബലി കർത്താവിന് സ്വാദിഷ്ടമാകാൻ ബലി വസ്തുക്കളിൽ യഹൂദർ ഉപ്പ് കലർത്തിയിരുന്നു (ലേവ്യ 2:13). ജനിച്ച ഉടനെ കുഞ്ഞിനെ ഉപ്പ് തേച്ച് കുളിപ്പിക്കുന്ന പതിവും യഹൂദർക്ക് ഉണ്ട് (എസെ 16:4). ബന്ധങ്ങൾ ഉറപ്പിക്കാൻ ഉപ്പുതിന്നുകൊണ്ടുള്ള ഉടമ്പടിയും യഹൂദർ ഉപ്പിന് വലിയ വില കല്പിച്ചിരുന്നു.

ഭക്ഷണപദാർത്ഥങ്ങൾക്ക് രുചിവർധിപ്പിക്കുക എന്ന ധർമ്മമാണ് ഉപ്പിനുള്ളത്. "ഉപ്പു ചേർക്കാതെ എന്തെങ്കിലും ഭക്ഷിക്കാനാവുമോ? (ജോബ് 6:6) എന്ന ബൈബിൾ വാക്യം ഉപ്പിനുള്ള പ്രസക്തിയെ ഉദാഹരിക്കുന്നു. നാം നമ്മോട് ഇടപഴകുന്നവരിലെ നന്മകളെ വികസിപ്പിക്കാൻ കഴിയുന്ന ഭൂമിയുടെ ഉപ്പാകണം. ഉപ്പിന്റെ മറ്റൊരു ദൗത്യം ഭക്ഷ്യപദാർത്ഥങ്ങൾ കേടുകൂടാതെ സംരക്ഷിക്കുക എന്നുള്ളതാണ്. നമുക്കു ചുറ്റുമുള്ളവർ ദുഷിക്കാതെ സംരക്ഷിക്കേണ്ട സമന്മാരാണ്. ഉറകെട്ട ഉപ്പ് ആകാതിരിക്കാനാണ് നാം ഓരോരുത്തരും ശ്രമിക്കേണ്ടത്. ഓരോ വ്യക്തിയിൽ നിന്നും ദൈവവും മനുഷ്യനും ഒരുപോലെ പ്രതീക്ഷിക്കുന്ന ചില നന്മകൾ ഉണ്ട്. അതുനിറവേറ്റാൻ ഈ ആയുസ്സുകൊണ്ട് സാധിച്ചില്ലെങ്കിൽ ജീവിതം പരാജയവും ഉറകെട്ട ഉപ്പിന് തുല്യവുമാകുന്നു.

യേശുവാണ് ലോകത്തിന്റെ നിത്യപ്രകാശം; നീതിസൂര്യൻ. സൂര്യനിൻ നിന്നും സ്വീകരിക്കുന്ന വെളിച്ചം കൊണ്ട് ചന്ദ്രൻ രാത്രിയുടെ ഇരുളിനെയകറ്റുന്നു. അതുപോലെ ക്രിസ്തുവിൽ നിന്നും സ്വീകരിക്കുന്ന ജീവന്റെ വെളിച്ചംകൊണ്ട് ലോകത്തെ പ്രഭാപൂരിതമാക്കാൻ പരിശ്രമിക്കേണ്ടവനാണ് ക്രിസ്തുശിഷ്യൻ. ക്രിസ്തുവാകുന്ന പ്രകാശത്തിൽ നിന്നും തിരിതെളിച്ച് ലോകത്തിന്റെ അന്ധകാരമകറ്റുന്ന

യേശുവാണ് ലോകത്തിന്റെ നിത്യപ്രകാശം; നീതിസൂര്യൻ. സൂര്യനിൻ നിന്നും സ്വീകരിക്കുന്ന വെളിച്ചം കൊണ്ട് ചന്ദ്രൻ രാത്രിയുടെ ഇരുളിനെയകറ്റുന്നു. അതുപോലെ ക്രിസ്തുവിൽ നിന്നും സ്വീകരിക്കുന്ന ജീവന്റെ വെളിച്ചം കൊണ്ട് ലോകത്തെ പ്രഭാപൂരിതമാക്കാൻ പരിശ്രമിക്കേണ്ടവനാണ് ക്രിസ്തുശിഷ്യൻ.

മൺവിളക്കുകളായി മാറാൻ നാം പരിശ്രമിക്കേണ്ടതുണ്ട്. മൺവിളക്കുകൾ എപ്പോഴും പ്രകാശിക്കുന്നില്ല. ലഭ്യമാകുന്ന എണ്ണയുടെ അളവിനനുസരിച്ച് ചുരുങ്ങിയ സമയത്തെ ആയുസ്സേ മൺവിളക്കിനുള്ളൂ, നമ്മുടെ ജീവിതം ഇതിനു സമാനമാണ്. മൺവിളക്കിന്റെ പ്രകാശം പോലെ ഹ്രസ്വമാണ്. കത്തുന്ന സമയമത്രയും കരിന്തിരി കത്താതെ തെളിമയോടെ പ്രകാശിക്കാൻ കഴിയണം. താബോർമലയിൽ സ്വയം പ്രകാശിച്ച ക്രിസ്തു ലോകത്തിന്റെ വെളിച്ചമാണെന്ന് ശിഷ്യന്മാർ തിരിച്ചറിഞ്ഞു. യേശു തന്നെ ശിഷ്യന്മാരോട് അരുൾ ചെയ്തു. "ഞാൻ ലോകത്തിന്റെ പ്രകാശമാണ്. എന്നെ അനുഗമിക്കുന്നവൻ അന്ധകാരത്തിൽ നടക്കുകയില്ല, അവന് ജീവന്റെ പ്രകാശമുണ്ടായിരിക്കും." ഉള്ളിൽ വെളിച്ചമുള്ളവന് പുറമേയുള്ള മെഴുകുതിരിവെട്ടത്തിന്റെ ആവശ്യമില്ല. മണവാളനായ ക്രിസ്തുവിനെ രാത്രിയുടെ ഏതുയാമത്തിലും കച്ചവടക്കാരന്റെ എണ്ണയുടെ ആവശ്യമില്ലാതെ എതിരേൽക്കാനാകും. എണ്ണയെന്നത് ഉള്ളിലെ നന്മതന്നെയാണ്. നന്മയില്ലാത്തവൻ കരിന്തിരികളാകുന്നു.

ജീവിതം വെളിച്ചമായി ഭവിക്കാൻ ഉള്ളിലെ ദീപത്തെ അണയാതെ സംരക്ഷിക്കാൻ ഇന്നത്തെ ഒന്നാം വായന നമ്മെ ഉദ്ബോധിപ്പിക്കുന്നു. നമ്മുടെ ഉള്ളിലെ വെളിച്ചത്തെ അണയാതെ നിലനിർത്തുന്ന എണ്ണയാണ് കാരുണ്യപ്രവൃത്തികൾ. വിശക്കുന്നവന് ആഹാരം നൽകിയും ഭവനരഹിതരെ വീട്ടിൽ സ്വീകരിച്ചും നഗ്നനെ ഉടുപ്പിച്ചും നമ്മുടെ ഉള്ളിലെ നന്മയെ വർധിപ്പിക്കാം. ആവശ്യക്കാരനിൽ നിന്നും ഒഴിഞ്ഞുമാറാതെ അവരുടെ ആവശ്യങ്ങൾ നമ്മളാൽ കഴിയുംവിധം നിർവഹിക്കാൻ ഈ തിരുവചനഭാഗങ്ങൾ ഉദ്ബോധിപ്പിക്കുന്നു. കെട്ടുപോയ കനലുകൾക്ക് ഉണങ്ങിയ അസ്ഥിതുല്യമായ ജീവിതങ്ങളിൽ ജീവന്റെ സമൃദ്ധിയിൽ ജ്വലിക്കാൻ നാം കാരുണ്യ പ്രവർത്തികൾ ചെയ്യണം. നമുക്കുമുന്നേ നടന്നുപോയ നന്മയുടെ നക്ഷത്രങ്ങളായ വിശുദ്ധരായ മദർതെരേസ, വിൻസെന്റ് ഡി. പോൾ, ഫാ. ഡാമിയൻ എന്നിവർ വെളിച്ചം നഷ്ടപ്പെടാതെ കാത്തുസൂക്ഷിച്ച മാതൃകകളാണ്. ഇവരെപ്പോലെ നമുക്കും ഭൂമിയുടെ ഉപ്പും ലോകത്തിന്റെ പ്രകാശവുമാകാം.

അലിയാത്ത ഉപ്പും തെളിയാത്ത വിളക്കും പ്രയോജനരഹിതമാണ്. മറ്റുള്ളവർക്ക് നന്മയുടെ സ്വാദും വെളിച്ചവും നൽകുന്ന അലിയുന്ന ഉപ്പായും എരിയുന്ന വിളക്കായും മാറാം. അതിനായ് ഹൃദയ നന്മകളെ, ലഭിച്ച അഭിഷേകങ്ങളെ ജ്വലിപ്പിച്ച് നിറുത്താൽ വിവേകമതികളായ കന്യകമാരെ പോലെ ജാഗ്രതയോടെ ഉണർന്നിരിക്കാം. ■

ആണ്ടുവട്ടം 6-ാം ഞായർ (ഫെബ്രുവരി 12)

നീർച്ചാലുകൾ

ഫാ. ജൂഡിത് പയസ്

ക്രിസ്തു; സർവ നിയമങ്ങളുടെയും പൂർത്തീകരണം

പ്രഭാ. 15 : 15-20 | 1 കൊറി. 2: 6-10 | മത്താ. 5 : 17-37

ഒന്നാം വായന

ഉൽപ്പത്തിയുടെ പുസ്തകം വളരെ മനോഹരമായി സൃഷ്ടികർമത്തെ വിവരിക്കുന്നുണ്ട്. എല്ലാ ജീവജാലങ്ങളുടെയും, മനുഷ്യന്റെയും സൃഷ്ടികർമത്തിനുശേഷം ദൈവമായ കർത്താവ് മനുഷ്യന് മാത്രം ഒരു അനുഗ്രഹവും, ഒരു കല്പനയും നൽകി. "സന്താനപുഷ്ടിയുള്ളവരായി പെരുകുവിൻ. ഭൂമിയിൽ നിറഞ്ഞ് അതിനെ കീഴടക്കുവിൻ എന്ന അനുഗ്രഹവും (ഉൽ. 1:28), തോട്ടത്തിലെ എല്ലാ വൃക്ഷങ്ങളുടെയും ഫലം ഭക്ഷിച്ചുകൊള്ളുക. എന്നാൽ നൻമ തിന്മകളെക്കുറിച്ചുള്ള അറിവിന്റെ വൃക്ഷത്തിലെ ഫലം നീ തിന്ന

രുത്, തിന്നുന്ന ദിവസം നീ മരിക്കും എന്ന കല്പനയും (ഉൽപ്പ. 2:16-17). സ്വന്തം ഛായയിൽ സൃഷ്ടിക്കപ്പെട്ട മനുഷ്യൻ സ്രഷ്ടാവിന്റെ കൽപ്പനകൾ പാലിക്കുന്നുണ്ടോ ഇല്ലയോ എന്നറിയാൻ അവിടുന്ന് മനുഷ്യന് മുകളിൽ ആരേയും നിയോഗിച്ചില്ല. കാരണം മനുഷ്യ സ്വാതന്ത്ര്യത്തെ ദൈവം എന്നും ബഹുമാനിക്കുന്നു. കല്പനകൾ ലംഘിച്ച് തെറ്റിലൂടെ കടന്നുപോയ മനുഷ്യന് ദൈവം വീണ്ടും കല്പനകൾ നൽകി. കല്പനകൾ മാത്രമല്ല, നന്മയിലോ, തിന്മയിലോ ആയിരിക്കുക എന്നത്, വെറുതെ ഒരുവന്റെ ജീവിതത്തിൽ സംഭവിക്കുന്ന ഒന്നല്ല, പിന്നെയോ ഒരു തീരുമാനമെടുക്കലാണ്, ഒന്നുകിൽ ദൈവത്തോടൊപ്പം നിൽക്കാനുള്ള തീരുമാനം. അല്ലെങ്കിൽ കൽപ്പനകൾ ലംഘിച്ച് ദൈവത്തിന് എതിരായി നിൽക്കാനുള്ള തീരുമാനമാണെന്നും ഒന്നാം വായന നമ്മെ ഓർമ്മപ്പെടുത്തുന്നു.

ബനഡിക്ട് പാപ്പ നമ്മെ പഠിപ്പിച്ചതും ഇതുതന്നെയാണ്. ക്രൈസ്തവ ജീവിതം ഒരു തീരുമാനമെടുക്കലാണ്. ഒന്നുകിൽ ക്രിസ്തുവിനോടൊപ്പം ആയിരിക്കുക അല്ലെങ്കിൽ ക്രിസ്തുവിനെതിരായി നിൽക്കുക. ഫ്രാൻസിസ് പാപ്പ നമ്മെ പഠിപ്പിച്ചതും ഇതുതന്നെയാണ്. ജീവിതത്തിൽ ഒരു തിരഞ്ഞെടുപ്പ് നടത്തുവാൻ ദൈവമെന്നും നമ്മോട് ആവശ്യപ്പെടുന്നു. ഒന്നുകിൽ മാനസാന്തരപ്പെട്ട് ദൈവത്തിൽ നിന്ന് സഹായവും വെളിച്ചവും യാചിക്കുക. അല്ലെങ്കിൽ നമ്മിലേക്ക് ഉൾവലിഞ്ഞ് അന്ധകാരത്തിലും, സഹനത്തിലും ആയിരിക്കുക. "പാപം ചെയ്യാൻ അവിടുന്ന് ആരോടും കൽപ്പിച്ചിട്ടില്ല. ആർക്കും അനുവാദം കൊടുത്തിട്ടുമില്ല" എന്ന് പ്രഭാഷകൻ നമ്മെ ഓർമ്മപ്പെടുത്തുന്നു. വി. അഗസ്റ്റിൻ പറയുന്നത്, "മനുഷ്യൻ പാപം ഒഴികെ മറ്റെല്ലാം ദൈവത്തിൽ നിന്നും സ്വീകരിച്ചു. കല്പനകൾ പാലിക്കുന്നതിലൂടെ നന്മയിൽ വളരുവാനുള്ള ആഹ്വാനമാണ് ഇന്നത്തെ ഒന്നാം വായന നമുക്ക് നൽകുന്നത്.

ദൈവനാമത്തിൽ കള്ളസത്യം ചെയ്യരുതെന്നും ശപഥപൂർവം നേരുന്ന നേർച്ചകൾ നിറവേറ്റണം എന്നും പഴയനിയമം അനുശാസിക്കുമ്പോൾ; യേശു പറയുന്നു ദൈവനാമത്തിൽ നുണയും ശപഥവും അരുത്. കാരണം, ശപഥപൂർവമുള്ള വാഗ്ദാനത്തിൽ ഒരുവൻ ദൈവത്തെ സാക്ഷിയാക്കുന്നു

സുവിശേഷം

നിമയങ്ങളെയോ പ്രവാചകൻമാരെയോ അസാധുവാക്കനല്ല മറിച്ച്, അവയെ പൂർത്തീകരിക്കുകയാണ് തന്റെ ആഗമനോദ്ദേശ്യം എന്ന് യേശു ഇന്നത്തെ സുവിശേഷത്തിലൂടെ വ്യക്തമാക്കുന്നു. നിയമദാതാവിന് മാത്രമേ നിയമങ്ങളെ തിരുത്തുവാനും അധികാരമുള്ളൂ. അല്ലാത്ത തിരുത്തലുകൾ അനുവദനീയമല്ല എന്ന് നമ്മുടെ അനുദിന ജീവിതം നമ്മെ പഠിപ്പിക്കുന്നുണ്ട്. യേശുവിന്റെ സന്ദേശം ഒരു പുതിയ സന്ദേശമാണ്, അത് പഴയതിനെ ഉന്മൂലനം ചെയ്യാതെ പഴയതിനെ പരിപൂർണ്ണതയിലേക്ക് ആനയിക്കുന്നു.

ദൈവവുമായുള്ള ബന്ധത്തിന്റെ പരിപൂർണതയിൽ എത്താൻ യേശു ആവശ്യപ്പെടുന്നത് ആണയിടുകയേ അരുത് എന്നാണ്. ദൈവനാമത്തിൽ കള്ളസത്യം ചെയ്യരുതെന്നും ശപഥപൂർവം നേരുന്ന നേർച്ചകൾ നിറവേറ്റണം എന്നും പഴയനിയമം അനുശാസിക്കുമ്പോൾ; യേശു പറയുന്നു ദൈവനാമത്തിൽ നുണയും ശപഥവും അരുത്. കാരണം, ശപഥപൂർവമുള്ള വാഗ്ദാനത്തിൽ ഒരുവൻ ദൈവത്തെ സാക്ഷിയാക്കുന്നു, ദൈവത്തിന്റെ അസ്ഥിത്വം എത്രമാത്രം സത്യമാണോ അതേ അളവിൽ എന്റെ വാക്കും സത്യമാണെന്നും പ്രഖ്യാപിക്കുന്നു, തന്റെ സത്യത്തെ ദൈവത്തിന്റെ സത്യത്തോട് തുലനം ചെയ്യുന്നു. പക്ഷേ യേശു ചോദിക്കുന്നത് പാപിയായ മനുഷ്യനെ എത്രമാത്രം ദൈവീകസത്യവുമായി തുലനം ചെയ്യുവാൻ സാധിക്കും. ആയതിനാൽ ആണയിടരുത് എന്ന് യേശു നമ്മെ പഠിപ്പിക്കുന്നു.

സഹോദരബന്ധത്തിന്റെ പൂർണതയ്ക്കായി യേശു ആവശ്യപ്പെടുന്നത് രമ്യതപ്പെടുവാനാണ്. ദൈവം നൽകിയ അഞ്ചാമത്തെ കല്പന കൊല്ലരുത് എന്നതാണ്. കൊലപാതകം എന്ന പ്രവൃത്തിയുടെ ഉറവിടം ഒരുവന്റെ ഉള്ളിലെ വെറുപ്പും കോപവുമാണെന്ന് യേശു പഠിപ്പിക്കുന്നു. കാരണം വെറുപ്പ് കോപം ജനിപ്പിക്കുന്നു, കോപം വാക്കുകളിലൂടെ പ്രതിഫലിക്കുന്നു, പിന്നീട് ഈ വാക്കുകൾ എന്റെ പ്രവൃത്തിയായി രൂപാന്തരപ്പെടുന്നു. സഹോദരബന്ധത്തിൽ എന്റെ ഉള്ള് അസ്വസ്ഥമാണെങ്കിൽ, അതിനെ ദൂരീകരിച്ചതിനുശേഷം മാത്രമേ ദൈവത്തിന് ബലി അർപ്പിക്കാവൂ എന്ന് യേശു നിഷ്കർഷിക്കുന്നു. നമുക്ക് ഇഷ്ടമില്ലാത്തതോ അതോ ഉപദ്രവിക്കുന്നതോ ആയ ഏതൊന്നിനെയും ശക്തിയോടെ തട്ടിനീക്കാൻ നമ്മെ പ്രേരിപ്പിക്കുന്ന മനസ്സിന്റെ ക്ഷോഭമാകുന്നു കോപം. വി. ജോൺ മരിയ വിയാനിയുടെ വാക്കുകളിൽ: കോപത്താൽ കലികൊള്ളുന്നവൻ ഒരു പാവയ്ക്ക് തുല്യനാണ്, താൻ എന്താണ് പറയുന്നത്, എന്താണ് പ്രവർത്തിക്കുന്നത് എന്നൊന്നും അവന് നിശ്ചയമില്ല. പിശാച് അവനെ നയിക്കുന്നു. അവൻ ആരേയും പ്രഹരിക്കും; മുള്ളൻപന്നിയുടെ മുള്ളുകൾ പോലെ അവന്റെ രോമങ്ങൾ എഴുന്നു നിൽക്കും; കണ്ണുകൾ പുറത്തേക്ക് ഉന്തിവരും; അവൻ ഒരു തേളാണ്; ക്രൂരനായ സിംഹമാണ്.

സമൂഹബന്ധത്തിന്റെ പൂർണതയ്ക്കായി കുടുംബബന്ധങ്ങളെ ആദരിക്കാനും, നിർമ്മല മനസാക്ഷിയോടെ വീക്ഷിക്കാനും

യേശു ആവശ്യപ്പെടുന്നു. വ്യഭിചാരം ചെയ്യരുത് എന്ന കല്പന ദൈവം നൽകിയത് കുടുംബത്തിന്റെ മഹിമയെ സംരക്ഷിക്കുവാനാണ്. വ്യഭിചാരം എന്നത് അന്യരോടുള്ള ഒരു പ്രവൃത്തി മാത്രമല്ലെന്നും, സ്വന്തം ഹൃദയത്തിലെ വിശുദ്ധിയെ നഷ്ടപ്പെടുത്തുന്ന, ചിന്തയും, നോട്ടവും വാക്കും വ്യഭിചാരമാണെന്ന് യേശു പഠിപ്പിക്കുന്നു. ദൈവം അഭിലഷിക്കുന്നത് ഹൃദയത്തിന്റെ വിശുദ്ധിയാണ്. വിശുദ്ധി കൂടാതെ ആർക്കും ദൈവത്തെ സമീപിക്കാനോ, പ്രീതിപ്പെടുത്തുവാനോ സാധിക്കില്ല.

എപ്രകാരം നിയമങ്ങൾ പൂർത്തീകരിക്കാം എന്ന ചോദ്യത്തിന് ഇന്നത്തെ സുവിശേഷം നൽകുന്ന ഉത്തരം ഇതാണ്. എപ്പോഴോണോ ഒരുവൻ ദൈവവുമായും, സഹോദരങ്ങളുമായും, സമൂഹമായും നല്ല ബന്ധം പുലർത്തി ജീവിക്കുന്നത്, അപ്പോൾ മാത്രമാണ് അവൻ നിയമങ്ങൾ പൂർത്തീകരിക്കുന്നത് ഈ പ്രമാണങ്ങളിൽ ഏറ്റവും നിസ്സാരമായ ഒന്ന് ലംഘിക്കുകയോ ലംഘിക്കുവാൻ മറ്റുള്ളവരെ പഠിപ്പിക്കുകയോ ചെയ്യുന്നവർ സ്വർഗ്ഗരാജ്യത്തിൽ ചെറിയവനാണ് എന്ന സത്യം ഉൾക്കൊണ്ട് ജീവിക്കാം. ■

ആണ്ടുവട്ടം 7-ാം ഞായർ (ഫെബ്രുവരി 19)

നീർച്ചാലുകൾ

ഫാ. വിക്ടർ എവരിസ്റ്റസ്

ആരും നിസ്സാരരല്ല

ലേവ്യ. 19:1-2, 17-18 | 1 കൊറി. 3: 16-23 | മത്താ. 5 : 38-48

സ്നേഹിക്കുകയെന്നാൽ മനസ്സിലാക്കുകയെന്നാണ്. ദൈവം മനുഷ്യനെ സ്നേഹിക്കുന്നുവെന്നാൽ ദൈവം മനുഷ്യനെ മനസ്സിലാക്കുന്നുവെന്നാണ്. അതുകൊണ്ടാണല്ലോ സ്വപുത്രനെപ്പോലും നൽകിയത്. ഞാൻ എന്റെ ജീവിത പങ്കാളിയെ സ്നേഹിക്കുകയെന്നാൽ ജീവിത പങ്കാളിയെ മനസ്സിലാക്കുന്നുവെന്നാണ്.

സ്ഥലത്തെ മെത്രാന് രോഗം കൂടുതലായി. ഡോക്ടേഴ്സ് പഠിച്ചപണി പതിനെട്ടും നോക്കി. എന്നിട്ടും രോഗാവസ്ഥയിൽ മാറ്റമൊന്നുമുണ്ടായില്ല. അപ്പോൾ വൈദികരിലൊരാൾ മെത്രാന്റെ അടുത്തെത്തി ഇപ്രകാരം പറഞ്ഞു; "സെമിനാരിയിൽ ഒരാളുണ്ട്. ബ്രദറാണ്. ടോയ്‌ലറ്റ് വൃത്തിയാക്കൽ പോലുള്ള ജോലികളാണ് ചെയ്യുന്നത്. പക്ഷേ, ആ ബ്രദറിന് എന്തോ അത്ഭുത ശക്തിയുണ്ടെന്നാണ് സെമിനാരി റിപ്പോർട്ട്. ഞാൻ ആ ബ്രദറിനെ വിളിച്ചുകൊണ്ട് വരട്ടെ."

മെത്രാൻ സമ്മതം മൂളി. ക്ഷണം കിട്ടിയ ബ്രദർ പേടിച്ച് വിറച്ചാണ് മെത്രാന്റെ അടുത്തെത്തിയത്. തന്റെ ശിരസ്സിൽ കൈകൾവച്ച് പ്രാർത്ഥിക്കണമെന്ന് മെത്രാൻ ആവശ്യപ്പെട്ടപ്പോൾ അതിന് വഴങ്ങാൻ ബ്രദറിന്റെ എളിമ അനുവദിച്ചില്ല. എങ്കിലും അനുസരണ വ്രതം അംഗീകരിച്ച് ബ്രദർ പ്രാർത്ഥിച്ചു. മെത്രാന്റെ രോഗം അത്ഭുതകരമാംവിധം ഭേദമാകുകയും ചെയ്തു.

വർഷങ്ങൾ പലതും കഴിഞ്ഞു. ആ ബ്രദർ മരണമടഞ്ഞു. അദ്ദേഹത്തിന്റെ ശവപേടകം ചുമന്നവരിൽ ഒരാൾ അന്നത്തെ മെത്രാനായിരുന്നു. കാലത്തിന്റെ തിരുവെഴുത്തുകൾ വായിക്കുമ്പോൾ ആ ബ്രദർ വി. മാർട്ടിൻ ഡി പോറസ് ആണെന്ന് സാക്ഷ്യപ്പെടുത്തുന്നു.

നിറം, സ്ഥാനമാനം, കുലമഹിമ തുടങ്ങിയ ബാഹ്യകാരണങ്ങൾകൊണ്ട് മറ്റുള്ളവരെ അളക്കുന്ന പ്രവണത നമ്മിൽ പലർക്കും ഉണ്ട്. ബാഹ്യമായ ചില ഘടകങ്ങൾകൊണ്ട് മറ്റുള്ളവരെ വിലയിരുത്താമെന്ന് കരുതുന്നത് മൗഢ്യമാണ്.

എല്ലാവരിലും ദൈവീകാംശം ഉണ്ടെന്നും, ആരും നിസാരരല്ലെന്നും നിന്റെ അയൽക്കാരനുമായും സുഹൃത്തുമായുള്ളബന്ധങ്ങൾ കലഹത്തിൽ നിറയാൻ പാടില്ലെന്നും ഇന്നത്തെ സുവിശേഷം നമ്മെ പഠിപ്പിക്കുന്നു.

കലഹിക്കാതെ ജീവിക്കാനാവില്ല എന്ന മട്ടിലാണ് ഇന്നത്തെ കാര്യങ്ങൾ അരങ്ങേറുന്നത്. നിസ്സാര കാര്യങ്ങൾക്കുപോലും നാം സൃഷ്ടിച്ച കലഹങ്ങൾ എത്രയധികമാണ്. വെറുതെവിടാമായിരുന്ന എത്രയെത്ര സാഹചര്യങ്ങളെയാണ് നാം വഷളാക്കിയിരിക്കുന്നത്. നിങ്ങൾ കലഹപ്രിയരാകരുത് എന്ന സന്ദേശം കൈമാറാനാണ് ക്രിസ്തു ഈ ഭൂമിയിലേക്ക് വന്നതുതന്നെ. കലഹിക്കാൻ ആവശ്യത്തിലധികം കാരണങ്ങൾ ക്രിസ്തുവിന്റെ കാലം അവന്റെ കൺവെട്ടത്തു തന്നെ ഒരുക്കിയിരുന്നു. എന്നിട്ടും, അവനിൽ കലഹത്തിന്റെ പുകമണം കലർന്നില്ലെന്ന് അവന്റെ ജീവിതം തന്നെ സാക്ഷ്യപ്പെടുത്തുന്നു.

അവനെ ദ്രോഹിക്കാനായി വാളും വടിയുമായി വന്ന ജനക്കൂട്ടത്തോട്പോലും അവന് എങ്ങനെ കലഹിക്കാതിരിക്കാനായി എന്ന് എത്ര ധ്യാനിച്ചിട്ടും മനസ്സിലാകുന്നില്ല (ലൂക്ക. 22:53). കലഹിക്കുന്ന ശിഷ്യരെ പലപ്പോഴായി ക്രിസ്തു അതിൽ നിന്നും പിന്തിരിപ്പിച്ചിട്ടുണ്ട് (മത്താ. 20:27, മാർക്കേ, 10:44). അവനെ തള്ളിപ്പറഞ്ഞ പത്രോസിനോടും

വേദനകളുടെ മുൾക്കിരീടം സമ്മാനിച്ച യുദാസിനോടും അവൻ കലഹിച്ചില്ലെന്ന് മാത്രമല്ല കലഹിക്കരുതെന്ന് അവരെ പഠിപ്പിക്കുകയും ചെയ്തു. അവന്റെ വാക്കുകളിൽ ഒരിടത്തും കലഹത്തിന്റെ മിന്നലാട്ടം പോലും നാം കാണുന്നില്ല.

മനസ്സുവച്ചാൽ ആർക്കും കലഹങ്ങളിൽ നിന്നും മാറാം എന്നാണ് യേശുവിന്റെ ജീവിതവും മരണവും നമ്മെ പഠിപ്പിക്കുന്നത്. ഇന്നത്തെ സിവുശേഷവും സഹോദരന്മാരുമായുള്ള ഇടപെടലുകളിൽ കലഹരാഹിത്യം ആവശ്യമാണെന്ന് നമ്മെ വീണ്ടും വീണ്ടും ഓർമ്മിപ്പിക്കുന്ന അഞ്ച് കാര്യങ്ങൾ പറയുന്നുണ്ട്.

1) വാക്യം 39 - ദുഷ്ടനെ എതിർക്കരുത്. വലത്തുകരണത്ത് അടിക്കുന്നവന് മറ്റേക്കരണം കൂടി കാണിച്ചുകൊടുക്കണം:

മറ്റുള്ളവരുടെ അടിവാങ്ങാൻ കാത്തുനിൽക്കണമെന്നല്ല അർത്ഥം. കലഹിക്കാൻ വരുന്ന വ്യക്തിയുടെ ഭാഗത്തുനിന്നും ചിന്തിച്ചു തുടങ്ങുകയെന്നാണ് ധ്വനി. എന്റെ ശരികൾ അപരന്റെയും ശരികളായി മാറാൻ വേണ്ടി നാം എന്തിനാണ് അപരനെ ദ്രോഹിക്കുന്നത്. പലപ്പോഴും കലഹങ്ങൾ ശക്തമാകാൻ കാരണം നമ്മുടെ ആശയങ്ങളും, അനുഭവങ്ങളും മാത്രമാണ് ശരി എന്നത് പ്രസ്താവിക്കാൻ ശ്രമിക്കുമ്പോഴല്ലേ?

2) വാക്യം 40 - മേലങ്കി കൂടി കൊടുക്കുക:

നീ നിന്റെ സഹോദരന്റെ കാവൽക്കാരനാണെന്ന ചിന്തയില്ലായ്മയാണ് ചില കലഹങ്ങൾക്ക് കാരണം. ആബേലിന് കായേൽ സഹോദരനായിരുന്നു. പക്ഷേ, കായേലിന് ആബേൽ സഹോദരനല്ലായിരുന്നു. സഹോദരങ്ങൾ തമ്മിലുള്ള ബന്ധത്തിൽ കരുതലിന്റെ മേലങ്കി അനിവാര്യമാണ്. ബൈബിളിൽ തന്നെ ഒത്തിരി ഉദാഹരണങ്ങൾ ഉണ്ട്. സഹോദരങ്ങൾക്ക് നാം കാവലായി മാറേണ്ടതിനെക്കുറിച്ച്. (സ്വപ്നങ്ങൾ വ്യാഖ്യാനിക്കാൻ കഴിവുള്ള ജോസഫിനെ സഹോദരങ്ങൾ കരുതുന്നില്ല, ജോബിന്റെ സഹനനാളിൽ കാവലാകേണ്ട മിത്രങ്ങൾ അവനെ കരുതുന്നില്ല. അതിന്റെ ഫലമായി അവൻ സഹനത്തിന്റെ തീച്ചൂളയിൽ പതിക്കുന്നു, ഗുരുവിന്റെ കരുതൽ ഏറ്റെടുക്കേണ്ട യൂദാസും അങ്ങനെ തന്നെ).

3) വാക്യം 42 - ചോദിക്കുന്നവന് കൊടുക്കുക:

ചില കലഹങ്ങൾക്ക് കാരണം ലാഭക്കൊതികളാണ്. പ്രാണനെപ്പോലെ സ്നേഹിച്ചവനെ ചുംബനം കൊടുത്ത് നടന്നകന്നപ്പോൾ അവന് വേണ്ടത് ലാഭമായിരുന്നു. നമ്മുടെ നാട്ടിലെ വൃദ്ധമന്ദിരങ്ങളും അനാഥാലയങ്ങളും സന്ദർശിച്ചാൽ മാത്രം മതി അത്തരം നൊമ്പരങ്ങളറിയാൻ. മാതാപിതാക്കൾ ധനമാർഗമല്ലെന്നും ദൈവമാർഗമാണെന്നും നാം എന്തേ തിരിച്ചറിയാത്തത്?

(4) വാക്യം 44 - ശത്രുക്കളെ സ്നേഹിക്കുക:

സ്നേഹിക്കുകയെന്നാൽ മനസ്സിലാക്കുകയെന്നാണ്. ദൈവം മനുഷ്യനെ സ്നേഹിക്കുന്നുവെന്നാൽ ദൈവം മനുഷ്യനെ മനസ്സിലാക്കുന്നുവെന്നാണ്. അതുകൊണ്ടാണല്ലോ സ്വപുത്രനെപ്പോലും നൽകിയത്. ഞാൻ എന്റെ ജീവിത പങ്കാളിയെ സ്നേഹിക്കുകയെന്നാൽ ജീവിത പങ്കാളിയെ മനസ്സിലാക്കുന്നുവെന്നാണ്.

നാം ശത്രുക്കൾ എന്ന് കരുതിയിരുന്നവരെ മനസ്സിലാക്കാത്തതാണ് പല കലഹങ്ങൾക്കും കാരണം. ചില കലഹങ്ങൾ ഒഴിവാക്കാൻ നിലനിൽക്കുന്ന തെറ്റിദ്ധാരണകൾ സ്നേഹസംഭാഷണങ്ങളിലൂടെ പറഞ്ഞ് മനസ്സിലാക്കിയാലെ ശത്രുവിനെ സ്നേഹിക്കാനാവൂ.

(5) വാക്യം 48 - നിങ്ങളും പൂർണരായിരിക്കണം

മനുഷ്യന്റെ പ്രയാണം പൂർണതയിലേക്കാണ്. ഈ കാണുന്നതൊക്കെ എന്റെയാണെന്നും എനിക്കുശേഷം പ്രളയമാണെന്നുമൊക്കെ ചിന്തിക്കാതിരിക്കുക. ഭൂമിയിൽ നാം സ്ഥിരവാസികളല്ലെന്നുമാത്രം ചിന്തിച്ചാൽമതി നമ്മിലേക്ക് പൂർണതയുടെ ചിന്തകൾ വന്നുകൊള്ളും.

ഇന്നത്തെ സുവിശേഷം നൽകുന്ന ഈ അഞ്ചു സന്ദേശങ്ങളും നമുക്ക് സ്വീകരിക്കാം. കലഹം കൂടാതെ നീ നിന്റെ ജീവിതചക്രം തിരിക്കണം. അതാണ് ക്രിസ്തുവിന്റെ പക്ഷവും പഠനവും. നിന്റെ സൗഹൃദങ്ങളിൽ കലഹത്തിന്റെ എല്ലാ വിഷവിത്തുക്കളുടെയും വേര് പാടേ മുറിക്കണം. സ്നേഹത്തിന്റെ നീരൊഴുക്കുകൾ വറ്റിക്കുന്ന എല്ലാ പാഴ്ക്കുഴികളും നിരത്തപ്പെടണം.

നിന്റെ മുന്നിലൂടെ കടന്നുപോകുന്നവരെ നീ ബഹുമാനിക്കണം. 'ആരും നിസാരരല്ല' എന്ന ചിന്ത ഒരു പരിധിവരെ കലഹങ്ങൾ ഒഴിവാക്കാനും മറ്റുള്ളവർക്ക് കരുതലിന്റെ മേലങ്കി നൽകുവാനും ശത്രുക്കളെ സ്നേഹിക്കുവാനും ചോദിക്കുന്നത് നല്കുവാനും അതിലൂടെ നിന്നെ പൂർണതയിലേക്കും നയിക്കുവാനും ഉപകരിക്കും. ■

ആണ്ടുവട്ടം എട്ടാം ഞായർ (ഫെബ്രുവരി 26)

നീർച്ചാലുകൾ

ഫാ. ജെറോം നെറ്റോ

വിശ്വസ്തരായിരിക്കുവിൻ

ഏശ. 49 : 14-15 | 1 കൊറി. 4: 1-5 | മത്താ. 6 : 24-34

ഏശ 49:14-15 സ്രഷ്ടാവായ ദൈവത്തിന് തന്റെ സൃഷ്ടിയുടെ മകുടമായ മനുഷ്യനെ മറക്കുവാൻ കഴിയില്ല. മുലകുടിക്കുന്ന പൈതലിനെ അമ്മയ്ക്ക് മറക്കാനാവുമോ? പെറ്റമ്മ പുത്രനോട് കരുണ കാണിക്കാതിരിക്കുമോ? അമ്മ മറന്നാലും ദൈവം മറക്കി

ല്ല. സങ്കീർത്തകൻ പറയുന്നു "അപ്പനും അമ്മയും എന്നെ ഉപേക്ഷിച്ചാലും കർത്താവ് എന്നെ കൈക്കൊള്ളും" (27:10).

1 കോറി 4:1-5: ക്രിസ്തുവിന്റെ അപ്പസ്തോലന്മാർ വിശ്വസ്തതയുള്ള ദൈവരഹസ്യങ്ങളുടെ കാര്യസ്ഥന്മാരാണ്. അവരെ മുൻവിധിയോടുകൂടി കാണുകയോ വിധി പ്രസ്താവിക്കുകയോ ചെയ്യുന്നവരാകരുത്. ഹൃദയ രഹസ്യങ്ങൾ വെളിപ്പെടുത്തുന്നവനും അന്ധകാരത്തിൽ മറഞ്ഞിരിക്കുന്നതിനെ വെളിച്ചത്തുകൊണ്ടുവരുന്നവനുമായ കർത്താവ് ഓരോരുത്തരേയും പ്രശംസിക്കുക തന്നെ ചെയ്യും.

മത്തായി 6:24-34 : നാളെയെക്കുറിച്ചുള്ള ആകുലത വേണ്ട ഉത്കണ്ഠ വേണ്ട രണ്ട് യജമാനന്മാരെ സേവിക്കുകയും വേണ്ട. ആദ്യം അവിടുത്ത രാജ്യവും നീതിയും അന്വേഷിക്കുക. അതോടൊപ്പം മറ്റുള്ളവയെല്ലാം നിങ്ങൾക്ക് ലഭിക്കും. നിങ്ങൾ വിലപ്പെട്ടവരും അമൂല്യരുമാണ്. ദൈവത്തിന്റെ കാരുണ്യമാകട്ടെ അനന്തവുമാണ്.

ഇടവകയിലെ ഒരു ഭക്തസ്ത്രീ വികാരിയച്ചനെക്കണ്ട് ഒരു സങ്കടം ബോധിപ്പിച്ചു. 'എന്റെ ഭർത്താവ് കുടുംബപ്രാർത്ഥനയിൽ പങ്കെടുക്കുന്നില്ല. ഞായറാഴ്ചകളിലും കടപ്പെട്ട ദിവസങ്ങളിലും കൃത്യമായി ദിവ്യബലിയിൽ പങ്കെടുക്കാറില്ല. എന്നാൽ മറ്റ് ദുശീലങ്ങളൊന്നും തന്നെയില്ല. എല്ലാ ദിവസവും ജോലിക്കുപോകും. അച്ചൻ ഇതിയാനെ ഒരു ജീവിതനവീകരണ ധ്യാനത്തിന് പങ്കെടുക്കാൻ നിർബന്ധിക്കണം. അച്ചൻ പറഞ്ഞാൽ ഇദ്ദേഹം അനുസരിക്കും.' അച്ചന്റെ നിർദ്ദേശപ്രകാരം ചേട്ടൻ ഒരാഴ്ചത്തേക്ക് ധ്യാനത്തിനുപോയി. മടങ്ങിവന്നു. ജപമാല പ്രാർത്ഥനയും തിരുവചന പാരായണവുമായിട്ട് ചേട്ടൻ വീട്ടിൽ കുത്തിയിരിപ്പുതുടങ്ങി. ജോലിക്ക് പോകാതായി. കുടുംബം സാമ്പത്തിക ഞെരുക്കത്തിലായി. വീട്ടമ്മയ്ക്ക് സങ്കടമായി. ജോലിക്ക് പോകാത്തതിന്റെ കാരണമന്വേഷിച്ചപ്പോൾ, അദ്ദേഹം തിരുവചനം പറയാൻ തുടങ്ങി. 'ആകാശത്തിലെ പക്ഷികളെ നോക്കുവിൻ; അവ വിതയ്ക്കുന്നില്ല, കൊയ്യുന്നില്ല, കളപ്പുരയിൽ ശേഖരിക്കുന്നുമില്ല, എങ്കിലും നിങ്ങളുടെ സ്വർഗസ്ഥനായ പിതാവ് അവയെ തീറ്റിപോറ്റുന്നു. അവയേക്കാൾ എത്രയോ വിലപ്പെട്ടവരാണ് നിങ്ങൾ.'

വീണ്ടും വൈദീകൻ ഇടപെട്ടു. അകാശത്തിലെ പക്ഷികൾ എല്ലാദിവസവും ഭക്ഷണം അന്വേഷിക്കുന്നുവെന്നും അവ മടിപിടിച്ചിരിക്കുന്നില്ലെന്നും ബോധ്യപ്പെടുത്തി, ചേട്ടനെ കർമ്മോത്സുകനാക്കി.

ഇന്നത്തെ സുവിശേഷത്തിലെ പ്രധാനപ്പെട്ട ആശയം: 33-ാം വാക്യം ആണെന്നുതോന്നുന്നു. ആദ്യം അവിടുത്തെ രാജ്യവും നീതിയും അന്വേഷിക്കുവിൻ. അതോടൊപ്പം മറ്റുള്ളവ നിങ്ങൾക്ക് ലഭിക്കും.'

യേശുവിന്റെ വരവോടുകൂടി ദൈവരാജ്യം ഭൂമിയിൽ സമാഗതമായി. ദൈവാത്മാവിനെ കൊണ്ടാണ് ഞാൻ പിശാചുക്കളെ പുറത്താക്കുന്നെങ്കിൽ ദൈവരാജ്യം നിങ്ങളിൽ വന്നുകഴിഞ്ഞു (മത്താ. 12/28). ദൈവാത്മാവിൽ നിറഞ്ഞവനായിട്ടാണല്ലോ കർത്താവ് തന്റെ സുവിശേഷം ആരംഭിക്കുന്നതുതന്നെ (മർക്കോ. 1:15) ദൈവരാജ്യം സമീപിച്ചിരിക്കുന്നു. അനുതപിച്ച് സുവിശേഷത്തിൽ വിശ്വസിക്കുവിൻ. ക്രൈസ്തവ മൂല്യങ്ങളെ മുറുകെപിടിച്ചു ജീവിക്കുന്ന ഏതൊരുവനും ക്രിസ്തുവിനോടൊപ്പം ദൈവരാജ്യത്തിലാണ്. ദൈവരാജ്യത്തെക്കുറിച്ച് ലോകാതിർത്തികൾവരെപോയി അന്വേഷിക്കേണ്ട. യേശു പറയുന്നു, 'ദൈവരാജ്യം നിങ്ങളിൽ തന്നെയാണ് (ലൂക്ക.17/21). നമ്മുടെ ജീവിതത്തിലെ വ്യാകുലതകളുടെ ദുഃഖങ്ങളും ഉത്കണ്ഠകളും അവസാനിപ്പിക്കുക. ദൈവരാജ്യം അന്വേഷിക്കുക.

നീതിയുടെ മാനദണ്ഡം എന്ന തലക്കെട്ടിൽ 15-ാം സങ്കീർത്തനം നമ്മെ ഓർമ്മിപ്പിക്കുന്നതും ശ്രദ്ധേയമാണ്. നിഷ്കളങ്കനായി ജീവിക്കുന്നവർ ഹൃദയം തുറന്ന് സത്യം പറയുന്നവർ, പദൂഷണം പറയാത്തവർ, സ്നേഹിതരെ ദ്രോഹിക്കാത്തവർ, അയൽക്കാരനെതിരെ അപവാദം പുലർത്താത്തവർ, ദൈവഭക്തരോട് ആദരവ് കാണിക്കുന്നവർ - ഇക്കൂട്ടരാണ് നീതിപുലർത്തുന്നവർ. യൗസേപ്പിതാവ് നീതിമാനായിരുന്നു. കാരണം ദൈവം തന്നെ ഏല്പിച്ച ദൗത്യം നിശബ്ദമായിട്ട് നിറവേറ്റിയവൻ ആയതിനാൽ അദ്ദേഹത്തെ തിരുവചനം നീതിമാനെന്ന് വിളിക്കുന്നു.

ഓരോ ദിവസവും മക്കളായ നമുക്ക് വേണ്ടത് എന്താണെന്ന് അറിയുന്ന ദൈവം, അവയെല്ലാം നൽകി നമ്മെ സംരക്ഷിച്ചുകൊള്ളും. പെറ്റമ്മ മറന്നാലും മറക്കാത്ത ദൈവം എന്നെ വിധിക്കാത്ത ദൈവം നമ്മോട് ഓർമിപ്പിക്കുന്നു. ശരീരത്തെക്കുറിച്ചോ ജീവനെക്കുറിച്ചോ ഉള്ള ഉത്കണ്ഠമൂലം ജീവിതം പാഴാക്കേണ്ട. എനിക്കായി കരുതലുള്ള കരുണയുടെ ദൈവമാണ് എന്റേത്. അതിനാൽ ഞാൻ വിലപ്പെട്ടവനും അമൂല്യനുമാണ്. ■

ക്രൈസ്തവ മൂല്യങ്ങളെ മുറുകെപിടിച്ചു ജീവിക്കുന്ന ഏതൊരുവനും ക്രിസ്തുവിനോടൊപ്പം ദൈവരാജ്യത്തിലാണ്. ദൈവരാജ്യത്തെക്കുറിച്ച് ലോകാതിർത്തികൾവരെപോയി അന്വേഷിക്കേണ്ട. യേശു പറയുന്നു, 'ദൈവരാജ്യം നിങ്ങളിൽ തന്നെയാണ് (ലൂക്ക.17/21). നമ്മുടെ ജീവിതത്തിലെ വ്യാകുലതകളുടെ ദുഃഖങ്ങളും ഉത്കണ്ഠകളും അവസാനിപ്പിക്കുക. ദൈവരാജ്യം അന്വേഷിക്കുക.

വചനജ്വാല

2017 മാർച്ച് മാസം ബി.സി.സികളിൽ ഉപയോഗിക്കാൻ സാമൂഹ്യ ശുശ്രൂഷ സമിതി തയ്യാറാക്കിയത്

ദൈവാത്മാവിനാൽ നയിക്കപ്പെടുന്നവർ

ഭവനരഹിതർക്ക് ഭവനം പണിയട്ടെ

1. പരിശുദ്ധാത്മാവിന്റെ ഗാനം ബൈബിൾ വന്ദനം

2017-2018 കാലയളവിൽ അതിരൂപതയിൽ പുതിയൊരു നേതൃത്വം വന്നിരിക്കുകയാണ്. പുരോഗതിയുടെ പുരോഹിതന്മാരാണ് ക്രിസ്തീയനേതാക്കൾ. ക്രിസ്തുവാകുന്ന ഏകനേതാവിനെ മാതൃകയാക്കി വൈദീകരോട് ചേർന്ന് നിന്നുകൊണ്ട് ലാഭേച്ഛ ഇല്ലാതെ ധ്യാനപൂർവ്വം സമർപ്പണ മനോഭാവത്തോടെ സഭാഗാത്രത്തെ പണിതുയർത്തി ആത്മീയവും ഭൗതീകവുമായ മുന്നേറ്റം കൈവരിക്കാൻ സാധിക്കട്ടെഎന്ന പ്രാർത്ഥനയോടെ ബൈബിൾ വന്ദനത്തിനായി ഒരുങ്ങാം.

2. സ്വാഗതം: കുടുംബനാഥൻ/ നാഥ

3. ആമുഖം

ഇക്കഴിഞ്ഞ കാരുണ്യ വർഷത്തിൽ ഇടവകകളിലും അതിരൂപതയിലും നിരവധിയായ കാരുണ്യ പ്രവർത്തനങ്ങൾ നടന്നു. ഭവന നിർമ്മാണം, ചികിത്സ സഹായം, പഠന സഹായം, പഠനോപകരണവിതരണം, കാരുണ്യ വൃക്ഷതൈ നടൽ, ചിത്രപ്രദർശന മത്സരങ്ങൾ, കുടുംബ സന്ദർശനം തുടങ്ങിയ നിരവധി സത്പ്രവർത്തനങ്ങൾ അതിരൂപതയിൽ നടന്നത് ശ്ലാഘനീയം തന്നെയാണ്.

ഈ മാസം ഭവന രഹിതരും ഭൂരഹിതരുമായ നമ്മുടെ സഹോദരങ്ങളെക്കുറിച്ച് ചിന്തിക്കുകയാണ്. ആലംബഹീനരും, ഭവനരഹിതരും, സ്വന്തമായി ഭൂമിയില്ലാത്തവരും നമുക്ക് ചുറ്റും ഇപ്പോഴും കഴിയുന്നു എന്ന യാഥാർത്ഥ്യം നാം മനസ്സിലാക്കേണ്ടതായിട്ടുണ്ട്. ഇവർക്ക് സുരക്ഷിതത്വത്തോടെ ജീവിക്കുവാൻ സാഹചര്യമില്ലായെന്ന് മാത്രമല്ല, മുഖ്യധാരയിൽ നിന്നും അകന്നു നിൽക്കുന്നവരായതിനാൽ ലഭിക്കേണ്ട അവകാശങ്ങളും സാമൂഹ്യനീതിയും നിഷേധിക്കപ്പെടുന്നു എന്നതാണ് സത്യം. ഇവരെ മുഖ്യധാരയിൽ കൊണ്ടു വന്ന് അന്തസ്സോടും സുരക്ഷിതത്വത്തോടും ജീവിക്കുവാൻ സാഹചര്യം ഒരുക്കുകയെന്നത് ക്രൈസ്തവ ധർമ്മമാണ്. ഈ ലക്ഷ്യം മുന്നിൽ കണ്ടുകൊണ്ട് തിരുവനന്തപുരം ലത്തീൻ അതിരൂപതാധ്യക്ഷൻ ആർച്ച്ബിഷപ്പ് ഡോ. സൂസപാക്യത്തിന്റെ മെത്രാഭിഷേക രജതജൂബിലി ആഘോഷത്തോടനുബന്ധിച്ച് ഭവനരഹിതർക്കായി പ്രഖ്യാപിച്ച പദ്ധതിയാണല്ലോ "ഭവനം ഒരു സമ്മാനം". ഈ പദ്ധതിയിലൂടെ അതിരൂപതയിലെ ആറായിരത്തോളം വരുന്ന ഭവനരഹിതർക്ക്, സ്വാർത്ഥത വെടിഞ്ഞ്, കരുണയുടെ മനസ്സ് തുറന്ന്, പ്രകാശത്തിന്റെ കിരണങ്ങൾ ചൊരിയുകയാണെങ്കിൽ, "സ്വന്തമായ ഒരു ഭവനം" എന്ന സ്വപ്നം പൂവണിയിക്കുവാൻ സാധിക്കും എന്നതിൽ ഒരു സംശയവുമില്ല. അതിനായി ഒരു മനസ്സോടെ, കൂട്ടു

ത്തരവാദിത്തോടെ, എല്ലാ നന്മകളുടേയും ഉറവിടവും നിറകുടവുമായ കരുണാമയനായ യേശുനാഥനോട് യാചിക്കുകയും പ്രാർത്ഥിക്കുയും ചെയ്യാം.

4. യേശുവിനെ ക്ഷണിക്കൽ

ഈ കാലയളവിൽ തെരെഞ്ഞെടുക്കപ്പെട്ട എല്ലാ ശുശ്രൂഷകരെയും കരുണാമയനായ ക്രിസ്തുവിന്റെ സന്നിധിയിൽ സമർപ്പിക്കുകയാണ്. "എന്തെന്നാൽ, ക്ലേശങ്ങളുടെ തീവ്രമായ പരീക്ഷയിൽ അവരുടെ സന്തോഷാധിക്യവും കൊടിയ ദാരിദ്ര്യവും ഉദാരതയുടെ സമ്പത്തായി കരകവിഞ്ഞൊഴുകി. അവർ തങ്ങളുടെ കഴിവ് അനുസരിച്ചും അതിൽ കവിഞ്ഞും തുറന്ന മനസ്സോടെ ദാനം ചെയ്തെന്ന് സാക്ഷ്യപ്പെടുത്തുവാൻ എനിക്ക് സാധിക്കും." (2 കൊറി. 8: 2-3) എന്ന് പറഞ്ഞ പൗലോസിന്റെ ആത്മഗതം സഫലീകരിക്കുവാൻ എല്ലാ ശുശ്രൂഷാ സമിതികളിന്മേലും ആത്മമാരി നിറച്ച് വിശ്വസ്തരായ ശുശ്രൂഷകരിലൂടെ നല്ല പ്രവർത്തനങ്ങൾ കാഴ്ച വയ്ക്കുവാൻ നമുക്ക് യേശുവിനെ നമ്മുടെ മദ്ധ്യേ ക്ഷണിക്കാം.

5. വചനഗീതി

6. ദൈവവചന പാരായണം
(തോബിത്ത് 4: 6-11)

8. വചനവിചിന്തനം

തോബിത്ത് തന്റെ മകനായ തോബിയാസിന് നൽകുന്ന നിർദ്ദേശവും ഉപദേശവുമാണ് നാം വായിച്ചുകേട്ടത്. ദൈവത്തിന് വിധേയരായി ദൈവരാജ്യത്തെ ആദ്യമായി അന്വേഷിക്കുന്ന എല്ലാവർക്കും പരസ്നേഹപ്രചോദനത്താൽ നീതിയുടെ പ്രവർത്തനങ്ങൾ പരിപൂർണ്ണമാക്കുവാനും സ്വസഹോദരങ്ങളെ ഒന്നടങ്കം സഹായിക്കുവാനുമുള്ള ശക്തവും ശുദ്ധവുമായ സാഹോദര്യം സംലംബ്ധമാകുന്നു എന്നതാണ് ഈ വചനത്തിൽ നിന്ന് നാം മനസ്സിലാക്കേണ്ടത്. കർത്താവിന്റെ വചനങ്ങൾ ശ്രവിക്കുകയും, അതനുസരിച്ച് ജീവിക്കുകയും ചെയ്യുന്ന ഏതൊരാളും സ്നേഹത്തിന്റെയും ദാനധർമ്മത്തിന്റെയും വ്യക്തിയായി ക്രിസ്തുവിൽ പരിണാമപ്പെടും. രഹസ്യങ്ങൾ അറിയുന്ന പിതാവ് അവന്/അവൾക്ക് പ്രതിഫലം നൽകുകയും ചെയ്യുന്നു.

റോമാ:15-ാം അദ്ധ്യായത്തിൽ ക്രിസ്തുവിൽ ബലമുള്ളവരായ നാം ദുർബലരുടെ പോരായ്മകൾ സഹിച്ചുകൊണ്ട് നമ്മെത്തന്നെ പ്രീതിപ്പെടുത്താതെ, അയല്ക്കാരന്റെ നന്മയെ ഉദ്ദേശിച്ച് അവന്റെ ഉത്ക്കർഷത്തിനായി അവരെ പ്രീതിപ്പെടുത്തണമെന്നാണ് ഉദ്ഘോഷിക്കുന്നത്. അങ്ങനെയെങ്കിൽ, നമുക്കുചുറ്റും കഴിയുന്ന സഹോദരരെ സഹായിക്കേണ്ടത് നമ്മുടെ ധർമ്മമാണെന്നു ബോദ്ധ്യപ്പെടും. വി. മാർക്കോസും, വി. ലൂക്കായും എഴുതിയ വിശുദ്ധ സുവിശേഷത്തിൽ ദരിദ്രയായ ഒരു വിധവയെക്കുറിച്ച് പ്രതിപാദിക്കുന്നുണ്ട് (വി.മാർക്ക് 12:42-43, വി. ലൂക്കാ 21:2-3). അവൾ തന്റെ കയ്യിലുണ്ടായിരുന്ന രണ്ടു ചെമ്പു തുട്ടുകളും ഇടുന്നതായി കണ്ട യേശു പറഞ്ഞു: "ദരിദ്രയായ ഈ വിധവ മറ്റെല്ലാവരെയുംകാൾ കൂടുതൽ നിക്ഷേപിച്ചിരിക്കുന്നു എന്നു സത്യമായി ഞാൻ നിങ്ങളോടു പറയുന്നു."മനുഷ്യന്റെ ദാനധർമ്മത്തെ മുദ്രമോതിരത്തെ എന്ന പോലെ കർത്താവ് വിലമതിക്കുന്നു. അവന്റെ കാരുണ്യത്തെ കണ്ണിലെ കൃഷ്ണമണി പോലെ അവിടുന്ന് കരുതുന്നു (പ്രഭാ: 17-22). ഈ വചന ഭാഗങ്ങൾ ഭവനരഹിതരെ ധ്യാനിക്കാനും നമുക്കു ചുറ്റും കഴിയുന്നവരെ സഹായിക്കുവാനായി അതിരൂപതാദ്ധ്യക്ഷനോടൊപ്പം കൈകോർത്ത് സാമൂഹ്യശുശ്രൂഷ സമിതിയുടെ നേതൃത്വത്തിൽ ഭവനരഹിതരുടെ തോരാത്ത കണ്ണുനീരിന് ഒരുത്തരമാകാൻ അണിനിരക്കുവാനുള്ള സന്മനസുണ്ടാകുവാനായി ആത്മാർത്ഥമായി ആഗ്രഹിക്കുകയും, പ്രാർത്ഥിക്കുകയും, ചെയ്യാം. ഹെബ്രായർ 3:6 -ൽ പ്രതിപാദിക്കുന്നതുപോലെ ആത്മധൈര്യവും പ്രത്യാശയിലുള്ള അഭിമാനവും അവസാനം വരെ മുറുകെപ്പിടിച്ചുകൊണ്ട് ആശയറ്റ നമ്മുടെ സഹോദരരെ സഹായിക്കുവാൻ പ്രതിജ്ഞ എടുക്കാം.

9. ദൗത്യം ഏറ്റെടുക്കൽ

1) അർഹതയുള്ള ഭവനരഹിത കുടുംബങ്ങളെ കണ്ടെത്തി ഇടവകയെ അറിയിക്കുക.
2) നമ്മുടെ കുടുംബയൂണിറ്റിലെ ഓരോ കുടുംബവും അവരാൽ കഴിയുന്ന ധനസഹായം "ഭവനം ഒരു സമ്മാനം എന്ന പദ്ധതിക്കായി നൽകുക."
3) ഈ പദ്ധതിയുടെ വിജയത്തിനായി നിരന്തരമായി പ്രാർത്ഥിക്കുക.

10. റിപ്പോർട്ട്
11. ഹാജർ
12. ചർച്ച
13. വിശ്വാസികളുടെ പ്രാർത്ഥന
14. സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ
15. സമാപനഗാനം
16. സ്നേഹവിരുന്ന്
17. നന്ദി

വേർപാടിന്റെ 2-ാം വർഷം

(25.02.2017)

പ്രദീപ് സക്കറിയാസ്

പ്രിൻസി ഭവൻ, പുതിയതുറ.

ജനനം: 18.7.1987
മരണം : 25.2.2015

ആത്മശാന്തിക്കായ് പ്രാർത്ഥനയോടെ കുടുംബാംഗങ്ങൾ

ഇളംതൂവൽ

കുട്ടുകാരെ

ക്ലാസ്സിൽ അനാവശ്യമായി സംസാരിക്കുന്ന ധാരാളം കുട്ടികളെ നിങ്ങൾ കണ്ടിരിക്കും. അവരെ നിങ്ങൾക്ക് ഇഷ്ടമാണോ? ഇല്ല അല്ലേ? കാരണം അമിതമായി സംസാരിക്കുന്നവരെ പൊതുവേ ശല്യക്കാരായി സമൂഹം കരുതുന്നു. അതുകൊണ്ട് തന്നെ നമ്മുടെ സംസാരത്തിൽ നാം മിതത്വം പാലിക്കണം.

മധുരവും ഫലപ്രദവുമായ സംഭാഷണം ജീവിതവിജയത്തിന് ഒഴിവാക്കാനാവാത്ത ഒരു ഘടകമാണ്. മറ്റുള്ളവർക്ക് ഉണർവ്വും പ്രചോദനവും നൽകുന്ന തരത്തിലാകണം നമ്മുടെ സംഭാഷണം. എന്നാൽ അമിത ഭാഷണത്തിന് നാം ഒരിക്കലും അടിമപ്പെടരുത്. "സദാ സംസാരിച്ചുകൊണ്ടിരിക്കുന്നവർ ഒരിക്കലും ചിന്തിക്കുന്നില്ല" എന്നൊരു ചൊല്ലുതന്നെ ഉണ്ടല്ലോ? അമിത ഭാഷണത്തിലൂടെ മറ്റുള്ളവരെ ബോറടിപ്പിക്കുക മാത്രമല്ല, അവരുടെ വെറുപ്പ് സമ്പാദിച്ചെന്നും വരും.

സംഭാഷണം ഒരു കലയാണ്. സംഭാഷണത്തിലെ മഹത്തായ ഒരു കലയാണ് മൗനം. മൗനം പലപ്പോഴും മഹാന്മാർക്ക് ഭൂഷണമാണുതാനും. മൗനം ഭൂഷണമെന്നുകരുതി എപ്പോഴും നിശബ്ദത പാലിക്കുന്നവരെ സമൂഹം ഇഷ്ടപ്പെടില്ല. സംസാരവും, തമാശയും, പൊട്ടിച്ചിരിയും ആർപ്പുവിളിയുമൊക്കെ നമ്മുടെ പ്രസാദാത്മകമായ വളർച്ചയ്ക്ക് ആവശ്യമാണ്. അതിനാൽ മിതമായ സംഭാഷണം, മാന്യമായ വാക്കുകളുടെ ഉപയോഗം, ഹൃദ്യമായ ആശയവിനിമയം ഇവയെല്ലാം കുട്ടിക്കാലം മുതൽ തന്നെ നാം അഭ്യസിക്കേണ്ട മൂല്യങ്ങളാണ്. ജീവിതത്തിൽ മൂല്യങ്ങൾ പ്രകടിപ്പിക്കുന്നവർ എല്ലാവർക്കും സ്വീകാര്യരാണ്. മറ്റുള്ളവർക്ക് സ്വീകാര്യനായ ഒരു വ്യക്തിയാക്കി എന്നെ തീർക്കേണമേ നാം നിത്യവും പ്രാർത്ഥിക്കണം.

- കൊച്ചേച്ചി

എന്റെ അമ്മ

ഉണ്ണിയായി ഞാൻ ഉരുവായത്
മുതൽ ഭൂമിതൻവെട്ടം ഞാൻ
കാണുന്നതുവരെയെന്നെ-
താലോലിച്ചു
അമ്മിഞ്ഞപാലിനോടൊപ്പം
എൻ അമ്മതൻ സ്നേഹവും
പിച്ചവച്ച് നടക്കുമ്പോൾ
താങ്ങായും തണലായും
എൻ അമ്മ മാനസം
വേദനയാൽ പുളയുമ്പോൾ
ആശ്വാസമേകാനും
സന്തോഷനിമിഷങ്ങളെ
കോരിത്തരിപ്പിക്കാനും
എന്നുമെൻ കൂടെയുണ്ട്.
ഓരോ നിമിഷവും എനിക്കായ്
ജീവിക്കും എന്റെ അമ്മ.

ഗ്രീഷ്മ വിൻസെന്റ്
10 A, St. Michles HSS,
Kadinamkulam

കണ്ണാടി അച്ചൻ

അനിഷ്മ തോമസ്

അഹങ്കാരികളോട് ചേർന്നു കൊള്ളമുതൽ പങ്കുവയ്ക്കുന്നതിനേക്കാൾ നല്ലത് വിനീതമായി ദരിദ്രനോടൊപ്പം കഴിയുകയാണ്. *(സുഭാ. 16 - 19)*



ALAN M.SATHOSH
XII.C.S, St.Thomas HSS
Poonthura

ROSHAN
St. Mary's HSS
Vizhinjam

വിശപ്പ് അനുഭവിക്കുന്നവർ ഇല്ലാത്ത ഇന്ത്യ

ഇന്ത്യയിലെ 32 നഗരങ്ങളുടെ പട്ടിണി അകറ്റുന്നതിന് നേതൃത്വം നൽകുന്നതിലൂടെ ഐക്യരാഷ്ട്രസഭയുടെ യംഗ് ലീഡർ പുരസ്കാരം ലഭിച്ച അങ്കിത് കവാത്രിയെപ്പറ്റി നമ്മിൽ പലരും കേട്ടിരിക്കും. അടുത്ത തലമുറ ദാരിദ്ര്യത്തെപ്പറ്റി കേൾക്കേണ്ടത് ചരിത്രപുസ്തകങ്ങളിൽ നിന്നാകണം. വിശപ്പ് അനുഭവിക്കുന്നവർ ഇല്ലാത്ത ഇന്ത്യയാണ് എന്റെ സ്വപ്നം. ഐക്യരാഷ്ട്രസഭയുടെ ജനറൽ അസംബ്ലിയിൽ അങ്കിത് ഇതുപറയുമ്പോൾ നീണ്ട കരഘോഷത്തോടെയാണ് സദസ്, എതിരേറ്റത്. ലോകമെമ്പാടുമുള്ള യുവജനങ്ങളിൽ നിന്ന് ഐക്യരാഷ്ട്രസഭയുടെ യംഗ് ലീഡർ പുരസ്കാരത്തിനായി 2016 ൽ തിരഞ്ഞെടുത്ത 17 പേരിൽ ഒരാളാണ് ഡൽഹി സ്വദേശിയായ അങ്കിത്. 186 രാജ്യങ്ങളിൽ നിന്ന് ലഭിച്ച 1800 നോമിനേഷനുകളിൽ നിന്നാണ് 176 പേരെ തിരഞ്ഞെടുത്തത്. സഹജീവികളുടെ വിശപ്പ് അകറ്റുന്നതിനായി ഉയർന്ന ജോലി പോലും വേണ്ടെന്നുവച്ച ഇദ്ദേഹത്തിന് 30 വയസ്സ് പോലും തികഞ്ഞിട്ടില്ല.

നമ്മൾ പാഴാക്കുന്ന ഭക്ഷണം അനേകർക്കുള്ള അന്നമാണ്. ലോകത്തിന്റെ പട്ടിണി മാറ്റാൻ പുതിയ പദ്ധതികൾ ആവശ്യമില്ല. പാഴാക്കി കളയുന്ന ഭക്ഷണം വിശക്കുന്നവരുടെ അടുത്ത് എത്തിക്കാൻ കഴിഞ്ഞാൽ മതിയെന്നാണ് അങ്കിത് പറയുന്നത്. ലോകത്ത് ഉൽപ്പാദിപ്പിക്കപ്പെടുന്ന ഭക്ഷ്യവസ്തുക്കളിൽ 40 ശതമാനവും പാഴാക്കികളയുകയാണെന്ന് യുഎൻ പുറത്തുവിട്ട കണക്കുകൾ വ്യക്തമാക്കുന്നുണ്ട്. ഇന്ത്യയിൽ 20 കോടി ജനങ്ങൾ വിശന്നൊട്ടിയ വയറുമായിട്ടാണ് ഉറങ്ങുന്നത്. പ്രതിവർഷം 13 ലക്ഷം കുട്ടികൾ പട്ടിണിമൂലം ഇന്ത്യയിൽ മരിക്കുന്നു. ബഹുരാഷ്ട്ര കമ്പനിയുടെ എക്സിക്യൂട്ടീവായി ജോലി ചെയ്തിരുന്ന അങ്കിത് കവാത്രയുടെ മനസ്സിലേക്കും പട്ടിണി കിടക്കുന്ന മനുഷ്യരെപ്പറ്റിയുള്ള ചിന്തകൾ കടന്നുവന്നത് വിഭവസമൃദ്ധമായ സദ്യയുടെ നടുവിൽ വച്ചായിരുന്നു. ഡൽഹിയിലെ പ്രശസ്തനായ ഒരാളുടെ വിവാഹ ചടങ്ങായിരുന്നു രംഗം. ഏകദേശം 10000 പേർ ക്ഷണിക്കപ്പെട്ടിരുന്ന വിവാഹ സൽക്കാരത്തിൽ 35 തരം വിഭവങ്ങളായിരുന്നു ഒരുക്കിയിരുന്നത്. വിഭവങ്ങളുടെ ധാരാളിത്തം കണ്ടപ്പോൾ കാറ്ററിംഗ് കമ്പനിയുടെ ഉടമസ്ഥനെ സമീപിച്ച് മിച്ചം വരുന്നത് എന്തുചെയ്യുമെന്ന് ചോദിച്ചു. വെയ്റ്റ് ബോക്സിൽ ഇടുമെന്ന ഉത്തരവും കിട്ടി. ബാക്കി വെയ്സ്റ്റ് വന്ന വിഭവങ്ങൾ ചുരുങ്ങിയത് 5000 പേർക്ക് സമൃദ്ധമായി കഴിക്കാൻ ഉണ്ടായിരുന്നു. വിശന്നൊട്ടിയ വയറുമായി ഡൽഹിയിലെ തെരുവുകളിൽ അന്തിയുറങ്ങുന്ന മനുഷ്യരെപ്പറ്റി അയാൾ അപ്പോൾ ചിന്തിച്ചു. അന്ന് രാത്രി അങ്കിതിന് ഉറങ്ങാൻ കഴിഞ്ഞില്ല. വെയിസ്റ്റ് ബോക്സുകളിൽ ഉപേക്ഷിക്കുന്ന ഭക്ഷണം വിശക്കുന്നവരിലേക്ക് എത്തിക്കാൻ കഴിഞ്ഞെങ്കിലെന്ന ആലോചനയിലേക്ക് ആ രാത്രി അയാൾ എത്തി.

തന്റെ ആശയം സുഹൃത്തുക്കളുമായി പങ്കുവച്ചു; പിന്തുണയ്ക്കാൻ അധികം ആരുമുണ്ടായിരുന്നില്ല. ഡൽഹിയിലെ കേറ്ററിംഗ് ഏജൻസികളുടെ ഓഫീസുകളിലും ഹോട്ടലുകളിലും കയറി ഇറങ്ങി. ആദ്യം തണുപ്പൻ പ്രതികരണങ്ങളായിരുന്നുവെങ്കിലും കുറേ കഴിഞ്ഞപ്പോൾ സഹകരിക്കാൻ അനേകർ മുന്നോട്ടുവന്നു. തന്റെ ദൗത്യം ബഹുരാഷ്ട്ര കമ്പനിയിലെ ഉദ്യോഗമല്ല, പട്ടിണി കിടക്കുന്നവരുടെ വിശപ്പ് അകറ്റുകയാണെന്ന തിരിച്ചറിവിൽ ജോലി ഉപേക്ഷിച്ചു. 'ഫീഡിംഗ് ഇന്ത്യ' എന്ന സന്നദ്ധസംഘടനയ്ക്ക് രൂപംകൊടുത്തു. ഇന്ത്യയിലെ 32 നഗരങ്ങളിലേക്ക് ഈ പദ്ധതി വ്യാപിപ്പിക്കാൻ അങ്കിതിന് കഴിഞ്ഞു. അനാഥാലയങ്ങൾ വൃദ്ധസദനങ്ങൾ തുടങ്ങി അനേകം സ്ഥാപനങ്ങൾ ദത്തെടുത്തു. പട്ടിണി കിടക്കുന്നവർക്ക് ഭക്ഷണം എത്തിക്കുന്നതോടൊപ്പം സമൂഹത്തെ ഭക്ഷണം പാഴാക്കുന്നതിന് എതിരെ ബോധവൽക്കരിക്കുന്നു. ഭക്ഷ്യവിഭവങ്ങളുടെ അപര്യാപ്തതയല്ല ലോകത്തിൽ പട്ടിണി സൃഷ്ടിക്കുന്നതെന്ന് അങ്കിത് നമ്മെ ഓർമ്മിപ്പിക്കുന്നു.

സെന്റ് തോമസ് ദൈവാലയം

വേളി, തിരുവനന്തപുരം

അത്ഭുതപ്രവർത്തകനായ
വിശുദ്ധ അന്തോനീസിന്റെ

തിരുനാൾ മഹോത്സവം

2017 ഫെബ്രു. 10 മുതൽ 19 വരെ

തിരുനാൾ ദിനം:
ഫെബ്രുവരി 19 ഞായർ വൈകു.6 ന്
ആഘോഷമായ പൊന്തിഫിക്കൽ വി.കുർബാന
മുഖ്യകാർമികൻ:
റൈറ്റ് റവ. ഡോ. ക്രിസ്തുദാസ്.ആർ
തിരുവനന്തപുരം അതിരൂപതാ സഹായ മെത്രാൻ

വേളി സെന്റ് തോമസ് ഇടവകയുടെ ആഭിമുഖ്യത്തിൽ....

വിക്രം സാരാഭായി സ്പെയ്സ് സെന്ററും സാരാഭായി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് & ടെക്നോളജിയും സംയുക്തമായി സംഘടിപ്പിക്കുന്ന

സയൻസ് എക്സിബിഷൻ 2017

ഫെബ്രുവരി 7 മുതൽ 9 വരെ
വേളി സെന്റ് തോമസ് ചർച്ച് ഹാളിൽ

ഫെബ്രുവരി 7 രാവിലെ 11 ന്

ഉദ്ഘാടനം
മോസ്റ്റ് റവ. ഡോ. എം. സൂസപാക്യം
തിരുവനന്തപുരം അതിരൂപത
മെത്രാപ്പൊലീത്ത

വി. മദർ തെരേസ എക്സിബിഷൻ 2017

ഫെബ്രു. 16 മുതൽ 18 വരെ
വേളി സെന്റ് തോമസ് ചർച്ച് ഹാളിൽ
ഉദ്ഘാടനം ഫെബ്രുവരി. 16 ന് വൈകിട്ട 7.30 ന്
കർദ്ദിനാൾ മാർ ബസേലിയോസ്
ക്ലീമിസ് കാതോലിക്ക ബാവ

വി. മദർ തെരേസ ഫിലിം ഫെസ്റ്റിവൽ

ഫെബ്രു.15 വൈകു. 7.30 ന്
ഉദ്ഘാടനം : **ഗബ്രിയേൽ മാർ ഗ്രിഗരിയോസ്**
മെത്രാപ്പൊലീത്ത

Total Page 44 Pub. Date : 01.02.2017
RNI Registered NO. 36056/81 REG NO. KL/TV(S)266/2015-2017. WPP NO. KL/TV(S)WPP/171/2015-17 JEEVANUM VELICHAVUM Rs. 25.00

Printed and Published by Fr. Eugine H. Pereira the Archdiocese of Trivandrum, Printed at Sterling Print House 9847900555, for Jeevajyothi Offset Press, Vellayambalam, TVM - 695003. Phone: 0471-2311620. Published at Trivandrum, Animation Centre, Vellayambalam-695003. Editor: Fr. Melkon.